Reg. No. C. 101, M. 2293

ഒററപ്രതിക്കു രണ്ടണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കയില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 വൃശ്ചികം 27 | ലക്കം 17

## തിരുപ്പിറപ്പ്

(എം. എ. ചാക്കോ, ബി. എ.)

മാനവാനപായത്തിന്നു് ആനന്ദസന്ദായകമായ യേശുമഹേശന്റെ അവതാരമുഹൂർത്തം! മാതാപിതാക്കന്മാരെയും യുവതീയുവാക്കന്മാരെയും, എന്തിനു, പ്രകൃതിയെതന്നെയും ശാന്തിയുടെയും പ്രേമത്തിന്റെയും, രോമാഞ്ചകഞ്ചുകം അണിയിക്കുന്ന മഹാസംഭവം!! നൂററാണ്ടുകൾ പലതും പരിവർത്തനപരമ്പരകൾക്കു സാക്ഷ്യംവഹിച്ചുകൊണ്ടു് ഭൂതകാലയവനികയ്ക്കു പിന്നിൽ മറഞ്ഞെങ്കിലും ദിവ്യാവതാരസന്ദേശം ഇന്നും എന്നും അഭിനവവും അഭൗമവുമായി പരിലസിക്കുന്നു. എന്നാൽ ഏതു പ്രകാശപൂരത്തിനും മുമ്പുണ്ടു് അന്ധകാരത്തിന്റെ ഒരു വേലിയേററം; ഏതു സന്തോഷത്തിനും മുമ്പുണ്ടു് കഷ്ടപ്പാടുകളുടെ ഒരരങ്ങേററം; ഏതു പ്രശാന്തതയ്ക്കും മുമ്പുണ്ടു് കൊടുംകാററിന്റെ ഒരു കോളിളക്കം. തിരുപ്പിറപ്പിനുമുമ്പു് യൗസേപ്പും മറിയവും വാചാമഗോചരമായ യാതനാവാഹിനിയിൽക്കൂടി നീന്തി വലഞ്ഞു. അനന്യസഹായരായി പരസ്പരം സമാശ്വസിപ്പിച്ചുകൊണ്ടു് ബെത്‌ലഹമിലേക്കു് ത്വരിതപ്രയാണം ചെയ്യുന്ന യൗസേപ്പിനെയും പൂർണ്ണഗർഭിണിയായ മറിയത്തെയും നമുക്കു ഒന്നനുധാവനംചെയ്യാം.

വയോധികനായ യൗസേപ്പിനും, ഉപരി ഗർഭഭാരക്ലാന്തയായ മറിയത്തിനും ക്ലേശകരമായിരുന്നു ആ നെട്ടനെടുങ്കൻയാത്ര. ആ പ്രദേശങ്ങളിലെ പരിഷ്കാരം എത്തിനോക്കാത്ത പാതകൾ സഞ്ചാരത്തിന്നു് സുഖകരമായിരുന്നില്ല. ഒട്ടകങ്ങളും കഴുതകളുംകൂടി കഷ്ടിച്ചാണു് അതിലേ പോകുന്നതു്. യാത്രക്കാരുടെ ബാഹുല്യമോ ബഹളമോ ഒന്നും പറയാനില്ല. കാനേഷുമാരിക്കണക്കെടുക്കാൻ ത്വരയോടെ പോകുന്ന ജനസംഘത്തിനു കണക്കില്ല; അതിനിടയ്ക്കു് ഒട്ടകങ്ങളും കഴുതകളും ഒട്ടനവധി. നമ്മുടെ പാന്ഥദ്വയത്തിനു് അത്യാവശ്യമായ "കെട്ടുംകെട്ടു"മായ ചുമക്കാൻ ഒരു കഴുത ഉണ്ടായിരുന്നിരിക്കണം അങ്ങേയററം. ഒട്ടകങ്ങളുടെ മുമ്പിലായോ യാത്രാസംഘത്തിനു പിന്നിലായോ കഴുതകൾ പോകുന്നതു് ഇന്നും പലസ്തീനായിൽ കാണാം. ഇടയ്ക്കുള്ള മൂന്നു നല്ല താവളങ്ങളിൽ, ചിലപ്പോൾ ബന്ധുഗൃഹങ്ങളിലോ, പലപ്പോഴും സത്രങ്ങളിലോ ആയിരിക്കും പ്രയാണികന്മാർ വിശ്രമിക്കുക. ഒട്ടകങ്ങളോടൊപ്പം മനുഷ്യരും വെറുംതറയിൽ ശയിക്കുന്നു. അല്ലാതെന്തു ചെയ്യും!

അവർ ബെത്‌ലഹമിൽ എത്തിയപ്പോഴത്തെ തിക്കുംതിരക്കും വിളിയും കൂട്ടവും പറയാനില്ല. വീടുകളും സത്രങ്ങളും നിറഞ്ഞുകവിഞ്ഞു, മനുഷ്യപാരാവാരം! സാമാന്യം വലുപ്പമുള്ളതും ഒരു ഭാഗത്തുമാത്രം പ്രവേശനദ്വാരമുള്ളതും ഉയർന്ന ഭിത്തികളാൽ ചുററപ്പെട്ടതുമാണു് അന്നത്തെ സത്രം. ചുററുമുള്ള വരാന്തകൾ തട്ടികകൊണ്ടു പല ചെറുമുറികളായി തിരിച്ചിരുന്നു.

സ്ഥലമുള്ളേടത്തോളം ആളുകൾ അകത്തു കിടക്കും; ബാക്കിയുള്ളവർ പുറത്തും, അരികിൽ മൃഗങ്ങളും. വരാന്തയിലെ ചെറുമുറികൾ, പണക്കാർക്കായി പ്രത്യേകം സംവരണംചെയ്തിരുന്നു. ആകെപ്പാടെ ഒരു വലിയ പിരളി; ചിലർ പാടിത്തകർത്തും, ചിലർ വെടിപറഞ്ഞും, ഇനിയും ചിലർ പ്രാർത്ഥിച്ചും, മററുചിലർ കച്ചവടക്കരാറുകളും വിലപേശലുകളും നടത്തിയും അങ്ങനെ രാത്രി കഴിച്ചുകൂട്ടുന്നു ഇതൊന്നും അറിയാതെ കൂക്കിവലിച്ചുറങ്ങുന്ന ചില കുംഭകർണ്ണന്മാർ. ഇതിനിടയിൽ ഒററത്തു് പോക്കററടിയോ, കുത്തോ, വെട്ടോ, കൊലയോ എന്തുനടന്നാലും ആരറിയാം

അന്തരപ്പിച്ചിട്ടുണ്ടു്? ഇതു് ഒരു ക്ലിഷ്ട വ്യാഖ്യാനമെന്നു് തോന്നിയേക്കാം; പക്ഷേ അങ്ങനെയല്ല. യൗസേപ്പ് കേവലം അപരിചിതനല്ലായിരുന്നു പലസ്തീനായിൽ; ഒരു സ്നേഹിതന്റെയോ ബന്ധുവിന്റെയോ വീട്ടു് അദ്ദേഹത്തിനു



നാണു്? "അടിയുംവാരു"മില്ലാതെ കിടന്നിരുന്ന ആ താവളങ്ങൾ മാലിന്യത്തിന്റെ സന്തതസങ്കേതമായിരുന്നു. പലസ്തീനായിലെ, തെണ്ടിവർഗ്ഗങ്ങളുടെ പാളയങ്ങൾ ഇന്നും ഇങ്ങനെതന്നെയാണു്.

മറിയവും യൗസേപ്പും ബെത്‌ലഹമിൽ എത്തിയപ്പോൾ "സത്രത്തിൽ അവർക്കു് ഇടമില്ലായിരുന്നു"വെന്നു് സുവിശേഷകനായ ലൂക്കാ രേഖപ്പെടുത്തിയിരിക്കുന്നു ഏതദ്വാക്യത്തിൽ അവർക്കു് എന്നു പ്രയോഗിച്ചിരിക്കുന്നതു് മനഃപൂർവ്വമാകുന്നു; യാദൃച്ഛികമല്ല. സത്രത്തിൽ ഇടമില്ലായിരുന്നു എന്നുമാത്രം പറയാതെ അവർക്കു് എന്നു എടുത്തുപറഞ്ഞിരിക്കുന്നതിൽ മറിയം ആസന്നപ്രസവയായി എന്നുള്ള സൂചന പരോക്ഷമായി

കിട്ടുമായിരുന്നു, വേണമെങ്കിൽ. പക്ഷേ മറിയത്തിന്റെ പ്രസവത്തിനുംമററും ഒട്ടും പററിയതല്ല അന്നത്തെ വീടുകൾ. സത്രത്തിലെപ്പോലെ ആൾക്കൂട്ടവും ബഹളവുമായിരുന്നു വീടുകളിലും. മിക്കവാറും ഒരുമുറി ആയിട്ടായിരുന്നു അവിടത്തെ വീടുകളെല്ലാംതന്നെ. അങ്ങനെയുള്ള ഒരു വീട്ടിയിൽ എങ്ങനെയാണു് ആസന്നപ്രസവയായ ഒരു സ്ത്രീ കഴിച്ചുകൂട്ടുക! ഗർഭം ഏറെക്കുറെ പൂർണ്ണമായ ആ മഹിളയ്ക്കു് ഒതുക്കമുള്ള ഒഴിവായതും ആയ ഒരു മുറിയാണാവശ്യം. അതാണു് അവർക്കു് സത്രങ്ങളിൽ ഇടമില്ലായിരുന്നുവെന്നു് ലൂക്കാ എടുത്തുപറഞ്ഞിരിക്കുന്നതു്.

"അവർ അവിടെ ആയിരുന്നപ്പോൾ അവളുടെ പ്രസവദിനങ്ങൾ സമാഗതമായി. അവൾ തന്റെ ആദ്യജാതനെ പ്രസവിക്കുകയും അവനെ പിള്ളക്കച്ചകൾകൊണ്ടു പൊതിയുകയും പുൽക്കൂട്ടിൽ കിടത്തുകയും ചെയ്തു" പുൽക്കൂടെന്നാണു് പ്രസ്താവമെങ്കിലും അന്നത്തെ സ്ഥിതി അനുസരിക്കുമ്പോൾ ഒരു കുന്നിന്റെ ചരിവിൽ വെട്ടിത്തുറന്നിരുന്ന ഒരു ഗുഹ (കല്ലുവെട്ടാംകുഴി പോലെ) യാണെന്നു് വിചാരിക്കേണ്ടിയിരിക്കുന്നു. തൊഴുത്തിനായി ഉപയോഗിക്കുന്ന അത്തരം ഗുഹാലയങ്ങൾ പലസ്തീനായിൽ ഇന്നും കാണാവുന്നതാണു്. യൗസേപ്പിനും മറിയത്തിനും സ്വാഗതമരുളിയ ആ കല്ലുമടയുടെ ഒരു പാർശ്വത്തിൽ ആടുമാടുകളും ഉണ്ടായിരുന്നിരിക്കാം മിക്കവാറും. അതുകൊണ്ടു് തൊഴുത്തെന്നും പുൽക്കൂടെന്നും ഉള്ള പരാമർശം തികച്ചും സംഗതംതന്നെ. ഏതായാലും അതു് ഗ്രാമത്തിൽനിന്നും അല്പം വിട്ടുമാറിയതും ഏകാന്തവും ആയിരുന്നു.

നമ്മുടെ അഭാഗിനന്മാർ പ്രസ്തുത ഗുഹാലയം തിരഞ്ഞെടുത്തതിന്റെ ഔചിത്യം സ്വയം വിശദമാണല്ലോ. കാനേഷുമാരിക്കണക്കെടുക്കലും പ്രസവവും കഴിയുന്നതുവരെ അവിടെത്തന്നെ പാർക്കാമെന്നു് അവർ തീരുമാനിച്ചു ആ ഗുഹയുടെ ഒരു ഭാഗം വെടിപ്പാക്കി അത്യാവശ്യസജ്ജീകരണങ്ങൾ യൗസേപ്പുതന്നെ ചെയ്തുകാണും. വയ്ക്കോൽകൊണ്ടുള്ള ഒരു കിടക്കയും ഒരുപക്ഷേ തയ്യാറാക്കിയിരിക്കാം. കൊണ്ടുവന്നിരുന്ന തീററസാധനങ്ങളും ഭിത്തിയോടുചേർത്തു് പുൽക്കൂട്ടിൽ അടുക്കിയൊതുക്കിവച്ചിരിക്കും. ഏകാന്തതയ്ക്കു ഭംഗം വരാതെ അവിടെ കുറെനാൾ കഴിഞ്ഞുകൂടാമെന്നു വിചാരിച്ചിരുന്ന ആ "സാധുക്കൾ" കൂടുതൽ സൗകര്യങ്ങൾ ആഗ്രഹിച്ചിരിക്കയില്ല.

തിരുപ്പിറപ്പു് ഒരു പുൽക്കൂട്ടിലാകാനുള്ള കാരണങ്ങൾ ദാരിദ്ര്യവും ശുദ്ധതയും ആയിരുന്നു—തച്ചുപണികൊണ്ടു് അഷ്ടികഴിഞ്ഞിരുന്ന അപ്പന്റെ ദാരിദ്ര്യവും വിശുദ്ധിതന്നെയായിരുന്ന ഉണ്ണിയേശുവിനെ തിരുവുദരത്തിൽ വഹിച്ചിരുന്ന അമ്മയുടെ ശുദ്ധതയും. യേശുപിറന്ന തൊഴുത്തിനെപ്പററി ബൈബിളിലേതല്ലാതെ, പ്രാമാണികസാക്ഷ്യങ്ങൾ സുലഭമാകുന്നു. രണ്ടാം ശതാബ്ദത്തിൽ, പലസ്തീനായിൽ ജീവിച്ചിരുന്ന രക്തസാക്ഷി ജസ്റ്റിൻ പറയുന്നു: "ഇങ്ങനെ ആ ശിശു ബെത്‌ലഹമിൽ ജാതനായി. യൗസേപ്പിനു ആ ഗ്രാമത്തിൽ ഒരു വീടുകിട്ടാഞ്ഞതിനാൽ അദ്ദേഹം ഗ്രാമപരിസരങ്ങളിലുള്ള ഒരു ഗുഹയിൽ താമസിച്ചു അവർ അവിടെ ആയിരിക്കവേ, മറിയം, ക്രിസ്തുവിനെ തിരുവയറൊഴിയുകയും പുൽക്കൂട്ടിൽ കിടത്തുകയും ചെയ്തു" ഗുഹയെയും പുൽക്കൂടിനെയും പററി അന്നു് പ്രചാരമായിരുന്ന ഒരു ഐതിഹ്യം, മൂന്നാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന ഒരിജെൻ രേഖപ്പെടുത്തിയിട്ടുണ്ടു്. അതിനെ ആസ്പദമാക്കി കോൺസ്റ്റന്റയിൻ 325-ൽ തൊഴുത്തിന്റെ സ്ഥാനത്തു് മനോഹരമായ ഒരു ബസിലിക്കാ പണികഴിപ്പിച്ചു. 614-ൽ പേർഷ്യൻ ആക്രമണകാരികൾ ആ ദേവാലയത്തെ "തൊട്ടി"ല്ല. ഇന്നും അതു് അഭംഗം വിരാജിക്കുന്നു.

മറിയത്തിന്റെ പ്രസവത്തിനു് സാ

(ശേഷം 12-ാം പേജിൽ)

# "സ്വർഗ്ഗം പ്രതിഫലമായുള്ള" ആ പ്രവർത്തനം

(ഡേവിഡ് മഹാപിള്ള)

സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ സർവ്വപ്രധാനമായ പ്രവർത്തനം സാധുസന്ദർശനമാണല്ലോ. തൽസംബന്ധമായി ഇതിന്റെ സ്ഥാപകൻ, ജനറൽ കൗൺസിൽ പ്രസിഡന്റുമാർ എന്നിവരുടെ സർക്കുലറുകളിലെ ചില ഭാഗങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

സഖ്യത്തിന്റെ സ്ഥാപകനായ ഫ്രെഡറിക്ക് ഓസ്സാനാം ലിയോൺസിലെ കോൺഫറൻസ് പ്രസിഡന്റായിരുന്നപ്പോൾ പാരീസിലെ കോൺഫറൻസിലേക്ക് 1838 ഏപ്രിൽ 27-ാനു അയച്ച കത്തിൽനിന്ന്:—

"........ഞങ്ങൾ ഇപ്പോൾ എൺപതു കുടുംബങ്ങളെ സന്ദർശിച്ചു സഹായിച്ചുവരുന്നു. കൂടുതൽ കുടുംബങ്ങളെ എടുക്കുവാൻ പണത്തിന്റെ കുറവു ഞങ്ങളെ അനുവദിക്കുന്നില്ല. ഈ സഹായത്തിന്റെ പ്രധാനോദ്ദേശം നമ്മുടെ ധാർമ്മികമായ സ്വാധീനം ശക്തിപ്പെടുത്തുവാനാണല്ലോ. സാധുകുടുംബങ്ങളിലെ ക്രമക്കേടുകൾ നേരെയാക്കുകയാണ് നമ്മുടെ പ്രധാന ചുമതല. കുട്ടികളെ നല്ലവഴിയെ വളർത്തുന്നതിനും, അവർക്കു വേല ഉണ്ടാക്കിക്കൊടുക്കുന്നതിനും, കുടുംബാംഗങ്ങളെ ദുഃഖത്തിൽ ആശ്വസിപ്പിക്കുന്നതിനും, സർവ്വോപരി തിന്മകളിൽനിന്നു രക്ഷിക്കുന്നതിനും നാം ചുമതലപ്പെട്ടിരിക്കുന്നു.

"ഇതെല്ലാം വൻകാര്യങ്ങളാണ്. എങ്കിലും ഇതിന്റെ അഭിവൃദ്ധി അത്ര അനുഭവഗോചരമായിരിക്കുകയില്ല. ആണ്ടുകുമ്പസാരമില്ലാതിരുന്ന ചിലർ ഈസ്റ്റർദിനങ്ങളിൽ കുമ്പസാരിക്കുന്നതിനു ഞങ്ങളിടയാക്കി. എന്നാൽ ഇവിടെയുള്ള ആളുകളുടെ ക്രിസ്തീയജീവിതത്തകർച്ചമൂലം ഇവ്വിധ പ്രവർത്തനങ്ങൾക്കു ചുരുക്കം അവസരമേ ഞങ്ങൾക്കു ലഭിക്കുന്നുള്ളൂ: അവർക്കെല്ലാം വിശ്വാസമുണ്ടു; പക്ഷേ ജീവനില്ലാത്തതാണ്. അവർ മതാനുഷ്ഠാനങ്ങൾ (ഭക്തകൃത്യങ്ങൾ) മുറയ്ക്കു നിർവ്വഹിക്കുന്നു; എങ്കിലും അധികവും കാര്യവും കാതലും ശരിയായി ഗ്രഹിക്കാതെയാണ്. ഈ അന്ധകാരാവസ്ഥയെ പ്രകാശം നല്കി ദൂരീകരിക്കണം; ഈ നിർജ്ജീവാവസ്ഥയെ ഉണർത്തണം. മതപരിവർത്തനത്തെക്കാൾ ആത്മീയാഭിവൃദ്ധി സാധിക്കുകയാണ് ഏററം ആവശ്യമായിട്ടുള്ളതു്. എണ്ണത്തിൽ നമുക്കു കുറവില്ല. അവരെ പുണ്യവഴികളിലേക്കു തിരിക്കേണ്ടിയിരിക്കുന്നു. പക്ഷേ, ഒരുവനു പുണ്യമില്ലെങ്കിൽ മററുള്ളവരെ പുണ്യവാന്മാരാക്കുന്നതെങ്ങനെ? ധൈര്യവും സഹനശക്തിയുമില്ലാത്തവർ ദുരിതപ്പെടുന്നവർക്ക് അതുപദേശിച്ചു ഫലപ്രദമാക്കുന്നതെങ്ങനെ? അവനവനിൽത്തന്നെ വീഴ്ചകളിരിക്കെ അതേകുറവുകൾക്കു അന്യരെ ശാസിക്കുന്നതെങ്ങനെ? അതാ, സഹോദരരേ, ഇവിടെയാണു നമ്മുടെ പ്രധാന വിഷമം! ഇതുകൊണ്ടാണു മിക്കപ്പോഴും നാം ഹൃദയചാഞ്ചല്യമുള്ളവരും മൗനാവലംബികളുമാകുന്നതു!! "ക്രിസ്തുനാഥന്റെ സാധുക്കൾ നമ്മുടെ അധികാരികളും നാഥന്മാരുമാണ്; നമ്മുടെ നിസ്സാരസേവനങ്ങൾ അവർക്കു ചെയ്തുകൊടുക്കുവാൻ നാം യോഗ്യരല്ല" എന്നുള്ള വിൻസെന്റു ഡി പോൾ പുണ്യവാന്റെ വാക്കുകൾ ഈദൃശഘട്ടങ്ങളിലാണു നാം സ്വയം സമ്മതിക്കേണ്ടിവരുന്നതു്." (ഫ്രെഡറിക് ഓസ്സാനാം).

* * *

സെന്റ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ പ്രാരംഭയോഗം ചേർന്നതു ബെയിലി എന്ന പത്രാധിപരുടെ അദ്ധ്യക്ഷതയിലാണ്. തുടർന്നു പത്തുവർഷക്കാലം ജനറൽ പ്രസിഡന്റുസ്ഥാനം വഹിച്ച് ഇദ്ദേഹം സഖ്യത്തെ വിജയപൂർവ്വം നയിച്ചു. ഇദ്ദേഹത്തിന്റെ നിർദ്ദേശങ്ങളനുസരിച്ചു ഓസ്സാനാം പാകിയ ആ കടുകുമണി, ഈ വൃദ്ധന്റെ കരപരിചരണങ്ങളേററു, മുളച്ചു തഴച്ചു വളർന്നു, ശാഖോപശാഖകളായി പല രാജ്യങ്ങളിലും വ്യാപിച്ചു. സ്വന്തം ജീവിതമാർഗ്ഗങ്ങൾകൂടി നോക്കേണ്ടിയിരുന്ന ഇദ്ദേഹം, ആരോഗ്യം ക്ഷയിച്ചതുമൂലം പ്രസിഡന്റിന്റെ ചുമതലകൾ പൂർണ്ണമായി നിർവ്വഹിക്കുവാൻ കഴിവില്ലെന്നുള്ള വിചാരത്താൽ തൽസ്ഥാനം രാജിവച്ചു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ പൂർണ്ണവിശ്വാസമുണ്ടായിരുന്ന സഹപ്രവർത്തകരുടെ നിർബന്ധത്തെ, ചുമതലാബോധത്തിന്റെയും മനസ്സാക്ഷിയുടെയും പ്രേരണയാൽ വൈമനസ്യപൂർവ്വം തിരസ്കരിച്ച് ഇദ്ദേഹം ആ ഉന്നതസ്ഥാനം രാജിവയ്ക്കുകയാണുണ്ടായതു്. തങ്ങളുടെ ചുമതലകൾ നിർവ്വഹിക്കാതെ കോൺഫറൻസുകളെ മിനക്കെടുത്തുകയും അധഃപതിപ്പിക്കുകയും ചെയ്യുന്ന നമ്മുടെ ചില പ്രസിഡന്റ്, സിക്രട്ടറി എന്നീ ഭാരവാഹികൾക്ക് ഈ മഹനീയമാതൃക പ്രേരണയും പ്രചോദനവും നല്കിയിരുന്നെങ്കിൽ—!

ഇദ്ദേഹത്തിന്റെ സർക്കുലറുകളിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:—

"........സാധുക്കളെ അവരുടെ ഗൃഹങ്ങളിൽ പോയി സന്ദർശിക്കുവാൻ ഉപേക്ഷ വിചാരിക്കരുതു്. സാധുക്കളെ കഷ്ടതനിറഞ്ഞ അവരുടെ വസതികളിൽ ചെന്നു സന്ദർശിക്കുക എന്നതു സെന്റ് വിൻസെന്റു ഡി പോൾ സഖ്യത്തിന്റെ പ്രത്യേകതയാണ്. ഓരോ കോൺഫറൻസു പ്രസിഡന്റും തന്റെ കോൺഫറൻസിൽനിന്നു സഹായിക്കുന്ന സാധുക്കളുടെ ഗൃഹങ്ങളിൽ നേരിട്ടു പോയി സന്ദർശിക്കണമെന്നു ജനറൽ കൗൺസിൽ ഉപദേശിച്ചിട്ടുണ്ടു......... അതുകൊണ്ടു സങ്കോചമെന്യേ ദാരിദ്ര്യവും മലിനതയും കുടികൊള്ളുന്ന ആ വീടുകളിൽ നമുക്കു പ്രവേശിക്കാം. അവിടെ പ്രവേശിച്ചാൽമാത്രം പോരാ. അവർ തരുന്ന ഒടിഞ്ഞതോ മുഷിഞ്ഞതോ ആയ ഇരിപ്പിടങ്ങളിൽത്തന്നെ സന്തോഷസമേതം ആസനസ്ഥരായി സഹൃദയപൂർവ്വം അവരുമായി സംഭാഷണത്തിലേർപ്പെടണം. അപ്പോൾ അവർക്കു നമ്മിൽ വിശ്വാസം ജനിക്കുകയും അവരുടെ ഹൃദയം നമുക്കു തുറന്നു കാട്ടിത്തരികയും ചെയ്യും. അനന്തരം അവരുടെ ദുരിതങ്ങളേയും ആശകളേയും ഒരുപക്ഷേ അവരുടെ ദുർവൃത്തികളേയുംപററി നമുക്കന്വേഷിച്ചറിയാം. ഇങ്ങനെ അവർക്കു എന്തുപദേശങ്ങളും സഹായങ്ങളും ചെയ്യണമെന്നു നമുക്കു ഗ്രഹിക്കാം; അവരെ നല്ലകാര്യങ്ങൾക്കു പ്രേരിപ്പിക്കുകയും ചെയ്യാം..............ഇവ്വിധ കാരുണ്യപ്രവൃത്തികൾക്കു പ്രതിഫലമായി ദൈവം നമുക്കു എന്തെല്ലാം അനുഗ്രഹങ്ങൾ പ്രദാനംചെയ്യുമെന്ന് ആർക്ക് എങ്ങനെ അറിയുവാൻ കഴിയും? ചെറുപ്പക്കാർ തങ്ങളുടെ ജീവിതത്തെ ഇപ്രകാരം സ്വയം ബഹുമാനിക്കട്ടെ. ഇങ്ങനെയുള്ളവരോടു ഞാൻ ഉറപ്പായി പറയുന്നു, ദൈവം അവരുടെ ജീവിതത്തിനു വിജയമുടി ചാർത്തുമെന്ന്. ഇതിലേക്കു നമുക്ക് അവിടത്തെ വാഗ്ദാനമുണ്ട്. അവിടുന്നു ആരേയും ഒരിക്കലും വഞ്ചിക്കുകയില്ല."

............"

(14th. July 1841. M. Baily)

"ഈ സഖ്യത്തിന്റെ അടിസ്ഥാനം, അതേ സഖ്യത്തിന്റെ സത്തതന്നെ, സാധുക്കളെ അവരുടെ ഇരുളടഞ്ഞ വസതികളിൽ ചെന്നു സന്ദർശിക്കുകയാണ്. അവരുടെ കീറിപ്പറിഞ്ഞു മലിനതരമായ വസ്ത്രങ്ങളോടുകൂടി, അവരുടെ കഷ്ടതയും നൈരാശ്യവും സങ്കടവും നിറഞ്ഞ അവസ്ഥയിൽ സാധുക്കളെ നാം സന്ദർശിക്കണം. ഈദൃശ കാഴ്ചകൾ നമുക്കു പലപല പാഠങ്ങൾ തരും. അവരിൽ അനുകമ്പയുളവാക്കും. നമ്മുടെ ആദ്ധ്യാത്മികാഭിവൃദ്ധിക്കു സഹായിക്കും. സ്വന്തം വിഷമതകളിൽ ആശ്വാസത്തിനും സമാധാനത്തിനും വഴി നല്കും. സർവ്വോപരി, നമ്മുടെ സന്ദർശനവും അവരോടു കാണിക്കുന്ന താല്പര്യവും മൂലം ആ കുടുംബത്തിന്റെമേൽ ധാർമ്മികമായ ഒരു സ്വാധീനം നമുക്കു ലഭിക്കുകയും ചെയ്യും......

"നമുക്കു ഒന്നുകൂടി ഉൽകൃഷ്ടമായി ചിന്തിക്കാം. സാധുക്കൾ ക്രിസ്തുവിന്റെ സ്നേഹിതരാണ്; അവർ ക്രിസ്തുവിന്റെ ആളുകളാണ്; അവർ ക്രിസ്തുതന്നെയാണ്. അവർക്കു ചെയ്യുന്നതൊക്കെയും തനിക്കുതന്നെ ചെയ്തതായി ക്രിസ്തുനാഥൻ കരുതുന്നു. ആരെങ്കിലും ഒരു സാധുവിനോടു സംസാരിക്കുമ്പോൾ ക്രിസ്തുനാഥനോടുതന്നെയാണു സംസാരിക്കുന്നതെന്നും, അയാൾക്കു ദാനം (സഹായം) നല്കുമ്പോൾ അതു ആ ദിവ്യനാഥനെ നേരിട്ടു സേവിക്കുകയാണെന്നും ഉറപ്പായി കരുതിക്കൊള്ളണം, എന്നത്രെ വിൻസെന്റു ഡി പോൾ പുണ്യവാന്റെ മതം. ബെത്‌ലഹേമിലെ കാലിക്കൂട്ടിൽ ദിവ്യ ഉണ്ണിയെ സന്ദർശിക്കുവാനിടയായ ആ ഇടയന്മാരുടെ ഭാഗ്യത്തെപ്പററി അസൂയപ്പെടാത്തവരാരാണുള്ളതു? അതേ, ആ ഭാഗ്യം, ആ ആനന്ദം, തന്നെയാണു യഥാർത്ഥമായ വിശ്വാസത്തോടെ സാധുക്കളെ അവരുടെ ഗൃഹങ്ങളിൽ, അവരുടെ കുടിലുകളിൽ അതേ അവരുടെ തൊഴുത്തുകളിൽ സന്ദർശിക്കുമ്പോൾ നമുക്കുമുണ്ടാകുന്നതു്. ഭാഗ്യവാന്മാരായ ആ ഇടയന്മാരെപ്പോലെ നമുക്കു ഈ പാവനകൃത്യം നിർവ്വഹിക്കാം; ആ സാധുക്കളുടെ വിടുതികളിലേക്കു, സാധുക്കളിൽക്കൂടി ഉണ്ണിയീശോ കഷ്ടതയനുഭവിക്കുന്ന ആ ചെററക്കുടിലുകളിലേക്കു നമുക്കു ഓടിയെത്താം. ആ കുടിലുകളെ ആദരവോടും സ്നേഹത്തോടുംകൂടി നമുക്കു സമീപിക്കാം; ഈ ഭാഗ്യം മററാർക്കും വിട്ടുകൊടുക്കാതിരിക്കാം. ദിവ്യ ഉണ്ണിയുടെ പിറവിദിനം ഏതാനും സാധു ഇടയന്മാർക്കു നല്കപ്പെട്ട ആ മഹാനുഗ്രഹത്തിനുതന്നെയാണു നാം, സാധുക്കളെ സന്ദർശിച്ചു അതിന്റെ ഫലങ്ങൾ അനുഭവിക്കുന്ന സെന്റ് വിൻസെന്റ് ഡി പോൾ സഖ്യാംഗങ്ങൾ, വിളിക്കപ്പെട്ടിരിക്കുന്നതു്. ഇത്ര മഹത്തായ ആ മഹാഭാഗ്യം നിസ്സാരമാക്കരുതു്. തികച്ചും പ്രയോജനകരവും പാവനതരവുമായ—സ്വർഗ്ഗം പ്രതിഫലമായ—ഈ പ്രവർത്തനത്തെ ആത്മാർത്ഥമായി നമുക്കു നിറവേററാം. ക്രിസ്തുവിന്റെ പ്രതിപുരുഷന്മാരായ സാധുക്കളെ നമുക്കു സന്ദർശിക്കാം, അതേ നമുക്കു അവരുടെ വസതികളിൽത്തന്നെ ചെന്നു സന്ദർശിക്കാം. (ബെയിലി. 1842 ഡിസംബർ 1.)

"സാധുസന്ദർശനം പരസ്നേഹത്തെ പരിപോഷിപ്പിക്കുന്ന അന്നന്നയപ്പമാണ്. നാം സാധുക്കളെ സന്ദർശിക്കാതിരിക്കുമ്പോൾ അവരും, അതോടുകൂടി ഉപവിയും വിസ്മരിക്കപ്പെടുന്നു. നാം കൂടക്കൂടെ സാധുക്കളെ സന്ദർശിക്കുന്നുവെങ്കിൽ മററു പലതനെക്കാളും ഒരുപക്ഷേ നമ്മെപ്പോലെതന്നെ, നാം അവരെയും അവർ നമ്മെയും ഇഷ്ടപ്പെടുവാനിടയാകുന്നു. സാധുക്കൾക്കു സഹായം എത്തിച്ചുകൊടുക്കുകമാത്രമാണു തങ്ങളുടെ ചുമതലയെന്നു കരുതുന്ന അംഗങ്ങൾ ഉപവിയേയോ, സാധുക്കളേയോ, നമ്മുടെ സഖ്യത്തെയോ വേണ്ടപോലെ അറിയുന്നില്ല. സഖ്യം കേവലം സഹായം കൊടുക്കുന്ന ഒരു സംഘമായിരുന്നില്ല, ആയിരിക്കയുമരുതു. സഹായം ആരെങ്കിലു വഴി, എങ്ങനെയെങ്കിലും, എത്തിച്ചുകൊടുത്താൽ പോരാ. ഇങ്ങനെയായാൽ സഹായത്തിന്റെ ഉത്തമാംശം നഷ്ടപ്പെടുന്നു. ദാനം (സഹായം) ചെയ്യുന്നവന്റെ സകല ശക്തികളും അതിൽ സഹകരിക്കണം. കൈകൾ കൊടുക്കുമ്പോൾ നാവു ആശ്വാസത്തിന്റെയും ആശയുടെയും വചനങ്ങൾ പറയണം. കണ്ണുകൾവഴി ഹൃദയത്തിന്റെ ആനന്ദം അവരിലേക്കു പകരണം. ചെവികൾ അവരുടെ ക്ലേശങ്ങളെ ക്ഷമാപൂർവ്വം കേട്ടു എല്ലാററിലും ഉപരിയായ ആശ്വാസം പ്രദാനംചെയ്യണം.

"ഒരു സാധുവിന്റെ ഹൃദയത്തെ സ്പർശിക്കുന്നതും ഏററം ആനന്ദിപ്പിക്കുന്നതും നിങ്ങൾ അവരെപ്പററി ചിന്തിക്കുന്നു എന്നും, അന്വേഷിക്കുന്നു എന്നും സ്നേഹിക്കുന്നു എന്നുമുള്ളതാണ്. സഹായം (ദാനം) ശരിയാകണമെങ്കിൽ അതു പൂർണ്ണമാകണം; പൂർണ്ണമാകണമെങ്കിൽ അതു ആത്മാർത്ഥമായതായിരിക്കണം. ശാന്തതയും ക്ഷമയും സാധുക്കളുമായി ഇടപ്പെടുമ്പോൾ നമുക്കു അവശ്യം ഉണ്ടായിരിക്കേണ്ട പ്രഥമഗുണങ്ങളാണ്. ഇതു രണ്ടുമില്ലാതെ ഉപവിയില്ല. നമുക്കു എല്ലാം ഇഷ്ടം കൊടുക്കുവാൻ സാധിക്കയില്ലെന്നു മനസ്സിലാക്കുവാനും അതു സഹിക്കുവാനും ഏതൊരു സാധുവിനും സാധിക്കും. എന്നാൽ കരുണയില്ലാതെയോ, സ്നേഹമില്ലാതെ രോഷാകുലനായോ സംസാരിക്കുന്നുവെങ്കിൽ അതു സഹിക്കുവാനോ മറക്കുവാനോ അവനു സാദ്ധ്യമാകയില്ല......

"സാധുക്കൾക്കു നാം കൊടുക്കുന്ന നിസ്സാരസഹായത്തിനു പകരമായി എന്തെല്ലാംതരം എത്ര ആനന്ദമാണു നമുക്കു ലഭിക്കുന്നതു്. ഇതെപ്പററി ഒട്ടേറെ എഴുതുവാൻ കഴിയും.

"നാം എത്ര മണിക്കൂറുകൾ വ്യർത്ഥം കളയുന്നു. കൂട്ടുകാരുമായും നമ്മളിൽ വലിയവരുമായും എത്ര സമയം നാം സംസാരിച്ചു കളയുന്നു! എന്നാൽ സാധുക്കളെ സന്ദർശിക്കുന്നതിനായി കുറച്ചൊരു സമയം നാം വിനിയോഗിക്കുന്നു എങ്കിൽ അതവർക്കും നമുക്കും എത്ര ആനന്ദപ്രദവും പ്രയോജനകരവുമായിരിക്കും!! നാം സഹായിച്ചുകൊണ്ടിരിക്കുന്ന സാധുക്കൾ നമ്മുടെ സന്ദർശനങ്ങളെ എങ്ങനെ പ്രതീക്ഷിച്ചിരിക്കുന്നുവെന്നതു, നാം ചെല്ലുന്നില്ലെങ്കിൽ തന്മൂലം അവർ എത്രമാത്രം നിരാശരാകുമെന്നുള്ളതും ഊഹാതീതമാണ്.

"സാധുക്കൾക്കു സാധാരണകാര്യങ്ങളിൽത്തന്നെ വേണ്ടത്ര ആലോചനയോ വിവേകമോ പ്രായേണ ഉണ്ടായിരിക്കയില്ല. ഇതും നാം സാധുക്കൾക്കു ചെയ്യേണ്ടതും ചെയ്യാവുന്നതുമായ ഒരു പ്രധാനകാര്യമാണ്. കുരുടർക്കു വഴികാട്ടിയും, മുടന്തർക്കു താങ്ങുമെന്നതുപോലെ, ബുദ്ധിഹീനർക്കു കാര്യാലോചനക്കാരനും ധൂർത്തർക്കു കാര്യസ്ഥനുമായി വർത്തിക്കണം."

(1 st Nov. 1847. Jules Gossin II General President)

* * *

"ഈ സഖ്യത്തിന്റെ പ്രധാന പ്രവർത്തനം സാധുസന്ദർശനമാണ്. ഇതു അംഗങ്ങൾക്കു ഏററം പ്രയോജനപ്രദവും എളുപ്പമുള്ളതുമാകുന്നു. ഇതില്ലായെങ്കിൽ കോൺഫറൻസുകൾ മന്ദീഭവിച്ചു അധഃപതിക്കും. ഇതഃപര്യന്തമുള്ള അനുഭവം ഇതു തെളിയിക്കുന്നുമുണ്ടു. ഇതു സംബന്ധിച്ചു "മാനുവലിൽ" പലേടത്തും പറഞ്ഞിട്ടുള്ളതിനെ പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു........"

"സാധുക്കളിൽ സാധാരണമായി കാണുന്ന മതകാര്യങ്ങളിലുള്ള അനാസ്ഥയും വെറുപ്പും കാരണം അജ്ഞതയാണ്. ദൈവവചനങ്ങളേയും ക്രിസ്തീയജീവിതത്തേയും പററിയുള്ള അറിവു സാധുക്കൾക്കു ഭക്ഷണത്തേയും വസ്ത്രത്തേയുംപോലെ ആവശ്യമത്രെ...സാധുസന്ദർശനംവഴി അവരുമായി സ്നേഹസമ്പർക്കത്തിലേർപ്പെട്ടു അവർക്കു ദൈവകാര്യങ്ങൾ പറഞ്ഞുകൊടുക്കണം. ദീനക്കാരെ സന്ദർശിച്ചു ഭക്തകാര്യങ്ങൾ ഉപദേശിക്കുന്നതും കുട്ടികളെ വേദപാഠം പഠിപ്പിക്കുന്നതും ഫലപ്രദങ്ങളായ മാർഗ്ഗങ്ങളാണ്. ഈദൃശപ്രവർത്തനങ്ങളും

(ശേഷം 11-ാം പേജിൽ)

ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റരാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | | | | |
|---|---|---|---|---|
| പലിശനിരക്ക് കറന്റ് | 1% | 6 | മാസം കാലാവധി | 4 |
| സേവിംഗ്സ് | 3% | 12 | " | 4½% |
| ഷോർട്ട് നോട്ടീസ് | 3% | 24 | " | 5% |
| | | 36 | " | 5½% |

ഇതിനുപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

# ഫാത്തിമായിലെ കുട്ടികൾ

അദ്ധ്യായം 5

## ഒരു പുതിയ ജീവിതം

ആ മനുഷ്യസ്ത്രീയുടെ രണ്ടാമത്തെ ദർശനം മുതൽ ഫാത്തിമായിലുള്ള അനേകംപേർ അതു വിശ്വസിക്കുവാൻ തുടങ്ങി. കോവാ ദെ ഈറിയായിലെ അത്ഭുതസംഭവം കാട്ടുതീപോലെ നാടെങ്ങും പരന്നു. മൂന്നാമത്തെ ദർശനദിനമായ ജൂലായി 13-ാംതിയതി അയ്യായിരത്തിലധികംവരുന്ന ഒരു ജനതതി കോവായിലെ മേച്ചിൽസ്ഥലത്തു ഹാജരായിരുന്നു.

കുട്ടികൾ മുട്ടുകുത്തി ജപമാലയെത്തിക്കാൻ തുടങ്ങി. ഓരോരഹസ്യത്തിന്റെയും അന്ത്യത്തിൽ ചൊല്ലുവാൻ നിർദ്ദേശിച്ചിരുന്ന പ്രത്യേക പ്രാർത്ഥനയും അവർ ചൊല്ലി. അതിനെത്തുടർന്ന് കണ്ണഞ്ചിക്കുന്ന ഒരു പ്രകാശവിശേഷം അവിടെ പ്രസരിച്ചു. കുട്ടികൾ മൂന്നുപേരും സന്തുഷ്ടചിത്തരായി ഓക്കുവൃക്ഷത്തിന്റെ നേരെ തിരിഞ്ഞു. അവരുടെ സ്വർഗ്ഗീയസ്നേഹിത അതാ വീണ്ടും വന്നിരിക്കുന്നു! മദ്ധ്യാഹ്നസൂര്യനെപ്പോലെ ശോ



ഭയോടും മനോഹാരിതയോടുംകൂടി സ്ത്രീ ഓക്കുവൃക്ഷത്തിന്റെ അഗ്രശാഖകളിൽ നിലകൊണ്ടിരുന്നു.

"ഞങ്ങൾ എന്താണു ചെയ്യേണ്ടതു്?" ലൂസി ആകാംക്ഷാപൂർവ്വം ചോദിച്ചു. അയ്യായിരത്തിലധികംപേർ അവളുടെ ഓരോചലനവും ഓരോവാക്കും ശ്രദ്ധിച്ചുകൊണ്ടിരുന്ന കാര്യം അവൾ തീരെ മറന്നുപോയി.

സ്ത്രീ മന്ദഹസിച്ചു "പരിശുദ്ധകന്യകയുടെ സ്തുതിക്കായി നിത്യവും കൊന്തനമസ്കാരം ഉടനും നടത്തണമെന്നു ഞാൻ നിങ്ങളോടു് ആവശ്യപ്പെടുന്നു. ഈ ഭയങ്കരയുദ്ധത്തിനു് ഒരറുതി വരുത്താൻ അവൾക്കുമാത്രമേ കഴിയൂ." അവർ ശാന്തസ്വരത്തിൽ പറഞ്ഞു.

"അവിടുന്നു് ആരാണു്? വളരെപ്പേർ അതറിയാൻ ആഗ്രഹിക്കുന്നു."

സ്ത്രീയുടെ കണ്ണുകൾ ദയാപൂർണ്ണങ്ങളായി. "ഒക്ടോബറിൽ നിങ്ങളോടു ഞാൻ പറയാം, ഞാനാരാണെന്നു്. അതുവരെ ഓരോമാസവും 13-ാംതിയതി മുടങ്ങാതെ ഇവിടെ വരിക. എന്റെ യാഥാർത്ഥ്യം എല്ലാവരെയും ബോദ്ധ്യപ്പെടുത്താനായി, ഒക്ടോബറിൽ ഞാൻ ഒരു വലിയ അത്ഭുതം പ്രവർത്തിക്കുന്നതാണെന്നു്, വിശ്വസിക്കുന്നവരെ അറിയിക്കുക."

അനന്തരം രണ്ടാമത്തെ ദർശനത്തിലെന്നപോലെ സ്ത്രീ കരങ്ങൾ നീട്ടി. വിരലുകളുടെ അററത്തുനിന്നു പ്രകാശകിരണങ്ങൾ പ്രവഹിക്കുന്നതു് കുട്ടികൾ ഒരിക്കൽക്കൂടി കണ്ടു. പക്ഷേ ഇത്തവണ ആ സ്വർഗ്ഗീയസുഷമ അവരുടെനേരെ പ്രവഹിക്കയല്ല ചെയ്തതു്. അതു നേരെ ഭൂമിയിലേക്കു തിരിഞ്ഞു. കുട്ടികൾ വല്ലാതെ സംഭ്രമിച്ചു. അല്പസമയത്തിനുള്ളിൽ ഭൂമി അപ്രത്യക്ഷമാകുന്നതായും, അവർ അതിവിശാലമായ ഒരു സമുദ്രത്തിന്റെ വക്കിൽ നില്ക്കുന്നതായും അവർക്കു തോന്നി.

ഭയാനകമായ ആ സ്ഥലത്തേക്കു നോക്കിയപ്പോൾ ഭയാക്രാന്തരായ കുട്ടികൾ അസംഖ്യം പിശാചുക്കളെയും ശിക്ഷിതരായ ആത്മാക്കളെയും അവിടെ കണ്ടു. കറുത്തിരുണ്ട ഘോരമൃഗങ്ങളെപ്പോലെയുള്ള പിശാചുക്കൾ നിരാശയിൽനിന്നു പൊങ്ങുന്ന കഠോരാട്ടഹാസങ്ങൾകൊണ്ടു വായുമണ്ഡലം മുഖരിതമാക്കിക്കൊണ്ടിരുന്നു. നശിച്ചുപോയ ആത്മാക്കൾ തവിട്ടുനിറത്തിലുള്ള (പിംഗല) ശരീരങ്ങളോടുകൂടി ഇടവിടാതെ തീജ്വാലയിൽ കിടന്നുരുളുകയും ഭയംകൊണ്ടു് ഉച്ചത്തിൽ നിലവിളിക്കയും ചെയ്തിരുന്നു. അകത്തും പുറത്തും അഗ്നി കത്തിക്കൊണ്ടിരുന്നതിനാൽ അവർക്കു തങ്ങളുടെ ചലനത്തെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നതുമില്ല.

ഭയാനകമായ ആ കാഴ്ച ക്ഷണനേരംകൊണ്ടു് അവരുടെ ദൃഷ്ടിയിൽനിന്നുമറഞ്ഞു. അവർ നിന്നിരുന്ന മേച്ചിൽസ്ഥലവും പരിസരങ്ങളും വീണ്ടും അവർക്കു പ്രത്യക്ഷമായി. സ്ത്രീയുടെ കണ്ണുകൾ സങ്കടംകൊണ്ടു മങ്ങിയിരിക്കുന്നതായും അവർ കണ്ടു.

"പാപികളുടെ ആത്മാക്കൾ നിത്യമായ ദുരിതമനുഭവിക്കുന്ന നരകം നിങ്ങൾ ഇപ്പോൾ കണ്ടുകഴിഞ്ഞു. മററു ആത്മാക്കളെ നരകത്തിൽപോകാതെ രക്ഷിക്കുന്നതിനായി എന്റെ വിമലഹൃദയത്തോടുള്ള ഭക്തി ലോകത്തു സ്ഥാപിക്കാൻ ദൈവം ആഗ്രഹിക്കുന്നു. ഞാൻ നിങ്ങളോടു പറയുന്നതനുസരിച്ചു മനുഷ്യർ പ്രവർത്തിക്കുന്നപക്ഷം വളരെ ആത്മാക്കൾ രക്ഷപെടുകയും സമാധാനമുണ്ടാകുകയുംചെയ്യും." സ്ത്രീയുടെ മധുരവും ശോകാകുലവുമായ വാക്കുകൾ കുട്ടികൾ ആദരപൂർവം ശ്രദ്ധിച്ചുകൊണ്ടുനിന്നു.

സ്ത്രീ ഉടനും:—"യുദ്ധം അവസാനിക്കും. (ഒന്നാം ലോകമഹായുദ്ധം). പക്ഷേ മനുഷ്യർ ദൈവദ്രോഹപരമായ നീചകൃത്യങ്ങൾ അവസാനിപ്പിക്കാത്ത പക്ഷം ഇതിനെക്കാൾ ഭയങ്കരമായ ഒരു യുദ്ധം അടുത്ത മാർപ്പാപ്പായുടെ ഭരണകാലത്തുണ്ടാകും. (പതിനൊന്നാം പീയൂസ് മാർപ്പാപ്പാ). ഒരു രാത്രിയിൽ അജ്ഞാതമായ ഒരു പ്രകാശവിശേഷം കാണപ്പെടുമ്പോൾ ലോകത്തിന്റെ പാപങ്ങൾക്കായി ദൈവം ലോകത്തെ പഞ്ഞവും പടയും അയച്ചു ശിക്ഷിക്കുമെന്നും, സഭയും പരിശുദ്ധപിതാവിനും ഉപദ്രവങ്ങൾ നേരിടുമെന്നും ഉള്ളതിന്റെ അടയാളമാണതെന്നു് മനസ്സിലാക്കിക്കൊള്ളുക. (1938 ജനുവരി 24-ാംതിയതി രാത്രി യൂറോപ്യൻരാജ്യങ്ങളിൽ മുഴുവനും വടക്കേഅമേരിക്കയിലും കാണപ്പെട്ട അസാധാരണമായ "ഔറോറബൊറാലിസ്" എന്ന വെളിച്ചം ഇതാണെന്നു വിശ്വസിക്കപ്പെടുന്നു.) ആമാതിരിയുള്ള ഒരു മഹാവിപത്തിനെ തടയുന്നതിനായി ലോകത്തെ എന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കുകയും മാസാദ്യശനിയാഴ്ചതോറുമുള്ള ദിവ്യകാരുണ്യസ്വീകരണം നടത്തുകയുംചെയ്യണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. ലോകം എന്റെ അഭ്യർത്ഥന ചെവിക്കൊള്ളുന്നതായാൽ റഷ്യ മാനസാന്തരപ്പെടുകയും സമാധാനമുണ്ടാകുകയുംചെയ്യും. ലോകം എന്റെ അപേക്ഷ നിരസിക്കുന്നപക്ഷം റഷ്യയിൽനിന്നുള്ള തിന്മകൾ ലോകംമുഴുവൻ വ്യാപിച്ചു് യുദ്ധങ്ങളും മതമർദ്ദനങ്ങളും ഇളക്കിവിടുകയുംചെയ്യും. വിശ്വാസികൾ രക്തസാക്ഷികളാക്കപ്പെടും. പരിശുദ്ധപിതാവു വളരെയധികം ദുരിതങ്ങൾ സഹിക്കേണ്ടിവരും. നിരവധി രാഷ്ട്രങ്ങൾ നശിപ്പിക്കപ്പെടും. എന്നാൽ ഒടുവിൽ എന്റെ വിമലഹൃദയംതന്നെ വിജയിക്കും. പരിശുദ്ധപിതാവു് റഷ്യയെ എനിക്കു പ്രതിഷ്ഠിക്കും. റഷ്യ മാനസാന്തരപ്പെടുകയും കുറേക്കാലത്തേക്കു ശാന്തി കൈവരികയുംചെയ്യും."

ഇതാണു് ആ മനുഷ്യസ്ത്രീയിൽനിന്നും ഉണ്ടായിട്ടുള്ളതിൽ ഏററവും ദീർഘമായ പ്രഭാഷണം. അനന്തരം അവർ മറഞ്ഞുപോയപ്പോൾ കുട്ടികൾ ഭയകമ്പിതരായി നിന്നുപോയി. നരകദർശനത്തിന്റെ ഓർമ്മ അപ്പോഴും അവരെ അസ്വസ്ഥരാക്കിയിരുന്നു.

"ഇത്തവണ എന്തു സംഭവിച്ചു? നിങ്ങളുടെ അത്ഭുതസ്ത്രീ വന്നു നിങ്ങളോടു സംസാരിച്ചോ?" ഒരു മനുഷ്യൻ ഹാസ്യസ്വരത്തിൽ വിളിച്ചുചോദിച്ചു.

"അവർ തീർച്ചയായും വന്നു. ആ ഓക്കുവൃക്ഷത്തിനുചുററും വിചിത്രമായ ഒരു പ്രകാശമുണ്ടായതു നിങ്ങൾ കണ്ടില്ലേ?" അയാളുടെ ഭാര്യ ദേഷ്യപ്പെട്ടു ചോദിച്ചു.

"ആ മരവും കുട്ടികളും പ്രകാശമാനമായ ധൂളിപടലങ്ങളാൽ മൂടപ്പെട്ടിരുന്നതു് ഞാൻ കണ്ടു. ലൂസി ആരോടോ സംസാരിക്കുന്നതും ഞാൻ കേട്ടു. ഓ! ഇതൊരു വിശുദ്ധസ്ഥലംതന്നെ." ഒരു വൃദ്ധസ്ത്രീ വിളിച്ചുപറഞ്ഞു.

"അസംബന്ധം! നമ്മെ വിഡ്ഢികളാക്കാൻ വികാരിയച്ചൻ ഈ കുട്ടികൾക്കു പണംകൊടുത്തു കാണിക്കുന്ന സൂത്രങ്ങളാണു്."

"നിങ്ങൾ സൂക്ഷിച്ചു സംസാരിക്കൂ. അച്ചൻ ഇവിടെ വന്നിട്ടേയില്ല."

"അതുതന്നെ അദ്ദേഹത്തിന്റെ സൂത്രമല്ലേ? അദ്ദേഹത്തെ ആരും സംശയിക്കയില്ലല്ലോ. ഫാത്തിമായിലെ അച്ചൻ വളരെ സമർത്ഥൻതന്നെ."

ജനവേലി ഇങ്ങനെ പലതും പുലമ്പിക്കൊണ്ടിരുന്നു. കുട്ടികളുടെ മാതാപിതാക്കന്മാരും സന്ദർശകരുടെകൂട്ടത്തിലുണ്ടായിരുന്നു. ജസിന്തയുടേയും ഫ്രാൻസിസിന്റെ മാതാപിതാക്കന്മാർക്കു് പറയത്തക്ക അസ്വാസ്ഥതയൊന്നുമുണ്ടായില്ല. എന്നാൽ ലൂസിയുടെ അമ്മ ക്ഷോഭിച്ചു വശായിരുന്നു.

ഓക്കുവൃക്ഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആ സ്ത്രീ പറഞ്ഞു:-"ഒരു ആരാധനസ്ഥലത്തെപ്പോലെ ആളുകൾ അവിടെ മുട്ടുകുത്തുന്നതു നോക്കൂ. ലൂസിയെ എന്റെ കൈയിൽ കിട്ടട്ടെ; ഞാൻ കാണിച്ചുകൊടുക്കാം. ദർശനം കാണുവാൻമാത്രം ഭാഗ്യമുള്ളവളാണെന്നു് അവൾ നടിക്കുന്നു! അവൾക്കു പിശാചു കൂടിയിരിക്കയാണു്."

"കുട്ടികളെ തല്ലരുതെന്നു ഫെറയിറാച്ചൻ പറഞ്ഞതു ജേഷ്ഠത്തി ഓർമ്മിക്കുന്നില്ലേ? അവർക്കു വെറുതെ ഓരോ തോന്നലുണ്ടാകുന്നെന്നല്ലേ അദ്ദേഹം പറഞ്ഞതു്?" ജസിന്തയുടെ അമ്മ ഓർമ്മിപ്പിച്ചു.

"തോന്നൽ! ഇന്നു രാത്രി ഞാൻ അവളുടെ തോന്നൽ നിറുത്തിയേക്കാം. കണ്ടോളിൻ."

ലൂസിയുടെ അമ്മ പറഞ്ഞതുപോലെ തന്നെ പ്രവർത്തിച്ചു. അവർ അവളെ ഒരിക്കൽക്കൂടി പ്രഹരിച്ചു. അതുകൊണ്ടും തീർന്നില്ല. അവളുടെ നാലു സഹോദരികളും ഒരു സഹോദരനുംകൂടി അവളോടു സഹതപിക്കുന്നതിനുപകരം, അവളുടെ പ്രവൃത്തികൾമൂലം അവൾ കുടുംബത്തിനു മാനഹാനി വരുത്തിവയ്ക്കുകയാണെന്നു് അവളെ ഗ്രഹിപ്പിച്ചു. അഥവാ, കോവായിൽ ഒരു സ്ത്രീ പ്രത്യക്ഷപ്പെടുന്നുണ്ടെങ്കിൽ, എഴുതാനും വായിക്കാനും അറിഞ്ഞുകൂടാത്ത ഈ കഥയില്ലാത്ത കുഞ്ഞുങ്ങൾക്കല്ലാതെ മററാർക്കും അവളെ കാണാൻ കഴിയാത്തതെന്തുകൊണ്ടു്?

"ഇതെല്ലാം പച്ചക്കള്ളമാണെന്നു് ഏററു പറഞ്ഞേക്കുക. അങ്ങനെയായാൽ മേലാൽ യാതൊരുപദ്രവവും നിനക്കുണ്ടാകയില്ല." ഒരു സഹോദരി ഉപദേശിച്ചു.

"അതെ; അങ്ങനെയാണെങ്കിൽ എനിക്കും ഒരല്പം സമാധാനമായി. ആളുകളുടെ പിറുപിറുപ്പും എന്റെ നേർക്കുള്ള ആംഗ്യങ്ങളും കാണാതെ എനിക്കിപ്പോൾ വീട്ടിനു പുറത്തൊന്നിറങ്ങുവാൻ സാധിക്കുന്നില്ല." സഹോദരൻ ആവലാതിപ്പെട്ടു.

പാവം ലൂസി! അവൾ അവളുടെ കുടുംബത്തെ അത്യധികം സ്നേഹിച്ചിരുന്നു. കുടുംബാംഗങ്ങളുടെ സന്തുഷ്ടിക്കുവേണ്ടി ഒട്ടേറെ കഷ്ടതകൾ സഹിക്കാനും സന്നദ്ധയായിരുന്നു. പക്ഷേ, സ്ത്രീയുടെ ദർശനത്തെ നിഷേധിക്കുക!—സ്ത്രീയുമായുള്ള സംഭാഷണം, മനുഷ്യർ അവരുടെ ജീവിതം നവീകരിക്കണമെന്നും പതിവായി ജപമാലയെത്തിക്കണമെന്നും പരിശുദ്ധ കന്യകയോടുള്ള ഭക്തി പ്രചരിപ്പിക്കണമെന്നുമുള്ള സന്ദേശം, ഇവയെല്ലാം നിഷേധിക്കുക! ഇല്ല, ഇതു തീർത്തും അസാദ്ധ്യമാണു്. ഇതിന്റെ അർത്ഥം ഒരു അസത്യം പറയണമെന്നാണല്ലോ. ഒരു കള്ളം പറയുകയെന്നുള്ളതു് ഒരു കുട്ടിക്കു ചെയ്യാവുന്നതിലേക്കും ഹീനമായ പാപങ്ങളിലൊന്നാണെന്നു ലൂസിക്കറിയാമായിരുന്നു. അതിൽനിന്നു് ഒരിക്കലും ഒരു നന്മയുണ്ടാകയില്ല.

എങ്കിലും അമ്മയുടെ അപ്രീതിക്കും അവിശ്വാസത്തിനും പാത്രമാകേണ്ടിവരുന്നതിൽ ലൂസി വളരെ ദുഃഖിച്ചു. പ്രഹരവും ശകാരവും അവൾ നന്നേ ഭയപ്പെട്ടു.

ലൂസിയുടെ ദയനീയസ്ഥിതിയറിഞ്ഞു് ഫ്രാൻസിസും ജസിന്തയും അവളെ ആശ്വസിപ്പിക്കുവാൻ ആവുന്നതു ശ്രമിച്ചു.

(ശേഷം 9-ാം പേജിൽ)



അയ്യായിരം ആളുകളുണ്ടായിരുന്നു



## ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

## Bosco Children's Club (ബി. സി. സി.)

# 11. രക്ഷകന്റെ മാതാവ്

"മല്ലാക്ഷിമാരിൽ സകലേശപാരശീ-
സ്സെല്ലാമെതുല്യം വിലസീടുവോൾ നീ.
നല്ലാർമണേ! നിൻ ജഠരത്തിൽ വാഴും
ചെല്ലാളുവോരാ ഫലവും വരാഢ്യം."

പ്രിയ കുഞ്ഞുങ്ങളേ,

പതിനേഴാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സ്പെയിനിൽ ബൂർഗോസ് പ്രദേശത്തുള്ള അഗ്രേദാ എന്ന നഗരിയിൽ ഒരു അത്ഭുതകന്യക ജീവിച്ചിരുന്നു. ഫ്രാൻസിസ്കോസു സഭക്കാരുടെ വകയായി അവിടെയുണ്ടായിരുന്ന അമലോത്ഭവകന്യകാമഠത്തിന്റെ ശ്രേഷ്ഠാധിപയായിരുന്ന ഈ കന്യാസ്ത്രീ അഗ്രേദായിലെ മറിയം എന്ന പേരിലാണ് ഇന്ന് അറിയപ്പെടുന്നത്. 25 വയസ്സു മുതൽ അറുപത്തഞ്ചാമത്തെ വയസ്സിലെ പുണ്യകീർത്തിയോടെ ഭാഗ്യമരണം പ്രാപിക്കുന്നതുവരെ ഈ കന്യക അഗ്രേദാമഠത്തിന്റെ ശ്രേഷ്ഠത്തിയായി ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെടുകയാണുണ്ടായത്. മരണാനന്തരം അധികം താമസിയാതെ വന്ദ്യ എന്ന നാമകരണം ചെയ്യപ്പെടുകയുമുണ്ടായി.

പരിശുദ്ധ ദൈവജനനിയുടെ വാത്സല്യപുത്രിയായി പേരുകേട്ടിരുന്ന ഈ അത്ഭുതകന്യക സ്വർഗ്ഗരാജ്ഞിതന്നെ ആവശ്യപ്പെട്ടതനുസരിച്ച് ദൈവമാതാവിന്റെ ഒരു മനോഹരചരിത്രം എഴുതിയിട്ടുണ്ട്. മാതാവുതന്നെ കാണപ്പെട്ട് അറിയിച്ചുകൊടുത്ത വിവരങ്ങൾ "Ciuded de Dios" "ദൈവനഗരം" എന്ന അഭിധാനത്തിൽ സ്പാനിഷ് ഭാഷയിൽ ഈ കന്യക വിരചിച്ച ഗ്രന്ഥം, ഇറ്റാലിയൻ, പോർട്ടുഗീസ്, ജർമ്മൻ, ലാറ്റിൻ, അറബി, ഗ്രീക്ക്, പോളിഷ്, ഇംഗ്ലീഷ് ആദിയായ ഭാഷകളിൽ അനേകലക്ഷം പ്രതികൾ ലോകമെങ്ങും പ്രചരിച്ചിട്ടുണ്ട്. പല മാർപ്പാപ്പാമാരുടെയും പ്രശംസയ്ക്കും അംഗീകരണത്തിനും വിഷയമായിട്ടുള്ള പ്രസ്തുതകൃതിയെപ്പറ്റി ഫ്രാൻസിലെ സുൽപ്പീസിയൻ സഭാദ്ധ്യക്ഷനായ ആബെ എമേറി പ്രസ്താവിച്ചിട്ടുള്ളത് ഇപ്രകാരമാണ്: "മേറി അഗ്രേദായുടെ ഈ വെളിപാടുകൾ വായിച്ചശേഷംമാത്രമത്രെ ഈശോയേയും തന്റെ പരിശുദ്ധ മാതാവിനെയും ഞാൻ യഥായോഗ്യം അറിവാൻ ഇടയായിട്ടുള്ളത്."

"പിന്നെ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും കടന്നുപോയല്ലോ. സമുദ്രവും ഇനി ഇല്ല. പുതിയ ഓറെശ്ലം ആകുന്ന വിശുദ്ധ നഗരം തന്റെ ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങിയവളായി സ്വർഗ്ഗത്തിൽനിന്നും, ദൈവത്തിൽനിന്ന്, ഇറങ്ങുന്നതും ഞാൻ കണ്ടു. അപ്പോൾ സ്വർഗ്ഗത്തിൽനിന്നു ഒരു വലിയ സ്വരം ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: ഇതാ! മനുഷ്യരോടുകൂടി ദൈവത്തിന്റെ കൂടാരം. അവൻ അവരോടുകൂടി വസിക്കും. അവർ അവനു ജനമായിരിക്കും. ദൈവംതന്നെ അവരോടുകൂടി അവർക്കു ദൈവമായിരിക്കയും ചെയ്യും" എന്നിങ്ങനെ ആരംഭിച്ച്, വെളിപാടുപുസ്തകത്തിന്റെ ഇരുപത്തൊന്നാം അദ്ധ്യായം മുഴുവനിലും നവീനഓറെശ്ലത്തെ യോഹന്നാൻ ഏവൻഗലിസ്ത വർണ്ണിച്ചിരിക്കുന്നു. ഈ ഭാഗങ്ങളെല്ലാം മാതാവിന്റെ പിറവിയെപ്പറ്റി പ്രസ്താവിക്കുന്നിടത്തു സവിസ്തരം വ്യാഖ്യാനിച്ചുകൊണ്ട്, വി. യോഹന്നാൻ ദർശിച്ച ആ നവീന ഓറെശ്ലം പരിശുദ്ധ ദൈവജനനിതന്നെയാണെന്നു മേറി അഗ്രേദാ തന്റെ ഗ്രന്ഥത്തിൽ സ്വർഗ്ഗീയ വെളിവോടെ സമർത്ഥിച്ചിരിക്കുന്നു. അനന്തരം ആ അദ്ധ്യായത്തിന്റെ അവസാനത്തിൽ, വാർദ്ധക്യദശയിലെത്തിയ നസ്രത്തിലെ യോവാക്കിംബാവായുടെയും, അന്നാ അമ്മയുടെയും പുത്രിയായി ഭൂജാതയായ ലോകരക്ഷകന്റെ മാതാവിന്റെ മഹത്വത്തെപ്പറ്റി മേറി അഗ്രേദാ ചെയ്തിട്ടുള്ള ചില ഉൽബോധനങ്ങളെമാത്രം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:—

"കത്തോലിക്കാസഭയുടെ സകല ഞെരുക്കങ്ങളും, ക്രിസ്തീയ ജനതകളുടെ സമസ്ത യാതനകളും, പരിശുദ്ധ മറിയത്തിന്റെ മദ്ധ്യസ്ഥതയാൽ എപ്പോഴും ലഘൂകരിക്കപ്പെടുമെന്നു കർത്താവിൽ എനിക്കു കാണിക്കപ്പെട്ടു. പാഷണ്ഡികളുടെ ദുരഹങ്കാരം, ദൈവത്തിനും, പരിതാപകരമാംവണ്ണം പീഡിതയായ തന്റെ സഭയ്ക്കും എതിരായി അലതല്ലുന്ന ഈ ദുർഭഗകാലഘട്ടത്തിൽ, ഏക പ്രതിവിധിമാത്രമാണ് അവശേഷിക്കുന്നത്: അതായത്, കത്തോലിക്കാരാജ്യങ്ങളും ഭരണാധിപന്മാരും, വരപ്രസാദത്തിന്റെയും അനുഗ്രഹത്തിന്റെയും മാതാവായ പരിശുദ്ധ മറിയത്തിലേക്കു ദൃഷ്ടിതിരിക്കുക എന്നുള്ളതുതന്നെ. മറിയത്തിന്റെ നേർക്കുള്ള ഭക്തിബഹുമാനങ്ങൾ ലോകമാസകലം വ്യാപിച്ച് അവിടുത്തെ ദയാദൃഷ്ടി നമ്മുടെമേൽ തിരിവാൻ ഇടയാകത്തക്കവണ്ണം, അവിടുത്തെ വിശേഷവിധിയായി വണങ്ങിക്കൊണ്ട്, അവരെല്ലാവരും അവിടുത്തെ സങ്കേതം തേടട്ടെ! ശത്രുവിന്റെ കുതന്ത്രങ്ങളാൽ ക്രിസ്ത്യാനികളെ ബാധിച്ചുകൊണ്ടിരിക്കുന്ന അനിയന്ത്രിതമായ ദുർമ്മാർഗ്ഗങ്ങളെല്ലാം നീങ്ങിക്കിട്ടുന്നതിനുള്ള കൃപാവരം അപ്പോൾ തന്റെ ദിവ്യകുമാരനിൽനിന്ന് അവിടുന്നു നമുക്കു പ്രാപിച്ചുതരും. നീതിപൂർവ്വം നമ്മെ ശിക്ഷിക്കുന്നതും, ഇനിയും കൂടുതൽ കഷ്ടതകളും ദുരിതങ്ങളുംകൊണ്ടു നമ്മെ ശിക്ഷിക്കാനിരിക്കുന്നതുമായ ദൈവകോപം തദ്വാരാ ശാന്തമായിത്തീരും. ഇങ്ങനെ നമ്മുടെ പാപങ്ങളെ പരിത്യജിച്ച് നാം പരിഹാരം ചെയ്യുമ്പോൾ സഭയെ ഞെരുക്കിക്കൊണ്ടിരിക്കുന്ന അവിശ്വാസികളുടെമേൽ വിജയവും, പാഷണ്ഡികളുടെ ഉന്മൂലനാശവും സംസിദ്ധമാകും. എന്തുകൊണ്ടെന്നാൽ ലോകമാസകലം അവരെയെല്ലാം സംഹരിച്ചു വെട്ടിനുറുക്കുന്നതിനുള്ള ഖഡ്ഗമാകുന്നു പരിശുദ്ധ കന്യകമറിയം. ഈ വിസ്മൃതിമൂലമുള്ള നാശങ്ങൾ ലോകത്തിനു ഇപ്പോൾത്തന്നെ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു............"

പ്രിയകുഞ്ഞുങ്ങളേ, മേറി അഗ്രേദ, എഴുതിയിട്ടുള്ള ആ വിസ്തൃതമായ ചരിത്രത്തിന്റെ ചുരുക്കം ഇതുതന്നെയാണ്. ദിവ്യരക്ഷകന്റെ പരിശുദ്ധ മാതാവു യഥായോഗ്യം അറിയപ്പെടണം, ബഹുമാനിക്കപ്പെടണം. ആ അമ്മവഴിക്കുമാത്രമേ ദുർഭഗമായ ഈ ലോകത്തിനു ഇനി രക്ഷയും സമാധാനവും കൈവരികയുള്ളൂ. ഇതുതന്നെയാകുന്നു ലൂർദ്ദിലെ സന്ദേശം. ഇതുതന്നെയാകുന്നു ഫാത്തിമായിലെ സന്ദേശം. കൃപാവരത്തിന്റെ ഈ രാജ്ഞിയിൽ ലോകം അഭയംതേടണം. രക്ഷകനെ ലോകത്തിനു നൽകിയ ഈ ദിവ്യമാതാവുവഴിയായിത്തന്നെ, അധഃപതിച്ച ലോകം വീണ്ടും രക്ഷകനിലേക്കു അടുക്കണം. അതിലേക്കു അമ്മതന്നെ ഉപദേശിക്കുന്നു, ഉണർത്തുന്നു, ക്ഷണിക്കുന്നു. ഹാ! ലോകം ഇനിയെങ്കിലും ഈ മാതൃശാസനങ്ങളെ ചെവിക്കൊണ്ടിരുന്നെങ്കിൽ! വാത്സല്യകുഞ്ഞുങ്ങളേ, ചെറുപ്പത്തിലേ നിങ്ങൾ ഈ സ്വർഗ്ഗീയസമ്പത്തു കരസ്ഥമാക്കിക്കൊള്ളുക. പരിശുദ്ധ ദൈവജനനിയുടെ നേർക്കുള്ള മക്കൾക്കടുത്ത ഭക്തി, അതു നിത്യരക്ഷയുടെ അടയാളമാകുന്നു. പരിശുദ്ധ അമ്മേ! ഇത്രവലിയ ഒരമ്മയെ ലഭിച്ചതിൽ ഞാൻ അഭിമാനിക്കുന്നു, ആനന്ദിക്കുന്നു. പ്രിയമാതാവേ, ഇപ്പോഴും എന്റെ മരണനേരത്തിലും എന്നെ നീ സഹായിച്ചുകൊള്ളണമേ.

### റിക്രൂട്ടുമെന്റു റിസൽട്ട്സ്

ഡിസംബർ ആരംഭത്തോടെ പുതിയ പേരുകളെല്ലാം ലിസ്റ്റിൽ ചേർത്ത്, സ്ഥലംതിരിച്ചുള്ള പട്ടികകളും ജന്മദിന ലിസ്റ്റുകളും എല്ലാം തയാറാക്കിയെടുത്തു.

### ബാലവിഭാഗം

176 ഇടവകകളിലായി 984 ആൺകുട്ടികളാണ് ഇപ്പോൾ ആകെയുള്ളത്. 47 സ്ഥലങ്ങളിൽ അഞ്ചും അതിലധികവും അംഗങ്ങളുണ്ട്. ബാക്കിയെല്ലാം അതിൽ താഴെ മാത്രമേയുള്ളൂ. റാങ്ക് അനുസരിച്ചുള്ള ഏതാനും പേരുകൾ മാത്രം താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | രാമപുരം | 168 |
| 2 | കുഴിക്കാട്ടുശേരി (ഉന്മൂർ) | 69 |
| 3 | പോത്താനിക്കാട് | 35 |
| 4 | ആരക്കുഴ | 25 |
| 5 | കൊഴുവനാൽ | 22 |
| 6 | കാഞ്ഞിരപ്പള്ളി | 18 |
| 7 | കുറവിലങ്ങാട് | 17 |
| 8 | കുഴുപ്പിള്ളി | 16 |
| 9 | പാലാ | 15 |
| 10 | പറൂർ, കുറുമശ്ശേരി | 14 |
| 11 | വെളിച്ചിയാനി, മുട്ടം | 13 |
| 12 | ഞാറയ്ക്കൽ | 12 |
| | വാഴക്കുളം | 12 |
| | തിടനാട് | 12 |
| 13 | കോതമംഗലം, ഒല്ലൂർ | 11 |
| 14 | തൃശ്ശൂർ, കടപ്പാമറ്റം, ചെങ്ങട്ടൂർ | 10 |

രാമപുരംതന്നെ വീണ്ടും ഗോളടിച്ചു (ഹുറേ). ഉന്മൂർ മൂന്നാം സ്ഥാനത്തുനിന്നു രണ്ടാം സ്ഥാനത്തേക്കു കയറി. പോത്താനിക്കാട് രണ്ടാം സ്ഥാനത്തുനിന്നു മൂന്നാം സ്ഥാനത്തേക്കു ഇറങ്ങുകയാണു ചെയ്തത്. ആരക്കുഴ രണ്ടിൽനിന്നു നാലിലേക്കിറങ്ങി. കുറുമശ്ശേരിയും മുട്ടവും, നാലിലും അഞ്ചിലും നിന്നു പത്തിലേക്കും പതിനൊന്നിലേക്കും ഡിപ്രൊമോഷൻ മേടിച്ചു.

### ബാലികാവിഭാഗം

112 ഇടവകകളിലായി 810 ബാലികമാരുള്ളതിൽ 38 സ്ഥലങ്ങളിൽ മാത്രമേ 5-നു മേൽ അംഗങ്ങൾ ഉള്ളൂ. റാങ്കുകൾ താഴെ കുറിക്കുന്നു.

| | | |
|---|---|---|
| 1 | രാമപുരം | 172 |
| 2 | കുഴിക്കാട്ടുശേരി (ഉന്മൂർ) | 74 |
| 3 | ആരക്കുഴ | 53 |
| 4 | കോതമംഗലം | 50 |
| 5 | പോത്താനിക്കാട് | 37 |
| 6 | മുട്ടം | 36 |
| 7 | നാഗപ്പുഴ, മള്ളുശേരി | 14 |
| 8 | കല്ലൂർ | 13 |
| 9 | ചമ്പക്കുളം | 12 |
| 10 | കൊഴുവനാൽ | 11 |
| 11 | ചിറക്കടവു, മുഴിക്കുളം | 10 |

രാമപുരം വീണ്ടും ഒന്നാം സ്ഥാനം നേടിയതു നല്ലപോലെ ശ്രമിച്ചിട്ടുതന്നെയാണ്. ഉന്മൂർ നാലാം ക്ലാസ്സിൽനിന്നു രണ്ടാം ക്ലാസ്സിലേക്കു കയറിയതും അനുമോദനാർഹം തന്നെ. ആരക്കുഴ രണ്ടിൽനിന്നു മൂന്നിലേക്കും, മുട്ടം മൂന്നിൽനിന്നു ആറിലേക്കും അണിതെറ്റാതെ പിൻവാങ്ങുകയാണു ചെയ്തത്. അപ്പോൾ പോത്താനിക്കാടും കോതമംഗലവും ആറിൽനിന്ന് അഞ്ചിലേക്കും നാലിലേക്കും അടിച്ചുകയറിയിട്ടുമുണ്ട്.

രണ്ടു കൂട്ടത്തിലേയും ഒന്നും രണ്ടും റാങ്കുകാർ ഒന്നിച്ചോ വെവ്വേറെയോ ഓരോ ഗ്രൂപ്പുഫോട്ടോകൾ എടുത്തയച്ചാൽ പത്രത്തിൽ സന്തോഷപൂർവ്വം ചേർക്കുന്നതാണ്.

പതിനഞ്ചിൽകൂടുതൽ അംഗങ്ങൾ ഉള്ള സ്ഥലങ്ങളിൽ വെവ്വേറെ ക്ലബ്ബുകളായിതിരിഞ്ഞു ക്യാപ്റ്റൻ മുതൽപേരെ നിശ്ചയിച്ചു വിവരം അറിയിക്കണം. പതിനഞ്ചിൽ കുറവുള്ള എല്ലാ സ്ഥലങ്ങളിലും ഒരു ക്ലബ്ബ് തികയാൻ വേണ്ട ആളുകളെ ഇപ്പോഴുള്ള അംഗങ്ങൾ തന്നെ ചേർത്ത്, പേര്, ഇടവക, ജനനതീയതി മുതലായവ ക്ലബ്ബിൽനിന്നു അറിയിച്ചാൽ മതിയാകുന്നതാണ്. വനിതാ ക്ലബ്ബുകൾക്കും ക്യാപ്റ്റൻ ലെഫ്റ്റനന്റു മുതലായവ തന്നെയാണോ എന്നു ചിലർ ചോദിച്ചിരിക്കുന്നു. അങ്ങനെതന്നെ. ഐ. എൻ. ഏ. യിലെ നമ്മുടെ ക്യാപ്റ്റൻ ലക്ഷ്മിയുടെയും, ലെഫ്റ്റനന്റു ചേച്ചമ്മയുടെയും മററും പേരുകൾ നിങ്ങൾ മറക്കാൻ കാലമായിട്ടില്ലല്ലോ— വനിതാ സൈന്യത്തിന്റെ ഫോട്ടോകൾ ഈയിടെയും പത്രങ്ങളിൽ കണ്ടില്ലേ?

### നമ്മുടെ സ്വാഗതം

ലോകപര്യടനം നടത്തിവരുന്ന ഫാത്തിമാനാഥയുടെ അത്ഭുതപ്രതിമ നവംബർ 27-ാംനു ഭാരതത്തിൽ എത്തിയിട്ടുണ്ടല്ലോ. ഡിസംബർ 18-ാംനു ഞായറാഴ്ചയാണു പ്രസ്തുതസ്വരൂപം കേരളത്തിലേക്കു പ്രവേശിക്കുന്നത്. ഫാത്തിമായിൽ സ്വർഗ്ഗരാജ്ഞിക്കു സ്വാഗതമരുളിയതു ആരാണ്? മൂന്നു കുട്ടികൾ. കന്മഷഹീനങ്ങളായ ബാലഹൃദയങ്ങൾ. ആകയാൽ കുഞ്ഞുങ്ങളുടെ സ്വാഗതമാണ് ഇവിടെയും പ്രധാനമായുണ്ടാകേണ്ടത്. അതിനായിട്ടുതന്നെയല്ലയോ എല്ലാ രൂപതകളിലും പെട്ട രണ്ടായിരത്തോളം ബി. സി. സി. കുഞ്ഞുങ്ങളെ മാതാവു നേരത്തെ ഇവിടെ സജ്ജീകരിച്ചു നിറുത്തിയിരിക്കുന്നത്, ആകയാൽ പ്രിയകുഞ്ഞുങ്ങളേ, നിങ്ങൾ ആഹ്ലാദപൂർവ്വം അമ്മയുടെ അത്ഭുതപ്രതിമയ്ക്കു സ്വാഗതമരുളുക. ഡിസംബർ 18-ാംനു ഞായറാഴ്ച ഈ നിയോഗാർത്ഥം നിങ്ങളുടെപേർക്കു വല്യച്ചൻ ദിവ്യപൂജ അർപ്പിക്കും. നിങ്ങളെല്ലാവരും അന്നു കുമ്പസാരിച്ചു ദിവ്യകാരുണ്യം സ്വീകരിക്കണം. തുടർന്നു ഫെബ്രുവരി 1-ാം തീയതിവരെ കേരളത്തിൽ പ്രതിമയുടെ ആഘോഷപര്യടനമുണ്ടാകും. അന്നുവരെ വല്യച്ചൻ ഒരു നൂററമ്പത്തുമൂന്നു മണി ജപം ദിവസേന നിങ്ങളുടെ പേർക്കു അമ്മയ്ക്കു സമർപ്പിക്കുന്നതാണ്. നിങ്ങളും അമ്പത്തിമൂന്നു മണി കൊന്ത ദിവസംപ്രതി മുടങ്ങാതെ എത്തിച്ചു കാഴ്ചവയ്ക്കയും, സുകൃതജപപുഷ്പവർഷങ്ങൾ ധാരാളമായി നടത്തുകയും ചെയ്യണം. ഭാരതത്തിന്റെ ജനാധിപത്യഭരണം സമാരംഭിക്കുന്നതും ഈ കാലഘട്ടത്തിലാണെന്നുള്ളതു ശുഭോദർക്കമല്ലയോ? പ്രിയപ്പെട്ട നമ്മുടെ മാതൃരാജ്യത്തിനുവേണ്ടിയും എല്ലാവരും അമ്മയോടു പ്രത്യേകം പ്രാർത്ഥിക്കണം. താഴെ കാണുന്ന സ്വാഗതാശംസകൾ തനിച്ചും കൂട്ടമായിട്ടും ഉപയോഗപ്പെടുത്താം.

### വഞ്ചിപ്പാട്ട്

1. ആർത്തിതീർത്തിപ്പാർത്തലത്തെ
കാത്തിടാൻ ഫാത്തിമാതന്നിൽ
ചിത്തമോദാലാഗമിച്ചോരംബികേ സ്തോത്രം!

2. കീർത്തിയേറും നിൻപ്രതിമാ
ദർശനഭാഗ്യം ഞങ്ങൾക്കും
ചേർത്തിടുവാൻ കനിഞ്ഞ സ്നേഹാംബികേ സ്തോത്രം

3. മാർത്തോമ്മാതൻമക്കളുടെ
ആസ്ഥാനമാം കേരളത്തിൽ
പേർത്തുംസ്വാഗതമോതുന്നിബോസ്കോ കുഞ്ഞുങ്ങൾ

4. കാർത്തസ്വരകിരീടത്തെ
തീർത്തുനിൻമൗലിയിലിന്നു
ചാർത്തിടാനാശ ഞങ്ങൾക്കുണ്ടത്യർത്ഥമമ്മേ!

5. പ്രാർത്ഥനാപൂർവ്വകം ഞങ്ങൾ
കോർത്തുകൊണ്ടുവന്നിടുമീ
കീർത്തനമാല കൈക്കൊൾക തീർത്ഥകാംബികേ!

6. ഹാർദ്ദമായ് ഞങ്ങളെയുമീ
പ്പാർത്ഥിവഖണ്ഡത്തെയും നിൻ
മാർത്താരോടുചേർത്തനുഗ്രഹിച്ചീടേണമേ.

### വെച്ചുപാട്ട്

1. ഉൾക്കനിവോടൊത്തു— മക്കളെത്തേടുന്ന
സ്വർഗ്ഗരാജ്ഞിക്കിന്നു—സ്വാഗതം സ്വാഗതം!

2. മുക്കുഴും സന്താനെ—നിഷ്കാസനം ചെയ്യും
വിഷ്ണുപാറാണിക്കു—സ്വാഗതം സ്വാഗതം!

3. ഭക്തിയാൽ ലോകത്തെ—ശക്തിപ്പെടുത്തുന്ന
ഫാത്തിമാരാജ്ഞിക്കു—സ്വാഗതം സ്വാഗതം!

4. ആർത്തിയൊഴിക്കുവാൻ— പാർത്തുചരിക്കുന്ന

ചെറുകഥ

# ധൂർത്തപുത്രി

(പിലിഫ് കണയൻപ്ലാക്കൽ, ആനിക്കാട്ട്)

"ശാന്തമ്മ കണ്ടമട്ടൊന്നുമല്ല." ഭക്ഷണവേളയിലുള്ള മധുരസംഭാഷണത്തിനിടയിൽ ഭാര്യ തട്ടിവിട്ടു.

"ഉം. എന്തുകണ്ടു?" വായിൽപ്രവേശിച്ച കമ്പളം ആമാശയത്തിലേക്കു വേഗം തള്ളിവിട്ടുകൊണ്ടു ഭർത്താവു ചോദിച്ചു.

ഭാര്യ:—"ഇനി ഒന്നും കാണാനില്ല."

ഭർത്താവ്:—"എടീ! അതല്ല ചോദിച്ചതു്. നീ എന്തു കണ്ടു, അതുപറ."

ഭാര്യ:—"അവളേ, ആ തെണ്ടിച്ചെറുക്കന്റെ ബുക്കിൽനോക്കി എന്തൊക്കെയോ എഴുതി. ആടിക്കുഴഞ്ഞു ചിലതൊക്കെ ചോദിച്ചു, രണ്ടുപേരും പൊട്ടിച്ചിരിച്ചുകൊണ്ടു നിൽക്കുന്ന അവസരത്തിലാണു ഞാൻ പള്ളിയിൽനിന്നും വന്നതു്. എന്നെക്കണ്ടമാത്രയിൽ അവൾ പൂച്ചയെക്കണ്ട എലിയെപ്പോലെ പാഞ്ഞു. ഞാനൊട്ടും മടിച്ചില്ല; കുറെയൊക്കെപ്പറഞ്ഞു."

ഭർത്താവ്:—(കോപത്തോടെ) "ആ ദുഷ്ടാ! അത്രക്കായോ? ആ ഇരപ്പാളിയോടു് ഒരക്ഷരംപോലും മിണ്ടരുതെന്നു് എത്രതവണ പറഞ്ഞതാണു്... എന്നിട്ടും..."

"ശാന്തമ്മേ!" കോപാന്ധനായി അദ്ദേഹം ഓമനപ്പുത്രിയെ വിളിച്ചു. അവൾ നമ്രമുഖിയായി പിതൃസന്നിധിയിൽ ആഗതയായി. "ഞാൻ പറഞ്ഞതുമുഴുവൻ നീ മറന്നുപോയോ?"

ശാന്തമ്മ:—(ഭക്തിബഹുമാനപുരസ്സരം.) "ഇല്ല."

പിതാവ്:—"പിന്നെ?"

ശാന്തമ്മ:—"അപ്പച്ചാ! ക്ഷമിക്കണം. അടിപേടിച്ചു ചോദിച്ചുപോയതാണു്."

പിതാവ്:—"ആരുടെ?"

ശാന്തമ്മ:—"സാറിന്റെ ഗൃഹപാഠം കണക്കു തെററിപ്പോയാൽ സാറു തല്ലും. അതു് ശരിയാണോ എന്നു നോക്കാൻ......" (വിങ്ങിവിങ്ങിക്കരയുന്നു.)

പിതാവ്:—"അതിനു്, ആ തെണ്ടിച്ചെറുക്കന്റേതേയുള്ളോ? അല്ല. നിന്റെ അമ്മയോടു് ചോദിച്ചാലെന്താ കുററം?"

ഭാര്യ:—(ഇടയ്ക്കുകയറി.) "എനിക്കൊന്നും അറിഞ്ഞുകൂടാ; കണക്കുംമററും. അവളു് പലപ്പോഴും പറയും, ഒന്നുമറിയാൻമേല എന്നു്. അന്നുമുതൽക്കു ഞാൻ പറയുന്നതല്ലേ......വല്ല സാറന്മാരേയും..."

ഭർത്താവ്:—"അതേ ......പിന്നേവേണം......"

ഭാര്യ:—"അല്ല. വല്ല പെണ്ണുസാറന്മാരെയും......"

ഭർത്താവ്:—"ഉം. തരക്കേടില്ല. പിന്നെ എനിക്കാരുടെയും മുഖത്തുനോക്കി നടക്കണ്ട......" (ശാന്തമ്മയുടെനേരെ തിരിഞ്ഞു) "ശാന്തമ്മേ! വന്നതൊക്കെ വന്നു; ഞാൻ ക്ഷമിച്ചു. മേലാൽ.........വല്ലതും......കേട്ടുപോയാൽ......"

ആ ദമ്പതികളുടെ പ്രേമലതയിൽ അങ്കുരിച്ച ഏക കനകകുസുമമാണു് ശാന്തമ്മ. അവൾ അടുത്തുള്ള മിഡിൽസ്കൂളിൽ പഠിക്കുന്നു. പഠിക്കുന്നകാര്യത്തിൽ പറയത്തക്ക ഉത്സാഹമൊന്നുമില്ല. വീട്ടിലുള്ളവർക്കു് അത്രയുംപോലുമില്ല. എന്നാൽ പുതിയ ഹെഡ്‌മാസ്റ്റർ ഒന്നാംതരം തല്ലുകാരനാണു്. അദ്ദേഹത്തിന്റെ വിഷയംമാത്രം കുട്ടികൾ പഠിച്ചുകൊണ്ടുചെല്ലും. അല്ലെങ്കിലുള്ള ഫലം അവർക്കു് നേരമാണു്.

ശാന്തമ്മയും പാപ്പച്ചനും ഒരു ക്ലാസ്സിലാണു് പഠിക്കുന്നതു്. പാപ്പച്ചൻ എല്ലാവിഷയത്തിനും ഒന്നാമനാണു്. ശാന്തമ്മ നേരെമറിച്ചും. പാപ്പച്ചന്റെ സഹായത്തോടുകൂടിയാണു് ശാന്തമ്മ ഗൃഹപാഠങ്ങൾ ചെയ്യാറുള്ളതു്. അതിനുവേണ്ടി നേരത്തെ അവൾ ഇറങ്ങും. പാപ്പച്ചൻ വരാൻ താമസിച്ചാൽ അവനെ പ്രതീക്ഷിച്ച മരത്തണലിൽ വിശ്രമിക്ക അവളുടെ പതിവാണു്. ചിലപ്പോൾ അവർ ഒരുമിച്ചാണു് വിദ്യാലയത്തിലേക്കു പോകുന്നതും. അതുകണ്ടു് അവളുടെ പിതാവു് അവളെ വളരെയധികം ശകാരിക്കാറുണ്ടു്. ചിലപ്പോൾ ശിക്ഷിക്കപോലും ചെയ്തിട്ടുണ്ടു്.

ശാന്തമ്മയ്ക്കു വല്ലതും പറഞ്ഞുകൊടുക്കുന്നതിനു് ആരെങ്കിലും ഏർപ്പെടുത്തണമെന്നുള്ള ഭാര്യയുടെ ഉപദേശം വെറും വനരോദനമായി പര്യവസാനിച്ചു. അവൾ ഹെഡ്‌മാസ്റ്ററുടെ തല്ലിനെ ഭയപ്പെട്ടു് ചിലപ്പോഴൊക്കെ പിതൃശാസനം ലംഘിക്കാറുണ്ടു്.

ശാന്തമ്മയും പാപ്പച്ചനുംതമ്മിൽ ധനസ്ഥിതിയിൽ അജഗജാന്തരമുണ്ടു്. പോരെങ്കിൽ, പിതൃകാര്യസ്ഥന്റെ മകനാണവൻ.

* * *

വർഷങ്ങളതിവേഗം പറന്നുപോയി. ആ ബാലികാബാലന്മാരുടെ സ്നേഹവും അവരോടൊപ്പം വളർന്നുകൊണ്ടുതന്നെയിരുന്നു. തന്മൂലം കാര്യസ്ഥനെ പിരിച്ചുവിടേണ്ടിവന്നു. എന്നാലും ശാന്തമ്മ പഠിക്കുന്ന ഹൈസ്കൂളിലാണു് പാപ്പച്ചനും വന്നുചേർന്നതു്. അവരുടെ പ്രേമലതതഴച്ചുവളർന്നു. അദ്ദേഹം വിവരമറിഞ്ഞപ്പോൾ ഓമനപ്പുത്രിയെ വിദൂരമായ മറ്റൊരു ഹൈസ്കൂളിൽ ചേർത്തു. വിരഹാഗ്നിയിൽ പാപ്പച്ചന്റെ ഹൃദയം വെന്തുനീറി. ആ കുബേരവനിതയുടെ പുറകേപോകുന്നതു് ചെറുതെയാണെന്നു് കൂട്ടുകാരിൽ ചിലർ പാപ്പച്ചനെ ഗുണദോഷിക്കാതിരുന്നില്ല.

അവധിയുള്ളപ്പോഴെല്ലാം പാപ്പച്ചൻ ശാന്തമ്മയെ കാണാൻപോകും. സഹോദരനാണെന്നു പറഞ്ഞുകൊണ്ടാണു് അയാൾ ചെല്ലുന്നതു്. അതിനാൽ മാധികൃതർ എങ്ങനെ സംശയിക്കും!

ശാന്തമ്മ ഒളിച്ചുപോയി എന്നുള്ള വാർത്തയാണു് ഒരുപ്രഭാതത്തിൽ അവളുടെ പിതാവു് ശ്രവിച്ചതു്. കദനഭാരത്താൽ അദ്ദേഹം നിലംപതിച്ചു. അശ്രുധാരയിൽ മുങ്ങി.

ആ യുവമിഥുനങ്ങൾ വിദൂരമായ ഒരു ഗ്രാമത്തിൽ താമസമുറപ്പിച്ചു. ആനന്ദസാഗരത്തിൽക്കൂടി അവരുടെ ജീവിതവഞ്ചി പതുക്കെ നീങ്ങി. പക്ഷേ, കാലങ്ങൾ കഴിയുംതോറും ദാരിദ്ര്യദേവത അടുത്തുതുടങ്ങി. പണക്കിഴിയുടെ ഭാരം ദിനംപ്രതി കുറഞ്ഞുതുടങ്ങി. വീണ്ടും പണം ലഭിക്കുമെന്നുണ്ടായിരുന്ന ആശയററു. ശാന്തമ്മയുടെ ആഭരണങ്ങളോരോന്നും എന്നേക്കുമായി യാത്രപറയുവാൻ തുടങ്ങി.

* * *

"നീകാരണം ഞാൻ മടുത്തു." നിരാശാഭരിതനായി പാപ്പച്ചൻ പറഞ്ഞുപോയി.

"ഉം. അതെ. നിങ്ങൾകാരണം ഞാൻ വഴിയാധാരമായി." അവൾ പ്രതിവചിച്ചു.

പട്ടിണി വർദ്ധിക്കുന്തോറും അവരുടെ പ്രേമപാശത്തിനു അയവുണ്ടായി. അവർതമ്മിൽ കലഹം വർദ്ധിച്ചു. ജീവസന്ധാരണത്തിനുള്ള വക കൊണ്ടുവരണമെന്നു അവൾ നിർബന്ധിച്ചു.

അന്നു പ്രഭാതത്തിനുമുമ്പേ പാപ്പച്ചൻ പോയതാണു്. വല്ലതുംകൊണ്ടു വരുമെന്നുള്ള പ്രതീക്ഷയോടുകൂടി അവൾ ഇരിപ്പായി. ഭൂവത്തു് ഇരുട്ടു വ്യാപിച്ചിട്ടും ഭർത്താവു വന്നില്ല. പട്ടിണികൊണ്ടവൾ തളർന്നു. വല്ലവരോടും ചോദിക്കണമെന്നു വിചാരിച്ചെങ്കിലും ആത്മാഭിമാനം അനുവദിച്ചില്ല. "മേടിച്ചതു കൊടുക്കാതെ എങ്ങനെ വീണ്ടും ചോദിക്കും?" അവൾ ചിന്തിച്ചു.

ഒന്നുരണ്ടു ദിവസം എങ്ങനെയോ തള്ളിനീക്കി. ശാന്തമ്മയുടെ അവശതയിൽ അയൽക്കാർ സഹതാപം പ്രകടിപ്പിച്ചു. അവർ പറഞ്ഞുതുടങ്ങി, "പാപ്പച്ചൻ അവളെ ഉപേക്ഷിച്ചു." അവൾ അവരുടെ അഭിപ്രായത്തെ നിഷേധിച്ചു.

ദിവസങ്ങളൊന്നുരണ്ടുകൂടി കഴിഞ്ഞു. അവളുടെ ആശയററു. പട്ടിണികിടന്നു മരിക്കാതെ സ്വഭവനത്തിലേക്കു തിരിച്ചുപോകുന്നതാണു് ഉത്തമം എന്നു പലരും ഗുണദോഷിച്ചു. പൂർവ്വസ്മരണകൾ ചലച്ചിത്രത്തിലെന്നപോലെ അവളുടെ മുൻപിൽക്കൂടി കടന്നുപോയി. അംബരചുംബിയായ ഒരു മണിമന്ദിരം, ചേതോഹരമായ ഉദ്യാനം, വേണ്ടതിലധികം വേലക്കാർ, വിഭവസമൃദ്ധമായ ഭക്ഷണരീതികൾ സർവോപരി വാത്സല്യനിധിയായ പിതാവു്—അവളുടെ നയനയുഗങ്ങൾ നിറഞ്ഞു. തലയുയർത്തിനോക്കി. ആരെയും കണ്ടില്ല. വീണ്ടും ചിന്താസാഗരത്തിലാണ്ടു. "എന്റെ അപരാധം എത്രതന്നെ വലുതായിരുന്നാലും കരുണാനിധിയായ പിതാവു്—ഏകപുത്രിമാത്രമുള്ള പിതാവു്—ക്ഷമിക്കാതിരിക്കയില്ല."

പുരുഷവർഗ്ഗത്തെ ശപിച്ചുകൊണ്ടവൾ പിടഞ്ഞെണീററു, യാത്രതിരിച്ചു ആ അസ്ഥിപഞ്ജരം പലടത്തും തളർന്നുവീണു. വാടിക്കരിഞ്ഞു് ആടിത്തളർന്നു്, പോകുന്ന പോക്കു കണ്ടാൽ ഏതൊരു ശിലാഹൃദയവും അലിഞ്ഞുപോകും. ആരും അവളെ ദർശിച്ചില്ല. ആ പിച്ചക്കാരിപ്പെണ്ണിനെ ആരു നോക്കാനാണു്?

ഏതാനുംനാളുകൾ കഴിഞ്ഞപ്പോൾ വൃക്ഷച്ഛായകൾക്കിടയിൽക്കൂടി അംബരചുംബിയായ പിതൃഭവനം അവൾക്കു ദൃശ്യമായി. അവൾ ആഹ്ലാദിച്ചു. ഉത്തരക്ഷണത്തിൽ ഒരു മ്ലാനത അവളെ വലയം ചെയ്തു. കുറച്ചു സമയം ഇതികർത്തവ്യതാമൂഢയായ നിന്നുപോയി. അല്ല. എങ്ങോട്ടുപോവാനാണു്? അവൾ ധൈര്യമവലംബിച്ചു പതുക്കെപ്പതുക്കെ നടന്നുതുടങ്ങി. പടിവാതിൽ കടന്നു. നാലുവശത്തേക്കുമൊന്നു നോക്കി. ചരാചരങ്ങൾ അവളെ നോക്കി പുഞ്ചിരിതൂകുന്നതായി അവൾക്കു തോന്നി. ദീർഘങ്ങളായ ഒന്നുരണ്ടു ഷെഡ്ഡുകൾ ഇരുവശങ്ങളിലും അവിടെ ആളുകൾ കിടക്കുന്നതു അവൾ കണ്ടു. ഒന്നുഞെട്ടി "വഴിതെററിയതായിരിക്കണം." അവൾ പതുക്കെ പറഞ്ഞുപോയി. നിശ്ചലയായി കുറച്ചു സമയം അവിടെത്തന്നെനിന്നു ആശുപത്രിയിലേക്കു കയറിച്ചെല്ലുന്ന ഒരു നേഴ്സ് ആ അപരിചിതയെ സൂക്ഷിച്ചു വീക്ഷിച്ചു. "എന്താ നില്ക്കുന്നതു്?" നേഴ്സ് സ്നേഹഭാവത്തിൽ ചോദിച്ചു ഒരു സ്വജാതിയെങ്കിലും കരുണപ്രദർശിപ്പിച്ചതിൽ അവൾ അതിവസന്തുഷ്ടയായി പ്രതിവചിച്ചു: "സോദരി! എന്റെ പിതാവിന്റെ ഭവനമെന്നു കരുതി കയറി......"

"പിതാവിന്റെ പേരു്?" സുസ്മേരവദനയായി വീണ്ടും അവൾ ചോദിച്ചു.

"താന്നിക്കുഴി മാത്തച്ചൻ" വിങ്ങിവിങ്ങിക്കരഞ്ഞുകൊണ്ടു് അവൾ പറഞ്ഞു.

"അദ്ദേഹത്തിന്റെ മകളാണോ?" സൂക്ഷിച്ചുനോക്കിക്കൊണ്ടു നേഴ്സ് വീണ്ടും ചോദിച്ചു.

"അതെ."

"എന്നാൽ ഡോക്ടറുടെ സമീപത്തേക്കു ചെല്ലു. അദ്ദേഹം വീട്ടിൽപ്പോകുവാൻ ഭാവിക്കുന്നു. ഇതുതന്നെയായിരുന്നു വീടു്. പക്ഷേ......"

നേഴ്സ് തിടുക്കത്തിൽ നടന്നു ഡോക്ടറെ സമീപിച്ചു വിവരംധരിപ്പിച്ചു. "കഷ്ടം! ആ പെണ്ണു്" എന്നുമാത്രം ഡോക്ടർ പ്രതിവചിച്ചതിരുന്നതിനുമുൻപേ പിച്ചക്കാരി ശാന്തമ്മ അദ്ദേഹത്തിന്റെ മുമ്പിൽ ആഗതയായി ആയിരമായിരം ആശകൾ അവളുടെ ഹൃദയത്തിൽ നൃത്തം ചെയ്യുന്നുണ്ടായിരുന്നു.

"നിങ്ങളാണോ താന്നിക്കുഴി മാത്തച്ചന്റെ മകൾ ശാന്തമ്മ?"

"അതെ."

"അദ്ദേഹം ഒരു കൊല്ലത്തിനുമുൻപേ മരിച്ചുപോയി. അതിനുമുൻപായി അദ്ദേഹത്തിന്റെ മുതൽ ആശുപത്രിക്കും അനാഥമന്ദിരത്തിനുംവേണ്ടി ദാനം ചെയ്തു മകൾ തിരിച്ചുവരുന്നപക്ഷം കൊടുക്കാനായി ഒരു മുദ്രവെച്ചകവർ അന്നേ ഇതിന്റെ അധികാരികളെ ഏൽപ്പിച്ചിട്ടുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നവയായിരിക്കും നിങ്ങളുടെ വിധി" എന്നു പറഞ്ഞുകൊണ്ടു് അദ്ദേഹം അകത്തു പ്രവേശിച്ചു് മുദ്രവെച്ച ഒരു കവർ ശാന്തമ്മയെ ഏൽപ്പിച്ചു

ആനന്ദശ്രുക്കൾ പൊഴിച്ചുകൊണ്ടും അളവററ ആശയോടുകൂടിയും അവൾ കവർ തുറന്നു് എഴുത്തെടുത്തു് ഇപ്രകാരം വായിച്ചു.

"പിതൃഘാതകിയായ ശാന്തമ്മയ്ക്കു്.

എന്റെ സ്വത്തുമുഴുവൻ പൊതുസ്ഥാപനങ്ങൾക്കായി ദാനംചെയ്തിരിക്കുന്നതിനാൽ, നിനക്കു് മനസ്സുണ്ടെങ്കിൽ അനാഥമന്ദിരത്തിൽ ആജീവനാന്തം താമസിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

എന്നു് സ്വന്തം പിതാവു്, താന്നിക്കുഴിയിൽ വർക്കി മാത്തു. (ഒപ്പു്)"

"അയ്യോ! എന്റെ പൊന്നപ്പച്ചാ!" എന്നു നിലവിളിച്ചുകൊണ്ടു് മാറത്തടിച്ചതും ബോധരഹിതയായി നിലംപതിച്ചതും ഒരുമിച്ചു കഴിഞ്ഞു.

അവൾ ഉണർന്നോ, എന്തോ......?

---

തീത്ഥകനാഥയ്ക്കു—സ്വാഗതം സ്വാഗതം!

5. കേരളങ്ങൾക്കു—നൂറായിരം വട്ടം

കുറിയന്നോളുന്നു—സ്വാഗതം സ്വാഗതം!

സ്വർഗ്ഗരാജ്ഞി എല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1 13-ാം നൂററാണ്ടിൽ മാതാവു് പ്രസിദ്ധരായ രണ്ടു വിശുദ്ധർക്കു പ്രത്യക്ഷപ്പെട്ടു. ആരൊക്കെയായിരുന്നു അതു്?

2 അവർക്കു വെളിപ്പെടുത്തിയ ഭക്താഭ്യാസങ്ങളേവ?

3 മാതാവു ലൂർദ്ദിൽ പ്രത്യക്ഷപ്പെട്ടതേതു കൊല്ലത്തിലാണു്?

4 ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടതു് ഏതുകൊല്ലത്തിലാണു്?

(ഉത്തരങ്ങൾ 8-ാം പേജിൽ)

ഫാത്തിമാ മാതാവിനോടുള്ള പ്രാർത്ഥനകൾ

ഫാത്തിമാ ദർശനങ്ങളുടെ ഒരു സംക്ഷിപ്തവിവരണം, മാതാവിനോടുള്ള ഹൃദയാവർജ്ജകമായ നവനാൾ ജപങ്ങൾ, വിമലഹൃദയത്തിന്റെ ലിത്തനിയ, പ്രതിഷ്ഠാജപം തുടങ്ങി ഫാത്തിമാ സന്ദേശത്തിന്റെ ചൈതന്യവും ദൈവജനനിയോടുള്ള ഭക്തിയും പ്രോജ്ജ്വലിപ്പിക്കുവാൻ പററിയ പ്രാർത്ഥനകൾ അടങ്ങിയ ഒരു ഉത്തമപുസ്തകം. വില 1 ണ.

ആവശ്യപ്പെടേണ്ടും മേൽവിലാസം.

ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ

ദി ഫെഡറൽ ബാങ്ക് (ക്ലിപ്തം)

H. O. ആലുവാ.

"ദി ട്രാവൻകൂർ ഫെഡറൽ ബാങ്കി"ന്റെ പേർ മേൽപ്രകാരം മാററിയിരിക്കുന്നു.

ബാങ്കിന്റെ എറണാകുളം ശാഖ

അരമനയ്ക്കു സമീപമുള്ള മാമ്പിള്ളി ബിൽഡിങ്ങ്സിൽ 1949 ഡിസംബർ 17 (ധനു 2)-ാംനു- ശനിയാഴ്ച പത്തരമണിക്കു ഡോക്ടർ പി. ജെ. തോമസ് ഉൽഘാടനം ചെയ്യുന്നതാണു്.

ക്യാപ്ററൻ ഫ്രാൻസിസ് പാറയ്ക്കലം ചെയർമൻ

കെ പി. ഉറമീസ് ബി. എ. ബി. എൽ.

മാനേജിംഗ് ഡിറക്ടർ

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, DECEMBER 14 1949 ‖ No 17


## ഇററലിയിലെ ഭൂനയപരിഷ്കരണം
# പേപ്പൽനിർദ്ദേശങ്ങളനുസരിച്ച്

ഇററലിയിലെ തൊഴിലാളികളേയും മററു പാവങ്ങളേയും, കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ പിടിയിൽനിന്നു വിമോചിക്കുവാൻ അവിടത്തെ പ്രധാനമന്ത്രി സിഞ്ഞോർ ഗസ്പേരി നീതിയുക്തമായ ഒരു ഭൂനയപരിഷ്കരണം ഏർപ്പെടുത്തുവാൻ നിശ്ചയിച്ചതിനെപ്പററി കഴിഞ്ഞ മുഖപ്രസംഗത്തിൽ പ്രസ്താവിച്ചിരുന്നല്ലോ. അതുസംബന്ധിച്ചു മദ്രാസിലെ ഹിന്ദുപത്രം നൽകിയിട്ടുള്ള ചില വിവരങ്ങൾ അതിൻെറ കഴിഞ്ഞ ഒക്ടോബർ 3-ാംനു-യിലെ മുഖപ്രസംഗത്തിൽനിന്നെടുത്തു താഴെ ചേർത്തുകൊള്ളുന്നു.

### ഹിന്ദുപത്രത്തിലെ പ്രസ്താവങ്ങൾ

"ഇററലിയിൽ ഇപ്പോഴത്തെ ഗവമ്മെൻറിനു വലിയ എസ്റ്റേററുകൾ വിഭജിക്കുന്നതിനുള്ള പ്ലാനുകളുണ്ട്. രണ്ടുലക്ഷംമുതൽ മൂന്നുലക്ഷംവരെ പാവപ്പെട്ട കർഷകകുടുംബങ്ങളെ അവരുടെ സ്വന്തംവക ഭൂമിയിൽ ക്രമേണ നിവസിപ്പിക്കണമെന്നാണ് ഗവമ്മെൻറിൻെറ ഉദ്ദേശം. ഇററലിയിൽ ഇപ്പോൾ കൃഷി ചെയ്യപ്പെടുന്ന ഭൂമി ആകെ 680 ലക്ഷം ഏക്കർ ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ ഭൂമി 100 ലക്ഷത്തിൽതാഴെ ആളുകളുടെ ഉടമയിലായി വിഭജിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഈ സ്വകാര്യഭൂമിയുടമസ്ഥന്മാരിൽ 5 ശതമാനത്തിൻെറ കൈവശം ആകെയുള്ള കൃഷിഭൂമിയിൽ 36 ശതമാനം ഉൾപ്പെട്ടിരിക്കുകയാണ്. വലിയ ഭൂമിയുടമസ്ഥന്മാരെക്കൊണ്ട് 37 ലക്ഷം ഏക്കർ ഭൂമി നിർബന്ധപൂർവ്വം വിട്ടുകൊടുപ്പിക്കുവാനാണ് ഗവമ്മെൻറിൻെറ നിർദ്ദേശം. കൊടുകൃഷി നടത്തുന്ന എസ്റ്റേററുകളിൽ 250 ഏക്കറിൽ കൂടുതലായും, മലംപ്രദേശങ്ങളിലെ കൃഷിഭൂമിയിൽ 750 ഏക്കറിൽ അധികമായും കൈവശമുള്ള ഉടമസ്ഥന്മാർ അവയിൽനിന്ന് അഞ്ചിലൊന്നുമുതൽ ഒന്നു പകുതിവരെ ഉള്ളവിതം ഭൂമി വിട്ടുകൊടുക്കേണ്ടിവരും. ഇപ്രകാരം വിട്ടുകൊടുക്കേണ്ട ഭൂമി കൺട്രോൾ വിലയ്ക്കു വില്ക്കുവാൻ ഏകദേശം മൂന്നുകൊല്ലത്തെ കാലാവധിവച്ചു അവയുടെ ഉടമസ്ഥന്മാരായ വ്യക്തികൾക്കു അനുമതിയുണ്ടായിരിക്കും. ആ കാലാവധി കഴിഞ്ഞിട്ടും വില്ക്കപ്പെടാതെ ശേഷിക്കുന്ന ഭൂമി ഗവമ്മെൻറിൽനിന്നു പിടിച്ചെടുക്കും; റൊക്കം പണമായോ സർക്കാർ ബോണ്ടുകളായോ അവയ്ക്കു നഷ്ടപരിഹാരം നല്കപ്പെടുകയും ചെയ്യും. ഈ ഭൂമി വാങ്ങുന്നവരും അതുവഴി പുതിയ ഭൂമിയുടമസ്ഥരായിത്തീരുന്നവരുമായ കർഷകർ ഭൂമിയുടെ വില പല ഗഡുവുകളായി അടച്ചാൽ മതിയാകും. അതിലേക്കു ഗവമ്മെൻറിൽനിന്ന് അവർക്കു സഹായധനം നല്കപ്പെടുകയും ചെയ്യും. ഭൂമി വിട്ടുകൊടുക്കുന്ന ഉടമസ്ഥന്മാർക്കു കൊടുക്കേണ്ടിവരുന്ന നഷ്ടപരിഹാരം ഏകദേശം 450 ലക്ഷം പവൻ വരുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഏക്കറിനു ശരാശരി 15 പവൻ വിലവരുമെന്നു കണക്കാക്കാം. നഷ്ടപരിഹാരത്തിൻെറ ഈ തോതു് ഇൻഡ്യയിൽ പ്രയോഗിക്കുവാൻ തുടങ്ങിയിരിക്കുന്ന ജെമീന്ദാരി നിർമ്മാർജ്ജന പരിപാടികളിലെ നഷ്ടപരിഹാരവിതത്തെക്കാൾ വളരെ മെച്ചമാണെന്നു കാണാം. എന്നാൽ ഇററലിയിലെ ഈ ഭൂനയപരിഷ്കരണം വലിയ എസ്റ്റേററുകൾ താരതമ്യേന ചുരുക്കം ജന്മികളുടെ കൈവശമിരിക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് നടപ്പാക്കുവാൻപോകുന്നത്. ആ ജന്മികൾ പലപ്പോഴും അവരുടെ ഭൂമികളെ കൃഷിചെയ്തു വികസിപ്പിക്കുവാൻ അപ്രാപ്തരായിരിക്കുന്നു. അതുതന്നെയല്ല തങ്ങളുടെ ഭൂമിയിൽ ഏതെങ്കിലുമൊരംശം കൈവെടിയുവാൻ എല്ലായ്പോഴും വിമുഖരായുമിരിക്കുന്നു. ഇററലിയൻ ഗവമ്മെൻറ് ഈ ഭൂനയപരിഷ്കരണം കമ്മ്യൂണിസ്റ്റ് പ്രചരണപ്രസ്ഥാനത്തിനു പ്രതിവിധിയായി സ്വീകരിച്ചിരിക്കുകയാണ്. ഭൂനയപരിഷ്കരണത്തിൽ കമ്മ്യൂണിസ്റ്റുകാർ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗത്തോടു യോജിക്കുവാൻ ഇററലിയൻ പ്രധാനമന്ത്രി സിഞ്ഞോർ ഗസ്പേരിക്കു് അശേഷം സമ്മതമില്ല തന്നെ."

ഭൂമിയുൾപ്പെടെയുള്ള ഉല്പാദകവസ്തുക്കളുടെ വിതരണത്തിൽ വലിയ അസമത്വം ഇന്നു ലോകത്തിലെവിടെയും നിലവിലിരിക്കുന്നുണ്ടെന്നുള്ളതു് ഒരു യാഥാർത്ഥ്യം മാത്രമാകുന്നു. ഈ അസമത്വമാണ് ഇന്നത്തെ സാമ്പത്തികവ്യവസ്ഥിതിയിൽ കാണുന്ന ഭീമമായ അസമത്വത്തിൻെറ കാരണം. ആകയാൽ ഭൂമിയുൾപ്പെടെയുള്ള ഉല്പാദകവസ്തുക്കളുടെ കൂടുതൽ നീതിയുക്തമായ വിതരണമാണ് ഇന്നത്തെ സാമ്പത്തികാസമത്വത്തിനുള്ള ശരിയായ പ്രതിവിധി. എന്നാൽ ഈ പ്രതിവിധി പ്രയോഗിക്കുന്നതിൻെറ സ്വഭാവത്തിലാണ് കമ്മ്യൂണിസവും കത്തോലിക്കതവും തമ്മിൽ അന്തരമുള്ളതു്. ഭൂമിയുൾപ്പെടെയുള്ള സകല ഉല്പാദകവസ്തുക്കളുടേയും ഉടമമുഴുവനും സമുദായത്തിൻെറ പേരിൽ രാഷ്ട്രത്തിൻെറ കൈവശം ഇരിക്കണമെന്നാണു കമ്മ്യൂണിസം സിദ്ധാന്തിക്കുന്നതു്. ഉല്പാദകവസ്തുക്കളുടെ സ്വകാര്യഉടമയെ കമ്മ്യൂണിസം നിരോധിക്കുന്നു. ഇപ്പോഴുള്ള വലുതും ചെറുതുമായ ഉടമസ്ഥന്മാരിൽനിന്ന് ആ വസ്തുക്കളെ യാതൊരു പ്രതിഫലവും കൊടുക്കാതെ സർക്കാർ പിടിച്ചെടുക്കണമെന്ന് കമ്മ്യൂണിസം വാദിക്കുന്നു. നേരെമറിച്ചു കത്തോലിക്കതത്തിൻെറ സിദ്ധാന്തം, ഭൂമിയുൾപ്പെടെയുള്ള ഉല്പാദകവസ്തുക്കളുടെ ഉടമസ്ഥന്മാരുടെ സംഖ്യ കഴിയുന്നിടത്തോളം വർദ്ധിപ്പിക്കണമെന്നാണ്. ഉല്പാദകവസ്തുക്കളുടെ സ്വകാര്യഉടമ നിഷേധിക്കുന്നതു തത്വത്തിൽ ധർമ്മവിരുദ്ധമാണെന്നും, പ്രയോഗത്തിൽ തൊഴിലാളികൾക്കും മററു പാവങ്ങൾക്കും ദോഷകരമാണെന്നും കത്തോലിക്കതം പഠിപ്പിക്കുന്നു. വലിയ സ്വകാര്യഉടമസ്ഥന്മാരെക്കൊണ്ട് ഉല്പാദകവസ്തുക്കളുടെ ഒരംശം അതില്ലാത്തവർക്ക് വിട്ടുകൊടുപ്പിക്കുവാൻ സർക്കാർ നിർബന്ധിക്കുമ്പോൾ ആ ഉടമസ്ഥന്മാർക്ക് സാഹചര്യങ്ങളനുസരിച്ച് ന്യായമായ നഷ്ടപരിഹാരം നൽകേണ്ടതാണെന്നു കത്തോലിക്കതം വാദിക്കുന്നു. ഉല്പാദകവസ്തുക്കളുടെ ഏതെങ്കിലും ഒരംശം വാങ്ങി പുതിയ ഉടമസ്ഥന്മാരായിത്തീരുന്ന പാവങ്ങൾക്ക് അതു വാങ്ങുവാൻ വേണ്ട ധനപരവും മററുമായ സഹായം സർക്കാർ ചെയ്തുകൊടുക്കേണ്ടതാണെന്ന് കത്തോലിക്കതം നിർദ്ദേശിക്കുന്നു. ഈ സംഗതികൾ 13-ാം ലെയോ മാർപ്പാപ്പാ 1891-ൽ പ്രസിദ്ധപ്പെടുത്തിയ "റേരും നൊവാരും" വിശ്വലേഖനത്തിൽത്തന്നെ ഉദ്ബോധിപ്പിച്ചിട്ടുള്ളതാണ്.

### സ്വകാര്യഉടമയുടെ കൂടുതൽ വിതരണത്തിന് 13-ാം ലെയോയുടെ ഉദ്ബോധനം

"രാജ്യനിയമം സ്വകാര്യഉടമയെ അനുകൂലിക്കേണ്ടിയിരിക്കുന്നു; അതിൻെറ നയം കഴിയുന്നിടത്തോളം അധികമാളുകൾ സ്വകാര്യഉടമസ്ഥന്മാരായിത്തീരുവാൻ പ്രേരിപ്പിക്കുന്നതായിരിക്കണം. ഈ നയത്തിൽനിന്ന് അനേകം വിശിഷ്ടങ്ങളായ ഫലങ്ങളുളവാകും. എല്ലാററിലുമാദ്യമായി, വസ്തുക്കൾ തീർച്ചയായും കൂടുതൽ നീതിയുക്തമായി വിതരണം ചെയ്യപ്പെടും. നിലവിലിരിക്കുന്ന സ്ഥിതിയിൽ പരിവർത്തനത്തിൻേറയും വിപ്ലവത്തിൻേറയും ഫലമായി സമുദായം വളരെ വ്യത്യസ്തങ്ങളായ രണ്ടു ജാതികളായി വിഭജിക്കപ്പെട്ടിരിക്കുകയാണ്. ഒരുവശത്തു്, ധനം കൈവശമിരിക്കുന്നതും അതിനാൽ അധികാരം കൈവശമിരിക്കുന്നതുമായ പാർട്ടിയാണുള്ളതു്. അതിൻെറ പിടിയിലാണ് സകല വ്യവസായവും സകല വ്യാപാരവും. ഉല്പാദനത്തിൻെറ സകല ഉറവുകളും അതിൻെറ സ്വന്തം പ്രയോജനത്തിനും അതിൻെറ സ്വന്തം ഉദ്ദേശങ്ങൾക്കും വേണ്ടി ആ പാർട്ടി സൂത്രത്തിൽ കൈകാര്യം ചെയ്യുന്നു. രാഷ്ട്രത്തിൻെറ ആലോചനായോഗങ്ങളിൽത്തന്നെയും ആ പാർട്ടിക്കാണ് ശക്തികൂടിയ പ്രാതിനിധ്യമുള്ളതു്. മറേറ വശത്തു് ദരിദ്രരും ബലഹീനരുമായ ജനസാമാന്യമാണുള്ളതു്. അവർ കഷ്ടപ്പെടുകയും ദുരിതമനുഭവിക്കുകയും ചെയ്യുന്നു. അസ്വസ്ഥതകളുണ്ടാക്കുവാൻ എല്ലായ്പോഴും ഒരുക്കമുള്ളവരായിരിക്കുകയും ചെയ്യുന്നു.

"ഭൂമിയിൽ ഒരോഹരി ലഭിക്കുവാനുള്ള പ്രതീക്ഷ തൊഴിലാളി വർഗ്ഗങ്ങളിൽ പ്രോത്സാഹിപ്പിക്കപ്പെടുന്നപക്ഷം, അതിൻെറ ഫലമായി വിപുലമായ സമ്പത്തും കൊടിയ ദാരിദ്ര്യവും തമ്മിൽ ഇന്നുള്ള വിടവു നികത്തപ്പെടും, അവർ ഇരുകൂട്ടരും തമ്മിൽ കൂടുതൽ അടുപ്പമുണ്ടാകും. വേറൊരു ഫലം ഭൂമിയിൽനിന്നുള്ള വിളവും വളരെയധികം വർദ്ധിക്കുന്നതാണ്. തങ്ങളുടെ സ്വന്തമായവയിൽ വേലചെയ്യുമ്പോൾ മനുഷ്യരെല്ലായ്പോഴും കൂടുതൽ കഠിനമായും കൂടുതൽ സന്നദ്ധമായും വേലചെയ്യും. ...തങ്ങൾക്കും തങ്ങളുടെ പ്രിയപ്പെട്ടവർക്കും ഭക്ഷ്യവിഭവങ്ങൾ മാത്രമല്ല മററു നല്ലസാധനങ്ങളും സമൃദ്ധമായുണ്ടായിരിക്കത്തക്കവണ്ണം തങ്ങളുടെ പ്രയത്നങ്ങൾക്കനുസരണമായി അനുഭവങ്ങൾ നല്കുന്ന ഭൂമിയോടുതന്നെ പ്രിയമുള്ളവരായിരിക്കുവാൻ അവർ പഠിക്കുന്നു. ഇപ്രകാരം സ്വമനസ്സാ പ്രയത്നം ചെയ്യുവാനുള്ള ഒരു മനോഭാവത്തിൻെറ ഫലമായി ഭൂമിയിലെ വിളവും സമുദായത്തിൻെറ സമ്പത്തും എത്രവളരെ വർദ്ധിക്കുമെന്നു സ്പഷ്ടമാണല്ലോ."

ഈ കാരണങ്ങളാലാണ് 'ഭൂമി അതു കൃഷിചെയ്യുന്നവൻെറ വകയായിരിക്കണം" എന്ന കാർഷികമായ ആദർശം 13-ാം ലെയോ മാർപ്പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നതു്. തത്വത്തിലും പ്രയോഗത്തിലും നീതിയുക്തമായ വിധത്തിൽ ഈ ആദർശം നടപ്പിൽവരുത്തുവാനാണ് നാം ശ്രമിക്കേണ്ടതു്. കമ്മ്യൂണിസത്തിനുള്ള മൗലികവും ചിരസ്ഥായിയുമായ പ്രതിവിധി ഈ ആദർശത്തിലാണ് അടങ്ങിയിരിക്കുന്നതു്. അതനുസരിച്ചാണ് ഇററലിയൻ ഗവമ്മെൻറു ഭൂനയപരിഷ്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നതു്.

## അടുത്ത ആഴ്ചയിൽ

ഡിസംബർ

18 ഞാ: സുവാറ 4-ാം ഞായർ
19 തി: ഹാവുസ്സാ
20 ചൊ: ലിബെത്തോസ്
21 ബു: തോമാ
22 വ്യാ: ഇസ്സിറിയോൻ
23 വെ: വിക്ടോറിയ
24 ശ: ഡൽഫീനൂസ്


സത്യദീപം

### വരിസംഖ്യ

| | ക. ണ. പ. |
|---|---|
| പ്രതിവർഷം അഞ്ചൽ | 6—0—0 |
| പ്രതിവർഷം തപാൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |
| ഒററപ്രതി | 0—2—0 |


## ചരമവാർഷികം

എറണാകുളം മിസ്സത്തിൻെറ പ്രഥമ വികാരി അപ്പസ്തോലിക്കാ ആയിരുന്ന നിര്യാതനായ വന്ദ്യ ദിവ്യശ്രീ പഴേപറമ്പിൽ മാർ ളൂയിസ് മെത്രാൻ തിരുമനസ്സിലെ ചരമവാർഷികം പ്രമാണിച്ചു് ഡിസംബർ 9-ാംനു കാലത്തു് എറണാകുളം മെത്രാപ്പോലീത്തൻപള്ളിയിൽവച്ചു് വികാരിജനറൽ മൊററ് റവ. മോൺ: മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ റാസ അർപ്പിക്കപ്പെട്ടു. അനന്തരം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് വലിയ ഒപ്പീസ് നിർവ്വഹിച്ചു. ഉച്ചയ്ക്കു ഒട്ടനേകം സാധുക്കൾക്കു അന്നദാനവുമുണ്ടായിരുന്നു.

## കൈപ്പററി

### ഫാത്തിമാമൃതം

മഞ്ഞുമ്മൽ ദി ലിററിൽഫ്ളവർ പ്രസ്സിൽനിന്നു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഫാത്തിമാമൃതം എന്ന ഗാനകൃതി കൃതജ്ഞതാപൂർവ്വം കൈപ്പററിയിരിക്കുന്നു. ഫാത്തിമാനാഥേ, വിമലഹൃദയേ, രാജകന്യകേ, അനുതാപപ്രാർത്ഥന ( arce Domine), പ്രദക്ഷിണഗാനം ആദിയായി ഫാത്തിമാനാഥയുടെ ആഗമനം പ്രമാണിച്ചു പാടുവാനുപകരിക്കുന്ന പഴയതും പുതിയതുമായ രീതികളിലുള്ള 15 ഗാനങ്ങളുടെ സമാഹാരമാണ് ഈ ചെറുപുസ്തകം. ഇതിൻെറ കർത്താവായ റവ. ജെ. കെ. സമർത്ഥനായ ഒരു ഗാനകൃത്താണ്. ഏററവും അവസരോചിതമായ ഈ കൃതിക്കു് പ്രചുരപ്രചാരമാശംസിക്കുന്നു.

### എടക്കുന്നിലെ

## ധർമ്മസ്ഥാപനങ്ങൾ

എടക്കുന്നിലെ നസ്രത്തുകന്യകാലയത്തോടനുബന്ധിച്ചു നടത്തപ്പെടുന്ന അബലാസങ്കേതം രണ്ടാം ബ്ളോക്കിൻെറ ആശീർവ്വാദവും ഉൽഘാടനവും എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഡിസംബർ 6-ാംനു നിർവ്വഹിച്ചിരിക്കുന്നു. 1948 മാർച്ചിൽ ഉൽഘാടനം ചെയ്യപ്പെട്ട ഒന്നാം ബ്ളോക്കിൽ 35 വനിതകൾക്കു് അഭയം നല്കിയിട്ടുണ്ട്. ഡിസ്പെൻസറിക്കുവേണ്ടിയുള്ള പുതിയ കെട്ടിടത്തിൻെറ പണി പൂർത്തിയാകാറായിരിക്കുന്നു. ജീവിതശിഷ്ടം പ്രാർത്ഥനയിലും ഏകാന്തതയിലും കഴിച്ചുകൂട്ടുവാനാഗ്രഹിക്കുന്ന, സാമ്പത്തികകഴിവുകളുള്ള സ്ത്രീജനങ്ങൾക്കു് താമസസൗകര്യം നല്കുന്നതിനുള്ള പ്രത്യേക മന്ദിരം (Retreat Home) ത്തിൻെറയും ശിശുസംരക്ഷണാലയത്തിൻെറയും പണി ഉടനെ ആരംഭിക്കേണ്ടതായിട്ടാണിരിക്കുന്നതു്.

## ഫാത്തിമാനാഥയുടെ
## സഞ്ചാരപരിപാടി

ഡിസംബർ 21-ാംനു ഷൊർണ്ണൂർവച്ചു സ്വീകരണം. അന്നുരാത്രി തൃശ്ശൂർലൂർദ്ദ് പള്ളിയിൽ. 22-ാം കാലത്തുവ്യാകുലമാതാവിൻെറ പള്ളിയിലേക്കു പ്രദക്ഷിണം. 9 മണിക്കു് പൊന്തിഫിക്കൽ കർബാന. 1 മണിക്കു് വേലൂർ ഫൊറോനാപള്ളിയിലേക്കു. 3 മണിക്കു് അവിടെനിന്നും പുറപ്പെട്ടു് 5 മണിക്കു പാലയൂർ ഫൊ. പള്ളിയിൽ എത്തുന്നു. 8 മണിക്കു് തൃശ്ശൂർ വ്യാകുലമാതാവിൻപള്ളിയിൽ തിരിച്ചു വരുന്നു. 23-ാംനു 6 മണിക്കു കണ്ടശ്ശാങ്കടവു ഫൊ. പള്ളിയിലേക്കു്. 8 മണിക്കു അവിടെനിന്നും പുറപ്പെട്ടു് 9 മണിക്കു പഴുവിൽ ഫൊ. പള്ളിയിലെത്തുന്നു. അവിടെനിന്നും 10 മണിക്കു ഇരിങ്ങാലക്കുട ഫൊ. പള്ളിയിലേക്കു്. 4 മണിക്കു് അവിടെനിന്നും ഒല്ലൂർ ഫൊറോനാപള്ളിയിലേക്കു്. 24-ാംനു 7 മണിക്കു് അമ്പഴക്കാട്ടു ഫൊറോനാപള്ളിയിലേക്കു്. 10-30-നു അവിടെനിന്നും ചാലക്കുടി ഫൊ. പള്ളിയിലേക്കു്. ചാലക്കുടിയിൽനിന്നും 3 മണിക്കു് എറണാകുളം അതിരൂപതയിൽപ്പെട്ട കോതമംഗലത്തേക്കു്. യാത്രാമദ്ധ്യേ മററിടവകകളിലും കുറച്ചുസമയംവീതം ചെലവഴിക്കുന്നതാണ്.

കോതമംഗലത്തുനിന്നു അന്നുതന്നെ മംഗലപ്പുഴ സെമിനാരിയിലെത്തുന്നു. അനന്തരപരിപാടികൾ നേരത്തെ പ്രസിദ്ധംചെയ്തിരുന്നല്ലോ. അതനുസരിച്ചു് ഡിസംബർ 28-ാംനു എറണാകുളത്തു്. ഡിസംബർ 30-ാംനു കൊച്ചിയിൽ. ഡിസംബർ 31-ാംനു പള്ളുരുത്തിയിൽ പരേഡ് മൈതാനത്തു് പൊന്തിഫിക്കൽ കർബാന ജനുവരി 1-ാംനു പള്ളുരുത്തിയിൽ പൊന്തിഫിക്കൽ കർബാനയ്ക്കുശേഷം അത്തുങ്കൽക്കുടി ആലപ്പുഴയ്ക്കും.

ജാനുവരി 2-ാംനു ഉച്ചകഴിഞ്ഞു 3 മണിക്കു ആലപ്പുഴ ജട്ടിയിൽവെച്ചു് കോട്ടയം, വിജയപുരം, ചങ്ങനാശ്ശേരി, തിരുവല്ല ഈ നാലു രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ തിരുസ്വരൂപം സ്വീകരിച്ചു ജലമാർഗ്ഗം കോട്ടയത്തേക്കു കൊണ്ടുപോകും. തദനന്തരം മെത്രാന്മാരുടെ സ്വീകരണത്തിനും പ്രാർത്ഥനായോഗത്തിനുംശേഷം ക്രിസ്തുരാജകത്തീഡ്രലിലേക്കു പ്രവേശിക്കും. ജനുവരി 3-ാംനു പൊന്തിഫിക്കൽ കുർബാന. 4-ാംനു വിജയപുരം കത്തീഡ്രലിൽ പൊന്തിഫിക്കൽ കുർബാന. 5-ാംനു ഉച്ചകഴിഞ്ഞു 3 മണിക്കു കോട്ടയത്തുനിന്നു കുടമാളൂർ, മന്നാനംവഴി അതിരമ്പുഴ എത്തി താമസം. 6-ാംനു ഏറ്റുമാനൂർവഴി മുട്ടുചിറ, കടുത്തുരുത്തി ആദിയായ സ്ഥലങ്ങൾ കടന്നു കുറവിലങ്ങാട്ടെത്തും. 7-ാംനു കുറവിലങ്ങാട്ടുനിന്നു കുര്യനാട്, ഉഴവൂർ, മോനിപ്പള്ളി, പുതുവേലി, കൂത്താട്ടുകുളം, മാറിക, മുങ്ങം മുതലായ സ്ഥലങ്ങൾ കടന്നു തൊടുപുഴ എത്തും. ഉച്ചകഴിഞ്ഞു രാമപുരത്തേക്കു്. 8-ാംനു പാലാ, കിടങ്ങൂർ എന്നീ സ്ഥലങ്ങൾ സന്ദർശിച്ചു് തിരിച്ചു രാമപുരത്തെത്തുന്നു. 9-ാംനു ഭരണങ്ങാനത്തേക്കു്. 10-ാംനു അരുവിത്തുറവഴി കാഞ്ഞിരപ്പള്ളിയിലെത്തും. 11-ാംനു ചങ്ങനാശ്ശേരിയിൽ. 12-ാംനു കുട്ടനാടൻ പ്രദേശങ്ങളിലേക്കു്. ഉച്ചയ്ക്കു പുളിങ്കുന്നിലും വൈകുന്നേരം ചമ്പക്കുളത്തും. 13-ാംനു വീണ്ടും ചങ്ങനാശ്ശേരിയിലേക്കു്. 14-ാംനു തിരുവല്ലായിലേക്കു്. ഉച്ചകഴിഞ്ഞു നിരണത്തേക്കു്. വൈകുന്നേരം തിരുവല്ലായിൽ. 15-ാംനു ചെങ്ങന്നൂർക്കു്. അവിടെനിന്നും അന്നുതന്നെ കൊല്ലത്തേക്കു്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത.

എൽസി സ്റ്റീഫൻ കുണിഞ്ഞി

---

## ചോദ്യോത്തരപംക്തി

**ചോ:** സഭാപുനരൈക്യത്തിനുവേണ്ടി പ്രയത്നിക്കുന്ന സർവ്വലോകസഭാകൗൺസിലിൽ കത്തോലിക്കാസഭ ചേരാതെ മാറിനിൽക്കുന്നതെന്തുകൊണ്ടാണു്?

**ഉ:** യേശുക്രിസ്തു സ്ഥാപിച്ച സഭയാണു് കത്തോലിക്കാസഭയെന്നും അതു് പിളർന്നു പലതായി പോയിട്ടില്ലെന്നും മുടക്കമൂലവും എതിർപ്പുമൂലവും സ്വയം പുറത്തുപോയിട്ടുള്ളവർ അവരുടെ അനുസരണക്കേടു കളഞ്ഞു് തിരിച്ചുവരേണ്ടതാണെന്നും അതു വിശ്വസിക്കുന്നു. അതിനാൽ ക്രിസ്തു സ്ഥാപിച്ച സഭ പലതായി ഭിന്നിച്ചു എന്നോ അതു് ഇനിയും മനുഷ്യപരിശ്രമത്താൽ കൂട്ടിച്ചേർക്കപ്പെടേണ്ടതായിട്ടാണിരിക്കുന്നതെന്നോ ആ ഐക്യം സ്ഥാപിക്കേണ്ടതു വിഭിന്നസഭകൾ തമ്മിലുള്ള ഒരു ഒത്തുതീർപ്പിനാലായിരിക്കണമെന്നോ ഉള്ള തത്വം കത്തോലിക്കാസഭയ്ക്കു സമ്മതിക്കുവാൻ നിവൃത്തിയില്ലാത്തതാണു്. യേശുക്രിസ്തു വാഗ്ദാനംചെയ്തിട്ടുള്ള ഐക്യം ഭൂലോകമെങ്ങുമുള്ള വിവിധജാതിമതങ്ങളുടെ ഇടയിൽ പടർന്നുകിടക്കുന്ന കത്തോലിക്കാസഭ ഇന്നും പരിപാലിച്ചുവരുന്നു. അതിനാൽ അതിൽനിന്നും ഭിന്നിച്ചു മാറിനിൽക്കുന്ന ഏതെങ്കിലും സഭകളുമായി വിശ്വാസകാര്യത്തിലോ ഭരണകാര്യത്തിലോ ഒരു ഒത്തുതീർപ്പുണ്ടാക്കേണ്ട ആവശ്യം കത്തോലിക്കാസഭയ്ക്കില്ല. സഭ പിളർന്നുപോയെന്നോ, ഭിന്നിച്ചുപോയെന്നോ വഴക്കിട്ടു് പലതായി പിരിഞ്ഞെന്നോ സമ്മതിക്കുന്ന പക്ഷം പാതാളവാതിലുകൾ സഭയ്ക്കെതിരായി പ്രബലപ്പെടുകയില്ലായെന്നു കർത്താവരുളിച്ചെയ്തിട്ടുള്ള വചനം നിഷ്ഫലമായിത്തീർന്നുവെന്നും തന്മൂലം യേശുക്രിസ്തു ദൈവമല്ലെന്നും തന്റെ വചനങ്ങൾ സുസ്ഥിരങ്ങളല്ലെന്നും തള്ളിപ്പറയുന്നതിനു സമമായിരിക്കും. അതിനാൽ കത്തോലിക്കാസഭയ്ക്കു് അത്തരമുള്ള ഒരാലോചനാസംഘത്തിൽ പങ്കുകൊള്ളുവാൻ നിവൃത്തിയില്ല.

(സത്യസഭാകാഹളം)

സ്പാനിഷ് കർമ്മലിത്താക്കാരുടെ സുപ്പീരിയർ പ്രൊവിൻഷ്യൽ



## വെരി റവ. ഫാ. ഹിപ്പോലിററ് ഡി. സി. എൽ.

ഉത്തരസ്പെയിനിലുള്ള നവാറാ പ്രോവിൻസിലെ കർമ്മലീത്താ സന്യാസസഭകളുടെ സുപ്പീരിയർ പ്രൊവിൻഷ്യൽ വെ. റവ. ഫാ. ഹിപ്പോലിററ് ഡി. സി. എൽ. അവർകൾ ഡിസംബർ 2-ാംനു മംഗലപ്പുഴ സെമിനാരിയിൽ എത്തുകയുണ്ടായി. നവാറാ പ്രോവിൻസിലെ ആശ്രമങ്ങളിൽ താമസിക്കുന്നവരും തെക്കെ അമേരിക്കാ, പനാമാ, അമേരിക്കൻ ഐക്യസംസ്ഥാനങ്ങൾ, മെക്സിക്കോ, തെന്നിന്ത്യ എന്നീ രാജ്യങ്ങളിൽ മിഷനറി ജോലി നിർവ്വഹിക്കുന്നവരുമായ അഞ്ഞൂറോളം കർമ്മലീത്താ സന്യാസികളുടെ മേലധ്യക്ഷനാണിദ്ദേഹം. അമേരിക്കയിലെ ഔദ്യോഗികസന്ദർശനം പൂർത്തിയാക്കിയതിനുശേഷം ഈ സന്യാസിവര്യൻ മലബാർ മിഷൻ സന്ദർശനത്തിനായി ഇവിടെ എത്തിയിരിക്കുകയാണു്. അതിവന്ദ്യനായ ഫാദർ ഹിപ്പോലിററ് കാനൻനിയമശാസ്ത്രത്തിൽ പേരുകേട്ട ഒരു പണ്ഡിതനാണു്. റോമയിലെ ചില തിരുസംഘങ്ങളുടെ കൺസൽട്ടരായിരുന്ന ഇദ്ദേഹം, പൗരസ്ത്യസഭകൾക്കായിട്ടുള്ള കാനൻനിയമം ക്രോഡീകരിക്കുന്നതു സംബന്ധിച്ചു് ചെയ്തിട്ടുള്ള സേവനങ്ങളും സഹായങ്ങളും അമൂല്യങ്ങളാണെന്ന സംഗതി പ്രത്യേകം പ്രസ്താവയോഗ്യമാണു്.

---

## പ്രാദേശികവാർത്തകൾ

ആലുവാ സെന്റ് ഷേവിയേഴ്സ് ഹൈസ്കൂൾദിനം ഐക്യസംസ്ഥാന ലീഗ് സെക്രട്ടറി ശ്രീ കെ. ജി. മേനോന്റെ അദ്ധ്യക്ഷതയിൽ ഡിസംബർ 10-ാംനു നടന്നിരിക്കുന്നു. മി. കെ. ജെ. സിറിയക്ക് എം. എ. ബി. എൽ. ആയിരുന്നു പ്രാസംഗികൻ. യോഗത്തിനു മുമ്പു് ശ്രീ കെ. ജി മേനോൻ മോൺ. വല്യാറമ്പത്തുമൊരുമിച്ചു ചുണങ്ങംവേലിയിലെ സാധുവൃദ്ധമന്ദിരം സന്ദർശിച്ച കാര്യം പ്രത്യേകം പ്രസ്താവ്യമാണു്.

—അത്തൂർ ദി റോയൽ 'യുണൈറ്റഡ്' കാംപ്ലൂററ് ഫാക്ടറി തൊഴിലാളികളുടെയും മാറ്റു പ്രവർത്തകരുടെയും വകയായി അത്തൂർ സെന്റ് അഗസ്റ്റിൻസ് ദേവാലയത്തിൽ ആഘോഷിച്ച വി. കൊച്ചുത്രേസ്യായുടെ തിരുനാൾ പ്രമാണിച്ചു് ഡിസംബർ 2, 3, 4 എന്നീ തീയതികളിൽ മോൺ. ജേക്കബ് നടുവത്തുശ്ശേരി അവർകളുടെ പ്രസംഗങ്ങളുണ്ടായിരുന്നു. അവസാനദിവസം മോൺസിഞ്ഞോർ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട പൊതുയോഗത്തിൽ റവ. ഡോക്ടർ തോമസ് മൂത്തേടൻ, ബ്രഹ്മശ്രീ മംഗളാനന്ദസ്വാമികൾ എന്നിവർ പ്രസംഗിച്ചു.

—ഒല്ലൂർ ഗേൾസ് സൊഡാലിറ്റിയുടെ വാർഷികസമ്മേളനം ഡിസംബർ 11-ാംനു റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. മിസ് കെ. വി. ത്രേസ്യാമ്മ (ലേഡീവാർഡൻ) മി. ടി. ഒ. മാത്യു എം. എ. എന്നിവർ പ്രസംഗിച്ചു.

—എടവനക്കാട്ടു് വി. അംബ്രോസിസ് പുണ്യവാന്റെ തിരുനാൾദിനമായ ഡിസംബർ 7-ാംനു നാനാജാതി മതസ്ഥരായ പൊതുജനങ്ങളെ ഉദ്ദേശിച്ചു കമ്മ്യൂണിസം എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഫാ. ജോസഫ് തോട്ടുകത്തു ബി. എ. ബി. ടി. ഉജ്ജ്വലമായ ഒരു പ്രസംഗം ചെയ്തിരിക്കുന്നു.

—കോടിക്കുളം അ. കെ. ക. കോൺഗ്രസ് ശാഖയുടെ ഒരു പൊതുയോഗം റവ. ഫാ. ജേക്കബ് ... അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി ശ്രീ ദേവസ്യാ തോമസ് കപ്പിൽ പ്രസിഡണ്ടായി പുതിയ കമ്മിറ്റിയെ തിരഞ്ഞെടുത്തിരിക്കുന്നു.

—ഇവൂർ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ... ന്റെ ഒരു പൊതുയോഗം അതിന്റെ തിരുനാൾ പ്രമാണിച്ചു് ഡിസംബർ 10-ാംനു ശ്രീ വി. എ. ... ബി. എ. യുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ പി. പി. പപ്പു ശ്രീ ടി. ഒ. വറുഗീസ് എന്നിവർ പ്രസംഗിച്ചു.

—പെരിങ്ങഴ ഡിസംബർ 10-ാംനു റവ. ഫാ. ആന്റണി കണ്ടത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂടുകയും ശ്രീമതി കെ. എം. ഏലിസബത്തു്, ശ്രീ പി. സി ലൂയിസ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—തൈക്കാട്ടുശ്ശേരി മരിയാസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 10-ാംനു കൂടിയ പൊതുയോഗത്തിൽ റവ. ഫാ. പോൾ ലൂയിസ് അദ്ധ്യക്ഷത വഹിക്കുകയും മി. ജോസഫ് ചക്കുങ്കൽ ബി. എ. ബി. ടി. ബി. എൽ, മി. ശേയ്യാർ തളിയാടി, മി. സി. വി. ജേക്കബ് ബി. എസ് സി. ബി. എൽ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—തൃപ്പൂണിത്തുറ മരിയാസഖ്യത്തിന്റെ വാർഷികം റവ. ഫാ. തോമസ് സിതളിയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. മി. ഉളപ്പു നേരേവീട്ടിൽ ആയിരുന്നു പ്രാസംഗികൻ.

—കണ്ടനൂർ മരിയാസഖ്യത്തിന്റെ വാർഷികവും വിൻസെന്റ് ഡി പോൾ സംഘത്തിന്റെ ഉൽഘാടനവും ഡിസംബർ 4-ാംനു റവ. ഫാ. വറുഗീസ് അരക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ചു നടത്തപ്പെട്ടു. മി. ടി. ഒ. മാത്യു എം. എ. ആയിരുന്നു പ്രാസംഗികൻ. യോഗാനന്തരം സഖ്യാംഗങ്ങൾ "സുകൃതീന്ദ്രൻ" തന്മയത്വത്തോടുകൂടി അഭിനയിച്ചു.

—ഒല്ലൂർ പള്ളി ഇടവകയിൽ പുഷ്പഗിരി എന്ന കുന്നിൽ ഫാത്തിമാമാതാവിന്റെ നാമത്തിൽ പണിചെയ്തുവരുന്ന ദേവാലയത്തിൽ ഡിസംബർ 8-ാംനു ആദ്യമായി ദിവ്യപൂജ അർപ്പിച്ചിരിക്കുന്നു.

—റവ. ഫാ. ജോർജ്ജ് പാലയൂർ അവർകളുടെ ഗുരുപ്പട്ടജൂബിലി അവിണൂർ വടക്കേപ്പള്ളിയിൽവച്ചു്, തൃശ്ശൂർ മെത്രാൻ തിരുമനസ്സിലേയും അനേകം വൈദികരുടെയും സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു.

## ചരമങ്ങൾ

കരുകുററി കർമ്മലീത്താമഠത്തിലെ അംഗമായിരുന്ന ബ. കത്രീനാമ്മ ഡിസംബർ 12-ാംനു നിര്യാതയായി.

—വല്ലം ഇടവക പാറക്കാടൻ പൈലി വറീതു 92-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു.

—വൈക്കം പത്തുപറയിൽ ഐസക് അവർകളുടെ മാതൃമാതാവു് അന്നമ്മ ഡിസംബർ 4-ാംനു 80-ാമത്തെ വയസ്സിൽ നിര്യാതയായിരിക്കുന്നു. R. I. P.

## പുതിയ നോട്ടുകൾ

ഇൻഡ്യാഗവൺമെന്റിന്റെ പുതിയ കറൻസിനോട്ടുകൾ 1950 ജനുവരി 26-ാംനു മുതൽ പ്രചാരത്തിൽ വരുന്നതാണെന്നു് ഇൻഡ്യാ ധനകാര്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

## സർവ്വീസ് കമ്മീഷൻ

ഗവൺമെന്റു സർവ്വീസിൽ നിയമനങ്ങൾ നടത്തുന്നതിലേക്കു് രൂപവൽകൃതമായിരിക്കുന്ന പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനമാരംഭിച്ചിട്ടുള്ളതിനാൽ ഏതൽസംബന്ധമായ അപേക്ഷകൾ മേലാൽ ഗവൺമെന്റിലേക്കയയ്ക്കാതെ കമ്മീഷനു് അയയ്ക്കേണ്ടതാണെന്നു് ഐക്യസംസ്ഥാന ഗവൺമെന്റ് ഒരു പ്രസ്സ്നോട്ടുമൂലം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

## വിനോദവീഥി

ഭാര്യ: "നിങ്ങൾക്കു ലജ്ജ തോന്നുന്നില്ലേ ഇത്രയധികം കുടിച്ചുകൊണ്ടുവരാൻ? ഒരു കഴുതയ്ക്കുപോലുമറിയാമല്ലോ കുടിച്ചു മതിയാകുന്നതെപ്പോഴാണെന്നു്."

ഭർത്താവു്: "വെള്ളം കുടിക്കുമ്പോൾ എനിക്കും അതറിയാം."

* * *

ഒരു ക്ലബ്ബിലെ അംഗം താൻ ഉടൻതന്നെ വിവാഹം കഴിക്കാനുദ്ദേശിച്ചിരിക്കുന്ന കാര്യം കൂട്ടുകാരെ അറിയിച്ചു.

"നിങ്ങളുടെ വിവാഹജീവിതം വിജയകരമായിരിക്കുമെന്നു് ഞാൻ പ്രതീക്ഷിക്കുന്നു" ഒരാൾ അഭിപ്രായപ്പെട്ടു.

"അങ്ങനെ ആകാതിരിക്കാൻ ഞാൻ യാതൊരു കാരണവും കാണുന്നില്ല. ഇക്കഴിഞ്ഞ മഹായുദ്ധത്തിൽപ്പോലും ഞാൻ അപകടംകൂടാതെ രക്ഷപെടുകയുണ്ടായല്ലോ."

* * *

The Sister was explaining that man is a reasonable animal.

"How?" cried out a little girl. "Man an animal? How can that be?"

"But yes, child...man is an animal to whom God has given a soul."

"An animal?" repeated Bamata grinning from ear to ear and shocked. While her little companion cried out, lifting her arms to Heaven:

"Thank God we are not men."

## യാക്കോബായ സഭയിലെ

# സമാധാനപരിശ്രമങ്ങൾ

(ടി. സി.)

ഈ ശീർഷകത്തിൽ റവ: ഫാ. ഇഞ്ചെയ്ക്കലോടി അവർകൾ എഴുതി തിരുവല്ലം സെൻറ് ജോസഫ്സ് മുദ്രാലയത്തിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഒരു ചെറുപുസ്തകം ഈയിടെ എൻെറ പക്കൽ കിട്ടി. പുസ്തകം ഞാൻ ആദ്യന്തം വളരെ അവധാനപൂർവ്വം വായിച്ചുനോക്കി. ബ. ഗ്രന്ഥകാരൻ "സത്യദീപ"ത്തിൽ എഴുതിയിരുന്ന ലേഖനങ്ങളും, അവയെപ്പററി "ചർച്ച്‌വീക്കിലി"യും "മലങ്കരസഭ"യും എഴുതിയ വിമർശനങ്ങളും, അതിനുള്ള സമാധാനവുമാണെല്ലാം പുസ്തകത്തിലെ ഉള്ളടക്കം. ഞാൻ എത്രതന്നെ ആവർത്തിച്ചാവർത്തിച്ചുവായിച്ചുനോക്കിയിട്ടും ബഃ ഗ്രന്ഥകാരൻെറ "സത്യദീപ"ലേഖനങ്ങൾക്കുള്ള മറുപടി ഒന്നുംതന്നെ ഉദ്ധൃതവിമർശനങ്ങളിൽ കാണ്മാൻ എനിക്കു കഴിഞ്ഞില്ലെന്നു പ്രസ്താവിച്ചുകൊള്ളട്ടെ. മലങ്കരയാക്കോബായ സഭയിലെ പണ്ഡിതന്മാരായ രണ്ടു പത്രാധിപന്മാർക്ക് ഈ ഗൗരവമേറിയ വിഷയത്തെപ്പററി കാര്യമായൊന്നുംതന്നെ പറയാനില്ലാതെപോയതു ലജ്ജാവഹമായിപ്പോയി. തന്മൂലം സാമാന്യനായ ഒരു വായനക്കാരനു അവരുടെ വിമർശനം കേവലം ബാലിശവും വ്യക്തിവിദ്വേഷജന്യവുമായിട്ടേ തോന്നൂ. നേരെമറിച്ച് ബ. ഗ്രന്ഥകാരനാകട്ടെ വ്യക്തിസ്പർശം ലവലേശംകൂടാതെ ശരിയായ ലക്ഷ്യങ്ങൾ കൊണ്ടു് പ്രതിയോഗികളുടെ വാദമുഖങ്ങളെ ഖണ്ഡിക്കുന്നു. ചർച്ച്‌വീക്കിലിയുടെ പത്രാധിപക്കു പററിയതാണ് വലിയ അമളി. പച്ചമലയാളത്തിൽ പറഞ്ഞാൽ അദ്ദേഹം വടികൊടുത്തടിമേടിക്കയാണ് ചെയ്തിരിക്കുന്നതു്. ആരാലും അഴിക്കാൻ കഴിയാത്ത ഗോർഡിയൻ കുരുക്കിൽ മലങ്കരസഭ കുടുങ്ങിക്കിടക്കയാണെന്നു പരോക്ഷമായി സമ്മതിച്ചിരിക്കുന്നു. ഇവിടത്തെ ബാവാകക്ഷിയും മെത്രാകക്ഷിയും ഈ ഗോർഡിയൻ കുരുക്കിൽ കുടുങ്ങിക്കിടക്കുന്നെങ്കിൽ ഇതിനു മോചനം എങ്ങനെ? ആരാലും കുരുക്ക് അഴിക്കാൻ കഴികയുമില്ല. ഗ്രീസിലെ പീററർ രാജകുമാരനെ എന്തിനു് വെറുതെ ഈ പാഴ്വേലയ്ക്കു തള്ളിവിടുന്നു! ഗോർഡിയൻ കുരുക്ക് അറുത്തുകളഞ്ഞതുപോലെ ചെയ്യേണ്ടിവരും. അപ്പോൾ മലങ്കരസഭ (യാക്കോബായസഭ) അതിൻെറ മാതൃസഭയായ കത്തോലിക്കാസഭയോടു പുനരൈക്യപ്പെടും. ഇതാണ് സത്യം. ബഃ ഗ്രന്ഥകാരൻെറ മറുപടിക്കുള്ള ആസ്വാദ്യത ഒന്നു വേറെയാണ്. വക്രോക്തിയോ അതിശയോക്തിയോ കൂടാതെ വെറും യാഥാർത്ഥ്യങ്ങൾമാത്രം വകയും തുകയും നിരത്തി വായനക്കാരുടെ മുമ്പിൽ വെച്ചിരിക്കയാണ്. ആരു പറയുന്നതാണ് പരമാർത്ഥം എന്നു വായനക്കാർ വിധി പറയേണ്ടതായിട്ടാണു വച്ചിരിക്കുന്നതു്. അദ്ദേഹത്തിൻെറ ഭാഷ സരസലളിതവും വിമലകോമളവുമാണ്. ഏതു പാമരനും മനസ്സിലാകത്തക്കതാണ് പ്രതിപാദനരീതി. എതൃകക്ഷികളുടെ സഭയിലെ പ്രശസ്തരായ വൈദികരുടേയും അയ്മേനികളുടേയും സാക്ഷ്യങ്ങൾ കൊണ്ടുതന്നെ വിമർശനക്കാരുടെ വാദമുഖങ്ങളെ ന്യായമായി ഖണ്ഡിച്ചിരിക്കുന്നതിൽ ബഃ ഗ്രന്ഥകാരൻ പ്രദർശിപ്പിച്ചിരിക്കുന്ന ഔചിത്യദീക്ഷ അനന്യാദൃശംതന്നെ. പ്രതിപക്ഷത്തിനു് കടിച്ചുതൂങ്ങാൻ യാതൊരു പഴുതും വെച്ചുകൊടുക്കാതെ അവരുടെ വായ്മൂടിക്കെട്ടുകയാണ് ഗ്രന്ഥകാരൻ ചെയ്തിരിക്കുന്നതെന്നു ഇനി പറയാതെ നിവൃത്തിയില്ല. ഈ ഒരേ ഒരു കൃത്യംകൊണ്ടുതന്നെ ബഃ ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി സകല സഹൃദയരുടേയും മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭൂതനായിരിക്കുന്നു.

ഈ പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ എനിക്കു ഒരു സംഗതി ഓർമ്മവന്നു. യാക്കോബായ സഭയിലെ ഒരു പ്രമുഖവ്യക്തി, എറണാകുളം നഗരസഭയുടെ പ്രഥമ അദ്ധ്യക്ഷൻ, പ്രഗത്ഭമതിയായ ഒരു അഭിഭാഷകവീരൻ, നലംതികഞ്ഞ ഒരു പണ്ഡിതൻ എന്നി വിവിധനിലകളിൽ കേരളമെങ്ങും കേൾവികേട്ട റാവുസാഹിബ് ശ്രീ പി. കെ. വറുഗീസു് അവർകളുടെ കഥയാണ് അതു്. ഈ അടുത്തകാലത്തു് മദ്രാസിൽ വെച്ചു നടന്ന ദിവ്യകാരുണ്യകോൺഗ്രസ്സ് മഹാമഹം ആരും മറന്നിരിക്കാനിടയില്ലല്ലോ. അതോടൊന്നിച്ചാണ് ശ്രീ പി. കെ. വറുഗീസ് അവർകൾ കത്തോലിക്കാസഭയുമായി പുനരൈക്യം പ്രാപിച്ചതു്. ആ മംഗളകർമ്മം നടക്കുന്നതിനു് ഏതാണ്ടു് 6 മാസംമുമ്പു് ഞങ്ങൾതമ്മിൽ ഉദ്ദേശം രണ്ടു മണിക്കൂറോളം നേരം സഭാകാര്യങ്ങളെപ്പററി ഒരു സംഭാഷണം നടക്കുകയുണ്ടായി. ഞാനാണ് സംഭാഷണമദ്ധ്യേ വട്ടിപ്പണക്കേസ്സിൻെറ കാര്യം എടുത്തിട്ടതു്. അതെപ്പററി അദ്ദേഹം എന്നോടു പറഞ്ഞതു് ഞാൻ അതേപടി ഇവിടെ പകർത്താം. "യാക്കോബായസഭയിൽ ഒരിക്കലും സമാധാനം ഉണ്ടാവില്ല. സത്യത്തിൽനിന്നു് തെററിയിരിക്കുന്നേടത്തോളം മിശിഹാതമ്പുരാൻെറ അനുഗ്രഹം ഉണ്ടാകുമെന്നു എങ്ങനെ പ്രതീക്ഷിക്കാം? മലങ്കരയാക്കോബായസഭ മെത്രാകക്ഷിയെന്നും ബാവാകക്ഷിയെന്നും രണ്ടു ചേരികളായി തിരിഞ്ഞുനിന്നു നടത്തിക്കൊണ്ടിരിക്കുന്ന ഈ സമരം ഒരിക്കലും അവസാനിക്കയില്ല. ഞാനി കേസു നല്ലപോലെ പഠിച്ചവനാണ്. രണ്ടു കക്ഷികളേയും ഞാൻ നല്ലപോലെ അറിയും. വെറും ദുർവാശിക്കുവേണ്ടി ലക്ഷക്കണക്കിനു പണം വാരിയും കോരിയും ചെലവാക്കിക്കൊണ്ടിരിക്കുന്ന കൂട്ടരുണ്ടോ ഗുണമുണ്ടാകാൻ പോകുന്നു? കേസു ജയിക്കാൻവേണ്ടി മനസ്സാക്ഷിപോലും വഞ്ചിച്ചു് എന്തു കൃത്രിമം ചെയ്യാനും വേണ്ടിവന്നാൽ കള്ളസ്സാക്ഷിപോലും പറയാനും മടിയില്ലാത്തവരുടെ സഭയിലെങ്ങനെ സമാധാനം ഉണ്ടാകും? ഞാൻ കാലംചെയ്ത വരാപ്പുഴമെത്രാപ്പോലീത്ത ഡോക്ടർ ബെൻസിഗർ തിരുമേനിയുടെ വക്കീലായിരുന്നകാലത്തു് വളരെ വാശിയോടുകൂടി നടത്തിയ നടുവിലെപ്പള്ളിക്കേസ്സിൽ മെത്രാപ്പോലീത്തതിരുമേനിയെ കമ്മീഷൻവെച്ചു വിസ്തരിക്കയുണ്ടായി. ഒരു ചെറിയ കള്ളം പറയേണ്ടതുണ്ടായിരുന്നു. മദ്രാസിൽനിന്നും പ്രത്യേകം വന്ന വക്കീലിൻെറ നിർദ്ദേശം ഇങ്ങനെ കൂടിയേ കഴിയൂ എന്നായി. ഈ വർത്തമാനവുമായി ഞാൻ തിരുമേനിയെ സമീപിച്ചു. അപ്പോഴാണ് എനിക്കു തെററിപ്പോയെന്നു മനസ്സിലായതു്. അദ്ദേഹം എന്നോടതിനു പറഞ്ഞ സമാധാനം എന്നെ കത്തോലിക്കാസഭയിലേക്കു കൂടുതൽ ആകർഷിച്ചു. അദ്ദേഹം പറഞ്ഞതിങ്ങനെയാണ്: "Well, Mr. Varghese, I have but one soul. I must give it to my Lord, and not to the devil." ഇതേ പല്ലവിതന്നെയാണ് ഞാൻ എൻെറ ഭാര്യയോടും കുട്ടികളോടും ഊണിലും ഉറക്കത്തിലും പറഞ്ഞുകൊണ്ടിരിക്കുന്നതു്. അവർ നിന്നാലും ശരി, പോയാലും ശരി എൻെറ ആത്മരക്ഷ ഞാൻതന്നെ വേണമല്ലോ നോക്കാൻ. ഞാൻ ഉറച്ചുകഴിഞ്ഞു. ഇനി ഏറെ താമസമുണ്ടാകുമെന്നു തോന്നുന്നില്ല." അദ്ദേഹം മനസ്സിൽ നിശ്ചയിച്ചുറച്ചതുപോലെതന്നെ അക്കാര്യം സാധിക്കയുംചെയ്തു. എന്തെല്ലാം പ്രതികൂലശക്തികളോടു മല്ലടിച്ചാണ് ആ സുപ്രഭാതത്തിൽ അദ്ദേഹം പത്രോസിൻെറ പരമാധിപത്യം ഏററുപറഞ്ഞു് മാതൃസഭയിലേക്കു മടങ്ങിപ്പോന്നതു്! അക്കാര്യത്തിൽ അദ്ദേഹത്തെ തീവ്രമായി തടഞ്ഞുകൊണ്ടിരുന്ന കുടുംബാംഗങ്ങളുടേയും ബന്ധുമിത്രാദികളുടേയും മുഷിച്ചിലും പേറിക്കൊണ്ടാണ് അദ്ദേഹം സൂത്രത്തിൽ ഇവിടെനിന്നും സ്വന്തം പുത്രിയെ കാണ്മാൻ പോകുമെന്നുള്ള നാട്യത്തിൽ കടന്നതു്. എൻെറ അറിവു ശരിയെങ്കിൽ അദ്ദേഹത്തിൻെറ മൂത്തപുത്രൻ ശ്രീ പി. വി. കുര്യൻ പിതാവിനെ പിന്തുടർന്നു വല്ല വിധത്തിലും അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ആ അവസാനഘട്ടത്തിലും ഒരു ശ്രമം നടത്തിയത്രെ. പക്ഷേ തൻെറ ആത്മാവിനെ ദൈവത്തിനു കൊടുക്കാൻ പോകുന്ന ആ ധീരകേസരിയുണ്ടോ പിന്തിരിയാൻ ഭാവിക്കുന്നു! തൻെറ പിതാവു് ഏതു സംരംഭത്തിലേർപ്പെട്ടാലും ഒരിക്കലും പിന്തിരിയുന്ന ദേഹമല്ലെന്നു നല്ല നിശ്ചയമുള്ള പുത്രനാണ് ഒരവസാനക്കൈ നോക്കാൻ പുറപ്പെട്ടതു്. വക്കീൽ അവർകളുടെ അന്തരാത്മാവു് എത്രയോ നേരത്തെ മാതൃസഭയുമായി ഐക്യപ്പെട്ടുകഴിഞ്ഞിരുന്നു! തിരുസ്സഭയുടെ ഔദ്യോഗികമായ ഒരു ചടങ്ങുമാത്രമേ വേണ്ടിയിരുന്നുള്ളു. അതവിടെ വച്ചു നിർവ്വിഘ്നം നടത്തപ്പെടുകതന്നെ ചെയ്തു. ഇദ്ദേഹം വെട്ടിത്തെളിച്ച ശരിയായ മാർഗ്ഗം തൻെറ സന്തതിപരമ്പരകൾക്കും ബന്ധുമിത്രങ്ങൾക്കും സ്വീകാര്യമായിരിക്കാനേ വഴിയുള്ളൂ. ശ്രീ മാമ്മൻമാപ്പിള, ശ്രീ സി. പി. മാത്തൻ മുതലായ മഹാരഥന്മാരും എന്തെല്ലാം പ്രതിബന്ധങ്ങൾ നേരിട്ടാലും സത്യം അന്വേഷിച്ചു് കണ്ടുപിടിച്ചു പ്രവർത്തിച്ചിരുന്നെങ്കിൽ! ഇദുർവ്വാശിക്കുവേണ്ടി ചെലവിടുന്ന പണംകൊണ്ടു സമുദായത്തിനു പൊതുവെ ഗുണകരമായ മററു വല്ല പ്രസ്ഥാനങ്ങളും ആരംഭിച്ചിരുന്നെങ്കിൽ! റവ: തോമസ് ഇഞ്ചെയ്ക്കലോടിയുടെ ഈ ചെറുപുസ്തകം അവരുടെ കണ്ണുതുറപ്പിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും ഗ്രന്ഥകാരനു ഭാവുകം നേർന്നുകൊണ്ടും സത്യാന്വേഷകരായ യാക്കോബായസഹോദരങ്ങൾ പ്രസ്തുതകൃതി ഒരാവർത്തിയെങ്കിലും വായിപ്പാൻ അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ വിരമിക്കുന്നു.


# "ഫാത്തിമാമൃതം"

തീർത്ഥാടനഗാനങ്ങൾ

## സന്ദർഭോചിതമായ—ഒരു പുതിയ പാട്ടുപുസ്തകം

സുപ്രസിദ്ധ ഗാനരചനാവിദഗ്ദ്ധനായ റവ. ജെ. കെ., ഫാത്തിമാംബികയ്ക്കു സമർപ്പിക്കുന്ന തിരുമുൽക്കാഴ്ച! ഏററവും ആധുനികങ്ങളും, ചിരപ്രതിഷ്ഠിതങ്ങളുമായ രീതികളുടെ സമാഹാരം. കരളും കാതും കുളിർപ്പിക്കുന്ന ഭക്തിപീയൂഷം. ഉടനെ ആവശ്യപ്പെടുക. വില 2 ണ.

| | | | ക. ണ. പ. |
|---|---|---|---|
| ഫാത്തിമാകൊടികൾ | | 100-നു | 3—8—0 |
| ബാഡ്ജുകൾ | | 100-നു | 2—0—0 |
| പടങ്ങൾ | 9 x 7" | 1-നു | 0—1—3 |
| ചെറുപടങ്ങൾ | | 100-നു | 1—4—0 |

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ A. O. & P. O.


അത്ഭുതപ്രവർത്തകനായ മുതലക്കോടം വി ഗീവറുഗീസു് പുണ്യവാൻെറയും ബഃ അൽഫോൻസാമ്മയുടേയും മാദ്ധ്യസ്ഥതയിൽ കാര്യസാദ്ധ്യതകൾക്കു് ഉപകാരസ്മരണ.

K. J. J., Nayyasary

## ഫാത്തിമാനാഥയോട്

(ജീവസുരാലയ ഗാനമേ-എന്ന മട്ടു്)

1 ഫാത്തിമാനാഥേ! നമോസ്തുതേ!
കാത്തുകൊള്ളണമേ ശ്രീയുതേ!
പാർത്തലഭാഗ്യപയോനിധേ!
നിസ്തുല പുണ്യസമ്പൂരിതേ!
(ഫാത്തിമാ)

2 സാന്ദ്രമനോഹരശോഭയാൽ
ചന്ദ്രനെ വെന്ന മനോഹരി!
നിൻതിരുപ്പാദസരോരുഹ-
കാന്തിയരുൾക കൃപാകരി!
(ഫാത്തിമാ)

3 മഞ്ഞു പണിഞ്ഞ നിൻ വെണ്മയിൽ
നെഞ്ഞുകുളിർത്തു നിരാമയം
കുഞ്ഞുങ്ങൾ പാടിയ പാട്ടു ഞാൻ
അഞ്ജലിബദ്ധനായ് പാടിടാം
(ഫാത്തിമാ)

4 മേഘകദംബസമാവൃത-
പാദേ! നിൻ പാദമണഞ്ഞിടാൻ
സാകൂതം നൽവരമേക, മേ,
സാരസ്യസാരസങ്കേതമേ!
(ഫാത്തിമാ)

5 "കോവാ ദേ ഇറിയാ" പ്രാന്തത്തിൽ
ഗോപാലബാലകർക്കേകിയ
ശോഭായമാനസൽക്കാഴ്ചയെ
ശോകാപഹേ! എന്നും വാഴ്ത്തിടാം
(ഫാത്തിമാ)

6 യുദ്ധമകന്നിളശാന്തിയിൽ
നിത്യമുയർന്നു രമിക്കുവാൻ
പ്രാർത്ഥിപ്പിൻ എന്നരുചെയ്തനിൻ
പാദം നമിക്കുന്നു സാദരം
(ഫാത്തിമാ)

7 മാനുഷപാപം മുഖാന്തിരം
മാലണഞ്ഞെങ്കിലും, ശ്രീകരം
താവകശീകരപൊൽക്കരം
താപാഹനിക്കും മനോഹരം!
(ഫാത്തിമാ)

8 ആരുമാ ആയർകുലോത്ഭവർ
ആനന്ദമാർന്നു നിൻ ദീപ്തിയിൽ
ആഴട്ടെ, ഞാനുമീ ലോകവും
ആകമ്രമാ സ്വർഗ്ഗലോകവും
(ഫാത്തിമാ)

(വറുഗീസ് മാളിയേക്കൽ)

## നിങ്ങൾക്കറിയാമോ?

(5-ാം പേജു് തുടർച്ച)

(ഉത്തരങ്ങൾ)

1 വി. ഡോമിനിക്കിനും വി. സൈമൺ സ്റ്റോക്കിനും.

2 ജപമാലഭക്തിയും ഉത്തരീയഭക്തിയും

3 1858-ൽ

4 1948-ൽ




ST. ALOYSIOUS ELECTROPLATING WORKS
AND CATHOLIC DEPOT,
MUNICIPAL OFFICE ROAD, TRICHUR.
PROPRIETOR; C. O. LOUIS.

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1. Chalices 2. Ciboriums 3. Monstrances 4. Incense Boats 5 Thuribles 6. Communion Plates 7. Candle-sticks 8. Holy Oil Stoks Etc.

AND ALL KINDS OF CHURCH REQUISITES

NEAT ELECTROPLATING

*N. B. Prepared to [illegible] to anywhere fo neat execution if so wanted.*

# ചിരിക്കാത്ത മാതാവ്

(ഫാദർ ജോസഫ് പാറയിൽ)

ആ മഹിളാമണി മഠത്തിൽ ചേർന്നു. കർമ്മലസഭയിലെ കന്യകാഗണത്തിൽ അവൾ സ്വീകരിക്കപ്പെട്ടു. വിമലഹൃദയത്തിന്റെ സിസ്റ്റർ മേരി എന്ന് അവളെ നാമകരണം ചെയ്തു. ലോകത്തിന് അവൾ സുപരിചിതയാണ്. ഫാത്തിമായിൽവച്ച് ദൈവമാതാവിനെ പലവുരു ദർശിക്കുകയും അവിടുത്തോട് സംഭാഷണംചെയ്കയും ചെയ്ത ആ പോർട്ടുഗീസ് ബാലികയാണ് അവൾ. മാതാവ് അവൾക്ക് പ്രത്യക്ഷയായി, ഒരു ദൗത്യം അവളെ അറിയിച്ചു. ഈ ദൗത്യം മനുഷ്യഹൃദയത്തിൽ ഉജ്ജ്വലിപ്പിക്കണമെന്ന് അവളോട് അനുശാസിക്കുകയും ചെയ്തു. അവളോ? കേവലം ഒരു ചെറുബാലിക.

സഭാപ്രവേശനത്തിനുമുമ്പ് ജിജ്ഞാസുക്കളായ പലരും ഈ ബാലികയോട് ചോദിച്ചു അവൾ ദർശിച്ച അത്ഭുതങ്ങളെപ്പററി. അവൾ അവയ്ക്കു മറുപടിയും നല്കിട്ടുണ്ട്.

"മാതാവ് എല്ലായ്പോഴും ദുഃഖിതയായിരുന്നോ?"

"മാതാവ് ചിരിച്ചില്ല; അവിടുന്നു പ്രസന്നയായിരുന്നു. എങ്കിലും ദുഃഖിതയായിരുന്നു."

ലൂസിക്കും അവളുടെ സഹോദരീസഹോദരന്മാർക്കും ഈ ദർശനങ്ങളുണ്ടായത് ആറുമാസക്കാലത്തിനിടയ്ക്കാണ്. അവരുടെ മാതാപിതാക്കളാകട്ടെ സമീപവാസികളാകട്ടെ, ആരും അവളോട് അനുകൂലിച്ചില്ല. അവരോ? പിഞ്ചുകുഞ്ഞുങ്ങൾ. സാധാരണകുട്ടികൾ. അവർ ആദ്യം വല്ലാതെ ഭയന്നുപോയി. എന്നാൽ ദൈവമാതാവല്ലേ പ്രത്യക്ഷയായത്? അവരുടെ മാതാവല്ലേ കാണപ്പെട്ടത്? ലൂസിയുടെ വാക്കുകൾ വീണ്ടും ശ്രദ്ധിക്കുക.

"മാതാവ് ചിരിച്ചില്ല. അവിടുന്നു പ്രസന്നയായിരുന്നു. എങ്കിലും ദുഃഖിതയായിരുന്നു."

ദൈവമാതാവ് എഴുന്നള്ളിയതു പ്രത്യേകോദ്ദേശ്യത്തോടുകൂടിയാണ്. മനുഷ്യരുടെ മാതാവായതുകൊണ്ടാണ് അവിടുന്നു പ്രത്യക്ഷയായത്. വേറെ ചില അവസരങ്ങളിൽ മാതാവു പുഞ്ചിരിപ്രകർഷത്താൽ അത്ഭുതംതന്നെ പ്രവർത്തിച്ചിട്ടുണ്ട്. അവിടുന്ന് ഇപ്പോൾ അതു മറന്നുപോയോ? ഇല്ല. അവിടുന്നു മാതാവായതുകൊണ്ടുതന്നെയാണ് ഫാത്തിമായിൽ അവിടുന്നു പുഞ്ചിരിതൂകാത്തത്.

ലൂസിക്കുണ്ടായ ഒരു ദർശനാവസരത്തിൽ ഉണ്ണിയീശോ സ്വമാതാവിന്റെ ഹൃദയത്തിലേക്കു ചൂണ്ടിക്കൊണ്ട് അരുളിച്ചെയ്തു:-

"സ്നേഹംനിറഞ്ഞ ഈ ഹൃദയത്തോട് അലിവുണ്ടായിരിക്കുക. മനുഷ്യരുടെ നന്ദിഹീനതനിമിത്തം എപ്പോഴും അതു പീഡിതമായിരിക്കുന്നു."

വേറൊരു ദർശനത്തിൽ മാതാവുതന്നെ ലൂസിയോടു പറഞ്ഞു:

"നോക്കു, മകളേ! എന്റെ ഈ ഹൃദയം മുള്ളുകളാൽ ചുററപ്പെട്ടിരിക്കുന്നു. നന്ദിഹീനതകൊണ്ടും ദൈവദൂഷണംകൊണ്ടും മനുഷ്യർ അനുനിമിഷം അതിനെ വ്രണപ്പെടുത്തുന്ന മുള്ളുകളാണിവ. മകളെങ്കിലും എന്നെ ആശ്വസിപ്പിക്കുക."

കണ്ടോ! ഫാത്തിമായിൽ പുഞ്ചിരിയില്ല.

നമ്മുടെ മാതാവായതുകൊണ്ട് ദിവ്യജനനിയുടെ മർമ്മഭേദകമായ അനുശാസനത്തെ നാം ശിരസാവഹിച്ചാദരിക്കണം. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അതു നിർവ്വഹിച്ചുകഴിഞ്ഞു. 1942-ൽ അവിടുന്നു മനുഷ്യവർഗ്ഗത്തെ ആകമാനം മറിയത്തിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചുകൊണ്ട് ഇപ്രകാരം പ്രസ്താവിച്ചു:

"കാനായിലെ കല്യാണവിരുന്നിൽ അവിടുന്നു നല്കിയ മാതൃനിർവ്വിശേഷമായ അനുശാസനത്തെ നാം ശ്രദ്ധിക്കുകയും അവിടുന്നു പറയുന്നതെല്ലാം നാം പ്രവർത്തിക്കുകയും ചെയ്യണം. പ്രായശ്ചിത്തം ചെയ്യണം, ജീവിതത്തെ നന്നാക്കണം; പാപത്തിൽനിന്ന് ഓടിയകലണം.... എന്നൊക്കെയാണ് അവിടുന്നു നമ്മോട് ഉപദേശിക്കുന്നത്. എന്തുവന്നാലും നാം പരമാർത്ഥതയും ബോധ്യവുമുള്ള പരിപൂർണ്ണകത്തോലിക്കരായി ജീവിക്കണമെന്നാണ് അവിടുന്നു ധൃഷ്ടമായി നമ്മോട് ആജ്ഞാപിക്കുന്നതു."

മാതാവ് ഫാത്തിമായിൽ നല്കിയ ദൗത്യം പുത്തനായിട്ടുള്ളതൊന്നുമല്ല. അതു സുവിശേഷത്തിലെ പുരാതനദൗത്യംതന്നെയാണ്. യുഗങ്ങൾതോറും അതു പ്രസംഗിച്ചിട്ടുണ്ട്. സകലർക്കും അതു സുവിദിതവുമാണ്. എന്നിരുന്നാലും 1917-ൽ മാതാവ് ചെയ്തിരിക്കുന്ന അഭ്യർത്ഥനകൾ ഒരു വസ്തുത എത്രയും സ്പഷ്ടമായി വെളിപ്പെടുത്തുന്നുണ്ട്. പ്രാർത്ഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ഒരു ജീവിതം നയിക്കുവാനുള്ള ലഘുവായ ശ്രമങ്ങൾകൊണ്ടൊന്നും സ്വർഗ്ഗം തൃപ്തിയടയുന്നതല്ല എന്ന്.

നരകാഗ്നിയുടെയും, അതിൽകിടന്ന് അവസാനമില്ലാതെ വെന്തുപൊരിയുന്ന അനവധി ആത്മാക്കളുടെയും ദയനീയദർശനം ആ കുഞ്ഞുങ്ങൾക്കു നല്കുവാൻ മാതാവ് മടിച്ചില്ല. അയൽപക്കത്തു അടുത്തുതന്നെ മരണമടഞ്ഞ പതിനെട്ടുവയസ്സു പ്രായമുള്ള ഒരു പെണ്ണ് ലോകാവസാനംവരെ ശുദ്ധീകരസ്ഥലത്തിൽ കിടക്കും എന്നു അവരോട് അറിയിക്കുന്നതു കഠിനമായിരിക്കുമെന്നും മാതാവ് വിചാരിച്ചില്ല. യുദ്ധംമൂലം മൃതിയടഞ്ഞും, മുറിവേററും, രക്തമൊഴുകിയും, അംഗഭംഗം ഭവിച്ചും തെരുവുകൾതോറും കിടക്കുന്ന അനേകം ആളുകളെ ദർശനങ്ങൾമുഖേന മാതാവ് ആ കുട്ടികൾക്കു കാണിച്ചുകൊടുത്തു. എന്നിട്ട് "മാതാവ് ചിരിച്ചില്ല" എന്ന്. ആ ആളുകളുടെയെല്ലാം അമ്മയല്ലേ അവിടുന്ന്? അവരിൽ എത്രയോ പേർക്ക് നിത്യശിക്ഷാവിധി ആസന്നമായിരിക്കുന്നു? മാതാവ് എങ്ങനെ ചിരിക്കും?

മാതാവിന്റെ ദർശനങ്ങൾക്കുശേഷം, സഭാധികാരികൾ അവയെപ്പററി ഔദ്യോഗികമായി അന്വേഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ, ദർശനസ്ഥലം രോഗപീഡിതരുടെയും മരണാസന്നരുടെയും പ്രരോദനങ്ങളാൽ അനുവേലം മുഖരിതമായിരുന്നു എന്നുള്ളതും വിസ്മരിക്കാവതല്ല.

മാതാവിന്റെ ദൗത്യം,—അതൊരു ഭീഷണിയും അതേസമയംതന്നെ ഒരു വാഗ്ദാനവുമാണ്. മക്കളുടെ പേരിൽ അതിവേൽകുണ്ഠയുള്ള, അവരിൽ ആശയററു ഉള്ളെരിയുന്ന, ഒരു മാതാവിന്റെ സ്നേഹപൂർവ്വകമായ ശാസനയാണ് ഈ സന്താപകരമായ ദൗത്യം ഉൾക്കൊള്ളുന്നതു. മാതാവിന്റെ മനോവേദനയെ ഇനിയും വർദ്ധിപ്പിക്കുകയോ? അമ്മയുടെ ശാസന ഇനിയും കേവലം വനരോദനമായി പരിണമിക്കുകയോ?—ധൂർത്തപുത്രരെപ്പോലെ പശ്ചാത്താപത്തോടെ നാം അവിടുത്തെ തൃപ്പാദങ്ങളിൽ അണയണം. നവമായ ജീവിതവിശുദ്ധിയാൽ അമ്മയ്ക്കു ആശ്വാസം നല്കണം.

പ്രസ്തുത ദൗത്യത്തിന്റെ ചില ഭാഗങ്ങൾമാത്രമേ ലോകത്തിനു അറിയാൻ ഇടയായിട്ടുള്ളു. ചില ഭാഗങ്ങൾ ഇനിയും ഗുപ്തമായിരിക്കുന്നു. 1960 വരെ അവ ഗുപ്തമായിരിക്കുകയും ചെയ്യും. എന്നാൽ റഷ്യയെ അധികരിച്ചുള്ള മാതാവിന്റെ അഭ്യർത്ഥന സുസ്പഷ്ടമാണ്. എല്ലാവരും റഷ്യക്കുവേണ്ടി പ്രാർത്ഥിക്കണം. റഷ്യയെ തന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കണം. ഇതാണ് മാതാവിന്റെ അഭ്യർത്ഥന. റഷ്യയും അതിന്റെ കിങ്കരന്മാരും ലോകത്തിലെവിടെയും തന്റെ പ്രിയ കുമാരന്റെ മൗതികശരീരത്തെ കുത്തിപ്പിളർന്നുകൊണ്ടിരിക്കുന്നതു കാണുമ്പോൾ മാതാവിന്റെ ഹൃദയം എങ്ങനെ പിളരാതിരിക്കും? "മാതാവ് ചിരിച്ചില്ല" എന്ന്. മാതാവ് എങ്ങനെ ചിരിക്കും?

ഇവരെല്ലാം മാതാവിന്റെ മക്കളല്ലേ? ഇവരെല്ലാം അവിടുത്തേയും അവിടുത്തെ തിരുക്കുമാരന്റേയും സവിധത്തിൽ നില്ക്കേണ്ടവരല്ലേ? അവിടുത്തെ നീലോത്തരീയത്തിന്റെ മറയിൽ രക്ഷ നേടേണ്ടവരല്ലേ? എന്നാൽ അവർ വളരെ വിദൂരത്തിൽ നില്ക്കുന്നു. എതിർക്കുന്നു. വിപ്ലവമുണ്ടാക്കുന്നു. പൈശാചികവീര്യത്തോടെ ഏതു ദുഷ്ടതയ്ക്കും സന്നദ്ധരാകുന്നു. എന്തുകൊണ്ട്? മാതാവിനേയും ഈശോയേയും അവർ അറിയുന്നില്ല.—മാതാവിനു എങ്ങനെ പുഞ്ചിരിതൂകാൻ സാധിക്കും?

അവർക്കുവേണ്ടി അവർ പ്രാർത്ഥിക്കുകയില്ല. അവർക്കു പ്രാർത്ഥിക്കുവാനറിഞ്ഞുകൂടാ. പ്രാർത്ഥനയിൽ അവർക്കു വിശ്വാസവുമില്ല. അതുകൊണ്ടാണ് നാം അവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് മാതാവ് ആഗ്രഹിക്കുന്നതു, അഥവാ ആജ്ഞാപിക്കുന്നതു. നമുക്കിതു സന്തോഷപൂർവ്വം നിർവ്വഹിക്കാം. അവരുടെ തത്വങ്ങളെ നാം വെറുക്കുന്നു. എങ്കിലും അവരെ നാം വെറുത്തുകൂടല്ലോ? ആദ്ധ്യാത്മികമായി രോഗം പിടിപെട്ടും വ്രണപ്പെട്ടുമിരിക്കുന്നുവെങ്കിലും അവർ നമ്മുടെ സഹോദരരാണല്ലോ? രോഗമൂലമോ, മുറിവേററിട്ടോ, ശരീരത്തിൽ രക്തം സാരമായി കുറയുമ്പോൾ നല്ല രക്തം കയററി ചികിത്സിക്കുന്ന ഒരു പദ്ധതി (Blood transfusion) നടപ്പുണ്ടല്ലോ. പ്രാർത്ഥനയിലും അതുപോലൊരു പദ്ധതി (Prayer transfusion) അവലംബിച്ചാലെന്താണ്? നമുക്കു ഉള്ളുണർന്നു പ്രാർത്ഥിക്കാം. നമ്മുടെ പ്രാർത്ഥനകളെ മാതാവിന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കാം. അവയുടെ ഫലങ്ങളെ മാതാവ് ഈ വഴിപിഴച്ച മക്കളിലേക്കു പ്രവേശിപ്പിക്കട്ടെ. അങ്ങനെ റഷ്യയിൽ ഒരു സമൂലപരിവർത്തനം സംഭവിക്കട്ടെ.

ദിവസേന നാം ചൊല്ലുന്ന കൊന്തനമസ്കാരങ്ങളും മററു പ്രാർത്ഥനകളും ഈ ഉദ്ദേശത്തോടെ നമുക്കു സമർപ്പിക്കാം. ദൈവദൂഷണങ്ങൾകൊണ്ട് നിത്യം മുഴങ്ങുന്ന ആ വമ്പിച്ച റഷ്യൻരാഷ്ട്രം ദൈവസ്തോത്രങ്ങളാൽ അനവരതം മുഖരിതമാകട്ടെ.

മാതാവിനു പുഞ്ചിരിതൂകുവാൻ ആശയുണ്ട്. എന്നാൽ ആ പുഞ്ചിരി റഷ്യൻ ജനതയുടെ നേത്രങ്ങളിൽ—അവരെ അതിരററു സ്നേഹിക്കുന്ന, അവരെ ഒരിക്കലും ഉപേക്ഷിക്കാത്ത മാതാവിന്റെ സ്വരൂപത്തിന്റെ മുമ്പാകെ മുട്ടുകുത്തിനില്ക്കുമ്പോൾ—സ്നേഹത്താലും കൃതജ്ഞതാതിരേകത്താലും തിളങ്ങുന്ന നേത്രങ്ങളിൽ പ്രതിബിംബിക്കണമെന്നാണ് അവിടുത്തെ അഭിലാഷം. മാതാവിന്റെ പുഞ്ചിരിപ്രകാശത്തിൽ റഷ്യൻരാഷ്ട്രമെന്നല്ല ഭൂലോകമാസകലവും ആറാടുമാറാകട്ടെ.

——

## ഫാത്തിമായിലെ കുട്ടികൾ

(3-ാം പേജ് തുടർച്ച)

ച്ചു. വാസ്തവം പറഞ്ഞാൽ അവർക്കും വലിയവിഷമങ്ങളുണ്ടായി. ദർശനങ്ങൾക്കുശേഷം പലരും തീർത്ഥയാത്രയായി കോവാ ഡ ഈറിയായിൽ വരികയും നേർച്ചകൾ സമർപ്പിക്കുകയും ചെയ്തിരുന്നു. അവരിൽ പലരും ആ യാത്രയിൽ ഈ കുട്ടികളെ കാണാൻ കൂടെക്കൂടെ അവരുടെ ഗൃഹത്തിൽ ചെന്നുകൊണ്ടിരുന്നതിനാൽ ജസീന്തയുടേയും ഫ്രാൻസിസിന്റെയും അമ്മയ്ക്കു അതു അസഹ്യമായിത്തീർന്നു.

"അമ്മയുടെ തല്ലിലും ശകാരത്തിലും ലൂസി സന്തോഷമുള്ളവളായിരിക്കണം. എന്റെ മാതാപിതാക്കന്മാരും എന്നോടു അപ്രകാരം ചെയ്യുവാൻ ഞാൻ എന്തു കൊതിക്കുന്നെന്നോ!" ജസീന്ത പറഞ്ഞു.

"ജസീന്തേ, നീ എന്താണങ്ങനെ പറഞ്ഞത്?" വികസിച്ച കണ്ണുകളോടെ ലൂസി ചോദിച്ചു

"അങ്ങനെയായാൽ എനിക്കു ധാരാളം പുതിയ ത്യാഗങ്ങൾ നമ്മുടെ കർത്താവിനു സമർപ്പിക്കാൻ കഴിയുമല്ലോ. നരകത്തിന്റെ ആ ഭയങ്കരമായ കാഴ്ച ലൂസി മറന്നിരിക്കയില്ലല്ലോ."

"തീർച്ചയായും ഇല്ല. അതു മറക്കാൻ പാടില്ലാത്തവണ്ണം അത്രയ്ക്കു ഭയങ്കരമല്ലേ?" ലൂസി വിറച്ചുകൊണ്ടു പറഞ്ഞു.

"എന്നാൽ ആ മാന്യസ്ത്രീ പറഞ്ഞതു മറക്കരുത്. മററുള്ളവരുടെ പാപങ്ങൾക്കു പരിഹാരമായി ത്യാഗങ്ങൾ അനുഷ്ഠിക്കാനും പ്രാർത്ഥിക്കാനും ആരുമില്ലാത്തതുമൂലം വളരെ ആളുകൾ നരകത്തിൽ പോകുന്നെന്നു."

"എനിക്കറിയാം. ഞാൻ എന്നും പാപികളെപ്പററി ചിന്തിക്കുന്നുണ്ട്."

"അങ്ങനെയെങ്കിൽ അമ്മയുടെ തല്ലും ശകാരങ്ങളും ദൈവത്തിനു കാഴ്ചവയ്ക്കുക. ഒരാളെയെങ്കിലും നരകത്തിൽനിന്നു രക്ഷിക്കാൻ അതു ഇടയാകട്ടെ."

"അതുപോലെ നമുക്കു മററു കൃത്യങ്ങളും ചെയ്യാം. ആരുമറിയാതെ നിസ്സാരങ്ങളായ നിരവധി ത്യാഗപ്രവൃത്തികൾ നമുക്കു ചെയ്യാം." ഫ്രാൻസിസ് പറഞ്ഞു.

അങ്ങനെ ആ കുട്ടികൾ മററുള്ളവർക്കുവേണ്ടിയുള്ള സഹനത്തിന്റെയും പ്രാർത്ഥനയുടെയും ഒരു പുതിയ ജീവിതത്തിലേക്കു പ്രവേശിച്ചു. ജസീന്തയായിരുന്നു അതിന്റെ നേതൃത്വം വഹിച്ചതു. പാപികൾക്കുവേണ്ടി പരിഹാരം ചെയ്യുന്നതിനായി അവൾ കണ്ടുപിടിച്ച പലതരം വിദ്യകൾകണ്ട് ലൂസിയും ഫ്രാൻസിസും അത്ഭുതപ്പെട്ടു.

ഒരു ദിവസം നല്ല ദാഹമുണ്ടായിരുന്നിട്ടും വെള്ളം കുടിക്കാതെ അവർ കഴിച്ചുകൂട്ടി. മറെറാരു ദിവസം അവരുടെ കൈവശമുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ പാവപ്പെട്ട ചിലകുട്ടികൾക്കു കൊടുത്തിട്ട്, വയലിൽ കണ്ട ചില കയ്പുള്ള ഫലങ്ങൾ പറിച്ചുതിന്ന് അവർ തൃപ്തിപ്പെട്ടു. എല്ലാററിലും പ്രധാനമായി വീട്ടിൽ അവർ സന്തുഷ്ടരും അനുസരണമുള്ളവരുമായിരുന്നു. മറെറല്ലാ സേവനങ്ങളെയുംകാൾ പ്രധാനമായി ഇവയാണ് ദൈവം അവരിൽനിന്നു ആശിക്കുന്നതെന്ന് അവർക്കറിയാമായിരുന്നു.

ഒരു ദിവസം ജസീന്ത സങ്കടത്തോടുകൂടി പറഞ്ഞു:-"മനുഷ്യർ അവരുടെ ജീവിതരീതി നന്നാക്കാത്തപക്ഷം ഇനിയുമൊരു മഹായുദ്ധമുണ്ടാകുമെന്നറിയുന്നതു എത്രഭയങ്കരമാണ്! ഞാൻ ഇതിനെപ്പററി വളരെയധികം ചിന്തിക്കുന്നുണ്ട് ലൂസി!"

"ഞാനും. പ്രത്യേകിച്ചു റഷ്യയെപ്പററിക്കൂടിയും. ലൂസി, ആ രാജ്യം സ്ത്രീയുടെ വിമലഹൃദയത്തിനു സമർപ്പിച്ചാൽ അതു മാനസാന്തരപ്പെടുമെന്ന് അവർ പറഞ്ഞല്ലോ. ഇപ്പോൾ അതൊരു ചീത്ത രാജ്യമായിരിക്കും അല്ലേ?" ഫ്രാൻസിസ് ചോദിച്ചു.

ലൂസി തലകുലുക്കി. "എനിക്കറിഞ്ഞുകൂടാ. സ്ത്രീ പറഞ്ഞതുമാത്രം ഞാൻ ഓർക്കുന്നുണ്ട്. 'ലോകം എന്റെ അപേക്ഷയെ നിരസിക്കുന്നപക്ഷം, റഷ്യയിൽനിന്നുള്ള തിന്മകൾ ലോകംമുഴുവൻ വ്യാപിച്ച് യുദ്ധങ്ങളും മതമർദ്ദനങ്ങളും ഇളക്കിവിടും. വിശ്വാസികൾ രക്തസാക്ഷികളാക്കപ്പെടും. പരിശുദ്ധ പിതാവു വളരെയധികം ദുരിതങ്ങൾ അനുഭവിക്കേണ്ടിവരും. നിരവധി രാഷ്ട്രങ്ങൾ നശിപ്പിക്കപ്പെടും.' ഇങ്ങനെയാണല്ലോ പറഞ്ഞതു."

"സ്ത്രീയുടെ വാക്കുകളിൽനിന്നു അതൊരു നല്ലരാജ്യമാണെന്നു തോന്നുന്നില്ല. ഒരുപക്ഷേ വളരെ കുറച്ചാളുകൾമാത്രമേ അവിടെ എന്നും കൊന്തയെത്തിക്കുന്നവരായിട്ടുണ്ടായിരിക്കയുള്ളു." ജസീന്ത പറഞ്ഞു.

"എന്തുകൊണ്ട്? മാതാവിനെ സ്നേഹിക്കയാണെങ്കിൽ അവർ എത്രമേൽ സംതൃപ്തരായിത്തീരുമെന്ന് അവർക്കറിഞ്ഞുകൂടേ?" ഫ്രാൻസിസ് ചോദിച്ചു.

ഈ വാക്കുകൾ ലൂസിയെ നല്ലവണ്ണം സ്പർശിച്ചു. ഫ്രാൻസിസിനും ജസീന്തയ്ക്കും, തനിക്കുതന്നെയും എന്തൊരു പരിവർത്തനമാണ് സംഭവിച്ചതു! ഏതാനും മാസങ്ങൾക്കുമുമ്പുവരെ അവർ പ്രാർത്ഥിച്ചിരുന്നതു പ്രധാനമായി കർത്തവ്യബോധത്തെ അടിസ്ഥാനമാക്കിമാത്രമായിരുന്നു. അല്പമാത്രമായ സ്നേഹമോ ആനന്ദമോ പക്ഷേ അവരുടെ പ്രാർത്ഥനകളിൽ ഉണ്ടായിരുന്നിരിക്കാം. എന്നാൽ ഇപ്പോഴാകട്ടെ എന്തന്തരം! കഴിവിന്റെ അങ്ങേഅററംവരെ പാപികൾക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നതിനും പ്രാർത്ഥിക്കുന്നതിനും അവർ ആകാംക്ഷയുള്ളവരായിരിക്കുന്നു. ജപമാലയെത്തിക്കാതെ ഒരുദിവസം കഴിക്കുന്നകാര്യം ചിന്തിക്കാൻപോലും അവർക്കു അസാദ്ധ്യമായിരിക്കുന്നു. ഇതിനെല്ലാം കാരണം ആ സ്വർഗ്ഗീയമഹിളയുടെ കരങ്ങളിൽനിന്നു പുറപ്പെട്ട പ്രഭാവിശേഷം അവരെ തീക്ഷ്ണതയുള്ളവരാക്കിത്തീർത്തതാണ്.

മററുള്ള ജനങ്ങൾക്കും ഈ അനുഗ്രഹം ലഭിക്കാൻ ഇടയാകട്ടെ! ഇതിനുവേണ്ടി അവർ സ്ത്രീയോട് ആവശ്യപ്പെട്ടിരുന്നെങ്കിൽ! റഷ്യയിലെ ജനങ്ങൾപോലും!—ഹാ! എങ്കിൽ അതു എത്രമാത്രം അത്ഭുതകരമാകുമായിരുന്നു! ലൂസിയുടെ ഹൃദയത്തിൽക്കൂടി ഈദൃശചിന്തകൾ കടന്നുപോയി.

പ്രഭാഷണം

# ചുമതലാബോധം

"തൻെറ കാര്യങ്ങളെപ്പററി, വിശിഷ്യ തൻെറ കുടുംബത്തെപ്പററി, ശ്രദ്ധപതിക്കാത്തവൻ തൻെറ വിശ്വാസത്തെ പരിത്യജിച്ചിരിക്കുന്നു. അവൻ ഒരു അവിശ്വാസിയെക്കാൾ നികൃഷ്ടനാണു്." (I. Tim. V-8.)

ചിക്കാഗോയിലെ മെത്രാനായിരുന്ന ഷെയിൽ (Sheil) തിരുമനസ്സുകൊണ്ടു കലാശാലാവിദ്യാർത്ഥികളോടു ചെയ്ത ഒരു പ്രസംഗത്തിൽ സംഭ്രമജനകമായ ഒരു സംഭവം വിവരിച്ചുപറഞ്ഞു: "ഞാൻ ഒരു യുവവൈദികനായിരുന്നപ്പോൾ ചിക്കാഗോയിലെ കാരാഗൃഹത്തിൽ ബന്ധിതരായിരുന്ന കുററപ്പുള്ളികളുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നടത്തിപ്പോന്നു. വർഷകാലത്തു് ഒരു ദിവസം അതിരാവിലെ ഏകദേശം ഇരുപത്തിമൂന്നു വയസ്സു് പ്രായംവരുന്ന ഒരു കുററപ്പുള്ളി വധസ്ഥലത്തേക്കു പോവുകയായിരുന്നു. ആ ദുർഭഗനു് വേണ്ട ആദ്ധ്യാത്മികശുശ്രൂഷകൾ നൽകുന്നതിനായി ഞാൻ നിയോഗിക്കപ്പെട്ടു. നിരവധി കവർച്ചകൾ നടത്തുകയും തന്നെ ബന്ധിക്കാൻ വന്ന പോലീസുദ്യോഗസ്ഥനെ വധിക്കുകയുംചെയ്തുവെന്നതാണു് അവൻെറമേൽ ആരോപിക്കപ്പെട്ട കുററങ്ങൾ. അവൻ വധസ്ഥലത്തെത്തി. വിധിവാചകം ഉച്ചരിച്ചുകഴിഞ്ഞു. അവൻെറ കഴുത്തിൽ കൊലക്കുടുക്കു വീഴുന്നതിനുമുമ്പു് അവനു് അവസാനമായി എന്തെങ്കിലും പറയാനുണ്ടോയെന്നു ന്യായാധിപൻ ചോദിച്ചു. തൻെറ മരണശയ്യയെ അവൻ അവസാനമായി ഒന്നു വീക്ഷിച്ചു. അവിടെ നിന്നിരുന്ന ഒരു ചെറിയ ജനക്കൂട്ടത്തിലേക്കു അവൻെറ ദൃഷ്ടി തിരിഞ്ഞു. അവൻെറ കുടുംബാംഗങ്ങളും ബന്ധുമിത്രാദികളുമായിരുന്നു അവർ. തൻെറ പിതാവിൻെറ നേരെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവൻ ഇപ്രകാരം അട്ടഹസിച്ചു: "ആ മനുഷ്യൻ, എൻെറ പിതാവു്, തൻെറ കർത്തവ്യം നിർവ്വഹിക്കാഞ്ഞതുകൊണ്ടാണു് ഞാൻ ഇപ്പോൾ കഴുമരത്തിൽ കയററപ്പെടുവാൻ പോകുന്നതു്. രാത്രിയും പകലും താന്തോന്നികളും ചട്ടമ്പികളുമൊന്നിച്ചു് നടക്കുവാൻ അദ്ദേഹം എന്നെ അനുവദിച്ചു; ഒരിക്കലെങ്കിലും എന്നെ ശാസിക്കുകയോ ഈ ജീവിതരീതിയുടെ അവസാനമെന്തായിരിക്കുമെന്നു സൂചിപ്പിക്കുകയോ ചെയ്തില്ല. ഞാൻ ഏററം അവമാനിക്കപ്പെട്ടവനായി, സർവ്വരുടേയും പരിഹാസപാത്രമായി, ഈ കഴുമരത്തിൽ മരിക്കുന്നതിൻെറ കാരണം എൻെറ പിതാവു് സ്വകൃത്യാനുഷ്ഠാനത്തിൽ കാണിച്ച അശ്രദ്ധയാണു്. ആകയാൽ എന്നെയല്ല തൂക്കിക്കൊല്ലേണ്ടതു്. ഈ കുടുക്കു് അയാളുടെ കഴുത്തിലാണു് ഇടേണ്ടതു്. സാക്ഷാൽ അപരാധി അയാളാണു്." ഹാ! എത്ര ഭീകരമായ ഒരു കുററാരോപണം! മൂർച്ചയുള്ള അസ്ത്രംപോലെ അതു് ആ പിതാവിൻെറ ഹൃദയമർമ്മത്തെ പിളർന്നിരിക്കണം. മകൻെറ ആ മരണാട്ടഹാസത്തിൻെറ സജീവസ്മരണ ജീവിതത്തിൻെറ ഓരോ വിനാഴികയിലും അദ്ദേഹത്തെ ഭയവിഹ്വലനാക്കിത്തീർത്തിരിക്കണം. നിത്യവിധിയാളൻെറ മുമ്പിൽ അയാൾ നിലകൊള്ളുമ്പോഴും ആ അപരാധം തന്നെ വീണ്ടും ആരോപിച്ചുകൊണ്ടു് ആ പുത്രൻ അയാളുടെനേരെ വിരൽ ചൂണ്ടിക്കാണിക്കുകയില്ലേ? മാതാപിതാക്കന്മാരുടെ അനാസ്ഥമൂലം ഇതുപോലെ ഭയങ്കരമായ എത്രയെത്ര ദയനീയസംഭവങ്ങൾ ഉണ്ടാകുന്നു!

മാതാപിതാക്കന്മാർ മക്കളെ സംബന്ധിച്ചേടത്തോളം ദൈവത്തിൻെറ പ്രതിനിധികളാണു്. മക്കളുടെ അസ്തിത്വത്തിനു് ദൈവത്തിൻെറ ഉപകരണങ്ങളും സഹപ്രവർത്തകരുമാണു് അവർ. അവരുടെ മാംസത്തിൽനിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്തവുമാണു് മക്കൾ. മാതാപിതാക്കന്മാരുടെ ജീവൻ മക്കളിൽ പ്രസരിക്കുന്നു; പോരാ, അവർ മക്കളിൽ പുനർജന്മമെടുത്തിരിക്കുന്നുവെന്നുതന്നെ പറയാം; അത്രയ്ക്കു് അടുത്ത ബന്ധമാണു് അവർ തമ്മിലുള്ളതു്. അങ്ങനെയുള്ള മക്കളെ സംരക്ഷിക്കയും ബാല്യംമുതൽക്കുതന്നെ സന്മാർഗ്ഗത്തിൽക്കൂടി നയിക്കയും ചെയ്യേണ്ടതായ ചുമതല മാതാപിതാക്കന്മാർക്കുതന്നെയാണുള്ളതു്. ദൈവത്തിൻെറ ന്യായാസനത്തിൻമുമ്പാകെ കണിശമായ കണക്കു അവർ സമർപ്പിക്കണം. ആ ഭയങ്കരസമയത്തു് സ്വസന്താനങ്ങൾ അവരെ ചൂണ്ടിക്കാണിച്ചു് കുററമാരോപിക്കുന്നെങ്കിൽ, അയ്യോ, അവർക്കു ദുരിതം! തങ്ങൾക്കുള്ള ഈ വലിയ ചുമതലയെപ്പററി യാതൊരു ചിന്തപോലുമില്ലാതെ ജീവിക്കുന്ന മാതാപിതാക്കന്മാർ വലിയ അജ്ഞതയിലും സ്വാർത്ഥതയിലുമാണു് ചരിക്കുന്നതു്. സന്താനങ്ങളെ സംജാതരാക്കുക മാത്രമല്ല അവർക്കുള്ള ചുമതലയെന്നും, പ്രത്യുത, അവരെ സംരക്ഷിക്കയും പുണ്യമാർഗ്ഗത്തിൽക്കൂടി വ്യാപരിപ്പിച്ചു് സ്വർഗ്ഗത്തിൽ എത്തിക്കയും ചെയ്യേണ്ടതായ ഗൗരവമേറിയ ചുമതലയുംകൂടി അവർക്കുണ്ടെന്നും അവർ പ്രത്യേകം മനസ്സിലാക്കണം. പുത്രവാത്സല്യവും ചുമതലാബോധവും ഇതിൽ അവരെ സഹായിക്കട്ടെ.

ഇക്കാലത്തു് മാതാപിതാക്കന്മാരുടെ ആവലാതികൾ ഒരു പല്ലവിയെന്നോണം കേൾക്കാറുണ്ടു്. "അച്ചാ, എൻെറ മകൻ താന്തോന്നിയായി നടക്കുന്നു. മദ്യപാനവും, മോശമായ കൂട്ടുകെട്ടും, കളവും, അടിപിടിയും...." മറെറാരാൾ പറയുന്നു: "അച്ചാ, എൻെറ മകൻ എന്നെ സ്നേഹിക്കുന്നില്ല. അവനും കെട്ടിയവളും കുട്ടികളും സുഖമായി ഭക്ഷിച്ചുകൊണ്ടു എന്നെ പട്ടിണിയിടുന്നു." മറെറാരാൾ: "അച്ചാ, ഞാൻ കിടപ്പായിട്ടു് നാളുകൾ കുറെയായി. ശുശ്രൂഷിക്കുവാനൊന്നും ആരുമില്ല. മക്കളെല്ലാം ഇങ്ങോട്ടു വിളിക്കുമ്പോൾ അങ്ങോട്ടുപോകും..." എന്താണിതിനെല്ലാം കാരണം? മാതാപിതാക്കന്മാരുടെ അക്ഷന്തവ്യമായ അനാസ്ഥതന്നെ. അവർ മക്കളെ ചെറുപ്പം മുതൽക്കുതന്നെ അനുസരണം, സ്നേഹം, ശുദ്ധത, മര്യാദ, സത്യസന്ധത എന്നിങ്ങനെയുള്ള സൽഗ്ഗുണങ്ങളിൽ പരിശീലിപ്പിച്ചില്ല. ധിക്കാരവും, ദുഷ്ടസംസർഗ്ഗവും, കളവും, അനീതിയും മററും മക്കളിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയപ്പോൾ മാതാപിതാക്കന്മാർ കർശനമായ നടപടികൾ എടുത്തില്ല. അവരുടെ അനാസ്ഥയുടെ അനന്തരഫലങ്ങൾ അവർ അനുഭവിക്കുന്നുവെന്നുമാത്രം. പഴയനിയമത്തിലെ പ്രധാനാചാര്യനായിരുന്ന ഹേലിക്കു് രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇവർ ശുദ്ധസ്ഥലത്തു വെച്ചുതന്നെ അക്രമങ്ങളിലും അശുദ്ധനടപടികളിലും പരസ്യമായി വ്യാപരിച്ചിട്ടും ഹേലി അവരെ സന്മാർഗ്ഗചാരികളാക്കുവാൻ കാര്യമായി പരിശ്രമിച്ചില്ല. തൽഫലമായി ദൈവം ഹേലിയുടെ കുടുംബത്തെ ശിക്ഷിച്ചു. ഫെലിസ്ത്യക്കാരുമായുണ്ടായ യുദ്ധത്തിൽ ഹേലിയുടെ രണ്ടു പുത്രന്മാരും വധിക്കപ്പെടുകയും വാഗ്ദാനപേടകം ശത്രുക്കളുടെ കൈയിലകപ്പെടുകയും ചെയ്തു. ഹേലി ഈ ഭയങ്കരവാർത്തകൾ കേട്ടപ്പോൾ താനിരുന്ന ആസനത്തിൽനിന്നു് വീണു് കഴുത്തൊടിഞ്ഞു മരിക്കയുംചെയ്തു. "എന്തുകൊണ്ടെന്നാൽ തൻെറ മക്കൾ ദുഷ്ടതയിൽ വ്യാപരിക്കുന്നുവെന്നറിഞ്ഞിട്ടും അയാൾ അവരെ ശാസിച്ചില്ല." (I, King III-13.)

സ്വസന്താനങ്ങളെ തീററിപ്പോററുവാനുള്ള വാസന മൃഗങ്ങൾക്കുപോലും സഹജമാണു്; മനുഷ്യരുടെ കാര്യം പറയേണ്ടല്ലോ. ഇക്കാര്യത്തിൽ ചുരുക്കം ചില മാതാപിതാക്കന്മാർമാത്രമേ ഗുരുതരമായ അനാസ്ഥ കാണിക്കാറുള്ളു. തങ്ങൾക്കു കിട്ടുന്ന പണമൊ വേതനമൊ, മദ്യം, ചായ, പലഹാരങ്ങൾ എന്നിവയ്ക്കുവേണ്ടി ചെലവഴിച്ചുകൊണ്ടു കളത്രപുത്രാദികളെ പട്ടിണിയിടുന്ന മാതാപിതാക്കന്മാർ മൃഗങ്ങളെക്കാൾ അധഃസ്ഥിതരാണെന്നുള്ളതിനു് തർക്കമില്ല. ഭാര്യയും കുട്ടികളും ഉണ്ണുന്നുണ്ടോ ഉടുക്കുന്നുണ്ടോ എന്നുള്ള യാതൊരു ചിന്തയും കൂടാതെ സ്വന്തം ഉദരപൂരണത്തിലും സുഖസൗകര്യങ്ങളിലും മാത്രം മത്തശ്രദ്ധരായ സ്വാർത്ഥമൂർത്തികളായ പുരുഷാധമന്മാർ "പിതാവു്" എന്ന നാമത്തിനു് എങ്ങനെ അർഹരാകും? ഭാഗ്യവശാൽ ഇങ്ങനെയുള്ള മാതാപിതാക്കന്മാർ വളരെ കുറവാണു്; കാരണം, സ്രഷ്ടാവുതന്നെ മനുഷ്യപ്രകൃതിയിൽ പുത്രവാത്സല്യം നിക്ഷേപിച്ചിട്ടുണ്ടു്. എന്നാൽ സാധാരണയായി മാതാപിതാക്കന്മാരിൽ കണ്ടുവരുന്ന അനാസ്ഥ മക്കളുടെ ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായ പരിശീലനരംഗങ്ങളിലാണു്. ഈ അനാസ്ഥ കുബേരകുചേലഭേദമെന്യേ എല്ലാവരിലും—ഭക്തന്മാരായി പരിഗണിക്കപ്പെടുന്നവരിലും—പ്രത്യക്ഷമാകുന്നുണ്ടു്. മക്കളെ സ്കൂളുകളിലും കോളേജുകളിലും ചേർക്കുവാൻവേണ്ടി നിരവധി ക്ലേശങ്ങൾ സഹിക്കയും, സ്ഥലംകിട്ടാതെ പല വിദ്യാലയകവാടങ്ങളിലും ചെന്നു മുട്ടിയും ശപിച്ചും ഓടിനടന്നും നെററിയിൽനിന്നു് വിയർപ്പുതുള്ളികൾ വടിച്ചുകളഞ്ഞുകൊണ്ടു നെടുവീർപ്പിടുകയുംചെയ്യുന്ന ഒരു പിതാവു് ആ മക്കളുടെ മതപഠനകാര്യത്തിൽ അതിൻെറ പത്തിലൊരംശം ക്ലേശം സഹിക്കയോ ഉൽകണ്ഠ പ്രദർശിപ്പിക്കയോ ചെയ്യുന്നുണ്ടോ? കോളറ, പ്ലേഗു്, മസൂരി തുടങ്ങിയ പകർച്ചവ്യാധികളുള്ള വീടുകളിൽ പോകരുതെന്നു മക്കളെ കർശനമായി വിലക്കുന്ന മാതാപിതാക്കന്മാർ ആദ്ധ്യാത്മികമായ ഭയങ്കരസാംക്രമികരോഗങ്ങൾ പിടിപെടുന്ന വീടുകളിലൊ സാഹചര്യങ്ങളിലൊ കൂട്ടുകെട്ടിലൊ അവർ ചെന്നു പെടാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ടോ? മക്കൾക്കു് ശാരീരികരോഗങ്ങൾ പിടിപെടുമ്പോൾ അവരെ ശുശ്രൂഷിക്കുവാനും വൈദ്യനെ വിളിക്കുവാനും മരുന്നുകൾ ശേഖരിക്കുവാനും രാപകൽ ഊണുമുറക്കവുമില്ലാതെ ക്ലേശിക്കുവാൻ സന്നദ്ധരായ മാതാപിതാക്കന്മാർ മക്കളുടെ ആദ്ധ്യാത്മികക്ഷതങ്ങളും രോഗങ്ങളും മാറിക്കിട്ടുവാൻവേണ്ടി അവർക്കു കുമ്പസാരം മുതലായ കൂദാശകൾ യഥായോഗ്യം സ്വീകരിക്കുവാൻവേണ്ട പ്രേരണയും പ്രചോദനവും നൽകാറുണ്ടോ? മക്കളുടെ ശരീരികമായ ആരോഗ്യത്തിനും അഴകിനും വേണ്ടി വിശിഷ്ടഭക്ഷ്യപേയങ്ങൾ, പരിഷ്കൃതരീതിയിലുള്ള ഉടുപ്പുകൾ, പൗഡർ, സെൻറു് മുതലായവസ്തുക്കൾ വേണ്ടി ലോഭമെന്യേ ചിലവിടുന്ന മാതാപിതാക്കന്മാർ മക്കളുടെ ആദ്ധ്യാത്മികമായ ആരോഗ്യത്തിനും സൗന്ദര്യത്തിനും വേണ്ടി അവരുടെ വി. ഭോജനം, ജ്ഞാനവായന, പ്രാർത്ഥന, മററു ഭക്തകൃത്യങ്ങൾ എന്നിവയിൽ വേണ്ട ശ്രദ്ധയും അന്വേഷണവും നടത്താറുണ്ടോ? ഇപ്രകാരമുള്ള ചുമതലാബോധം മാതാപിതാക്കന്മാരിൽ ഉണ്ടാകുന്നുവെങ്കിൽ വാർദ്ധക്യദശയിൽ മക്കളെക്കുറിച്ചു് ആവലാതിപ്പെടുന്നതിനു പകരം, മക്കൾ അവർക്കു താങ്ങും തണലുമായിത്തീരും; സ്വർഗ്ഗത്തിൽ അവരുടെ കിരീടമകുടത്തിൽ പതിച്ച വൈരക്കല്ലുകളെപ്പോലെ അവർ പരിശോഭിക്കയും ചെയ്യും.

(ജെ. ചെമ്മണ്ണൂർ)

---

കുടുംബപംക്തി

## ഫാത്തിമാ മാതാവിൻെറനിർദ്ദേശം

(കുടുംബബന്ധു)

അടുത്തുതന്നെ ഫാത്തിമാമാതാവു് നമ്മുടെ കേരളക്കരെ സന്ദർശിക്കുന്നുണ്ടല്ലോ. അമ്മ വരുന്നതിനു മുൻപുതന്നെ അവിടുത്തെ നിർദ്ദേശങ്ങൾ നമ്മൾ നടപ്പിലാക്കിയിട്ടുണ്ടെന്നു കാണുന്നതു നിശ്ചയമായും അങ്ങേക്കു വളരെ സന്തോഷപ്രദമായിരിക്കും. അവയിൽ ഒരു നിർദ്ദേശത്തെക്കുറിച്ചാണു് എനിക്കു് അല്പം പറയാനുള്ളതു്.

ഫാത്തിമായിലെ കുട്ടികളോടു മാതാവു വളരെ സങ്കടത്തോടുകൂടി പറയുകയുണ്ടായല്ലൊ, അനേകം പാപികൾ, അവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ആരുമില്ലാത്തതുകൊണ്ടു നിത്യമായി നശിച്ചുപോകുന്നുണ്ടെന്നു്. അതിനൊരുപശാന്തിയായി ജപമാലയുടെ ഓരോ രഹസ്യത്തിൻെറയും അവസാനം "ഓ എൻെറ ഈശോ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ, നരകാഗ്നിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ, എല്ലാ ആത്മാക്കളേയും പ്രത്യേകിച്ചു അവിടുത്തെ കരുണകൊണ്ടു ഏററവും കൂടുതൽ ആവശ്യമുള്ളവരെ സ്വർഗ്ഗത്തിലേക്കു് ആനയിക്കേണമെ" എന്ന സുകൃതജപങ്ങൾ കൂടി ചൊല്ലണമെന്നു അവിടുന്നു ആവശ്യപ്പെട്ടു. (എല്ലാ ആത്മാക്കളെന്നു പറഞ്ഞിരിക്കുന്നതു ശുദ്ധീകരാത്മാക്കളാണെന്നു ആദ്യം ചിലർ കരുതിയിരുന്നെങ്കിലും, അങ്ങനെയല്ല, പാപപങ്കിലമായ എല്ലാ ആത്മാക്കളേയും ഉദ്ദേശിച്ചാണു മാതാവു പറയുന്നതെന്നാണു ഇപ്പോൾ പൊതുവെ കരുതപ്പെടുന്നതു്. (cf. Our Lady of Light page 32. Footnote)

ഇതു നമ്മുടെ ഓരോ കുടുംബത്തിലും പ്രായോഗികമാക്കാൻ എത്ര എളുപ്പമുള്ള ഒരു നിർദ്ദേശമാണു്! മാതാവുതന്നെ ആവശ്യപ്പെട്ടിരിക്കുന്നതായതുകൊണ്ടു നാം അങ്ങനെ ചെയ്യുന്നപക്ഷം അനേകം ആത്മാക്കൾ നരകത്തിൽ വീഴാതെ കാക്കപ്പെടുന്നതിനു നമ്മുടെ പ്രാർത്ഥന ഉപകരിക്കുമെന്നു നമുക്കു ന്യായമായി പ്രത്യാശിക്കാം. അതു ഒരു വലിയ ഉപവിപ്രവൃത്തിയല്ലയോ? എങ്കിലും നമ്മുടെ എത്ര കുടുംബങ്ങളിൽ ഈ സുകൃതജപങ്ങൾ ഇപ്പോൾ ചൊല്ലുന്നുണ്ടു്?

ഈയിടെ പത്തറുപതു കുട്ടികളുള്ള ഒരു വേദപാഠക്ലാസ്സിൽ ഇക്കാര്യത്തെക്കുറിച്ചു ചോദിച്ചതിൽ ഒരൊററകുട്ടിയുടെ വീട്ടിൽപ്പോലും ജപമാലയിൽ ഈ പരിഷ്കാരം വരുത്തിയിട്ടില്ലെന്നു വളരെ സങ്കടത്തോടെ മനസ്സിലാക്കാൻ കഴിഞ്ഞു. ഒരാറുമാസമായിട്ടെങ്കിലും, പള്ളിയിലും പള്ളിക്കൂടത്തിലും ഇക്കാര്യത്തെക്കുറിച്ചുപറയുന്നുണ്ടായിരുന്നുതാനും. മററു സ്ഥലങ്ങളിൽ പക്ഷേ ഇതിനെക്കാൾ ഭേദമായിരിക്കും. ഏതായാലും മാതാവു വരുന്നതിനു മുൻപെങ്കിലും നമ്മുടെ എല്ലാ വീടുകളിലും, ഇത്രയും എളുപ്പമുള്ളതും ഉപകാരപ്രദവുമായ നിർദ്ദേശം അനുസരിക്കപ്പെടുമെന്നു പ്രതീക്ഷിക്കുന്നു.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

M. K. Thomas
Mappilakkunnel,
Perembra

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു് കൃതജ്ഞത.

P. V. Michael,
Ernakulam

---




### ക്രിസ്മസ് കേക്കു്

ഒരുറാത്തൽ ഗോതമ്പുമാവു്, രണ്ടുറാത്തൽ പഞ്ചസാര, പത്തു കോഴിമുട്ട, ഒന്നരറാത്തൽ വെണ്ണ, അരറാത്തൽ മുന്തിരിപ്പഴം, അരറാത്തൽ ബദാംപരിപ്പു്, ഒരുതുടംപനിനീരു്, ഒരുതുടംബ്രാൻറി, ഒരു ജാതിക്കായുടെ പകുതി, മൂന്നുരുപാത്തൂക്കം ഓറഞ്ചിൻെറ തോടു്, രണ്ടുരുപാത്തൂക്കം ഇഞ്ചി, അരരുപാത്തൂക്കം ഉപ്പു്, കാൽരുപാത്തൂക്കംവീതം ഗ്രാമ്പു, ഏലം എന്നിവ.

വെണ്ണയും പഞ്ചസാരയും ഒരു പാത്രത്തിലിട്ടു് മർദ്ദിച്ചുയോജിപ്പിക്കുക. അതോടുകൂടി, കോഴിമുട്ടയുടെ വെള്ള നീക്കിവച്ചിട്ടു് ബാക്കിയുള്ളഭാഗം അടിച്ചു കലക്കിച്ചേർക്കുക. പിന്നീടു് ഗ്രാമ്പു, ഏലം, ജാതിക്ക എന്നിവയുടെ പൊടിയും, ഗോതമ്പു്, മുന്തിരിപ്പഴം ഇവ അരച്ചതും, ബദാംപരിപ്പു് ചെറുതായി കഷണിച്ചതും, ഇഞ്ചി നാരങ്ങാതോടു് ഇവ പഞ്ചസാരയിൽ വിളയിച്ചതും, പനിനീർ, ഉപ്പു്, ബ്രാൻറി എന്നിവയും ചേർത്തു് കാൽമണിക്കൂർ സമയം നന്നായി മർദ്ദിക്കുക. അതിനുശേഷം പത്തുമണിക്കൂർ നേരത്തേക്കു് അനക്കാതെ മൂടിവച്ചിരിക്കണം. പിന്നീടു് മുട്ടയുടെ വെള്ള അടിച്ചു പതപ്പിച്ചു അതിൽ ചേർക്കാം. കേക്കുണ്ടാക്കുന്നതിനുള്ള അച്ചിൽ വെണ്ണപുരട്ടിയ കടലാസിട്ടു് അതിൽ പകുതി നിറയെ പാകപ്പെടുത്തി വച്ചിരിക്കുന്ന കുഴമ്പു് ഒഴിച്ചു മീതെയും വെണ്ണ പുരട്ടിയ കടലാസിട്ടു് ബോമ്മയിൽവച്ചു ചുട്ടെടുക്കുക.

വിമർശനവിധി

# ശ്രീ ഐ. എൻ. മേനവന്റെ പ്രസംഗം

നമ്മുടെ ഐക്യസംസ്ഥാന വിദ്യാഭ്യാസഡയറക്ടർ ശ്രീ ഐ. എൻ. മേനോൻ തിരുവനന്തപുരത്തുള്ള വൈ. എം. സി. എ. ആഡിറ്റോറിയത്തിൽ വച്ച് ഈയിടെ ചെയ്ത പ്രസംഗത്തിൽ സമുദായത്തിന്റെ ഉത്ഭവത്തേയും ഉദ്ദേശത്തേയും പുരസ്കരിച്ച് പ്രകാശിപ്പിച്ച അഭിപ്രായങ്ങൾ സുബദ്ധങ്ങളല്ലെന്ന് സവ്യസനം പ്രസ്താവിക്കേണ്ടിയിരിക്കുന്നു.

"ഒരുവന്റെ കുറവുകളെ നികത്തുവാൻ അപരന്റെ കഴിവുകൾ വിനിയോഗിക്കേണ്ടിവരുന്നു. ഇപ്രകാരം പരസ്പര സഹായത്തോടുകൂടി, പരസ്പരം ആശ്രയിഭാവത്തോടുകൂടി മാത്രമേ മനുഷ്യനു ജീവിക്കുവാൻ സാധിക്കുകയുള്ളുവെന്നും വരുന്നു. ഇതു ലോകത്തെവിടെയും കാണുന്ന യാഥാർത്ഥ്യമാണ്. ഈ പരസ്പരാശ്രയിഭാവം നിത്യയാഥാർത്ഥ്യമായി തീർന്നിരിക്കുന്നതുകൊണ്ടാണ് മനുഷ്യൻ ഒരു സാമുദായികജീവിയായി പരിണമിച്ചതു്."

പരസ്പരാശ്രയിഭാവവും സാമുദായികജീവിതവും തമ്മിൽ കാര്യകാരണബന്ധമുണ്ടെന്നുള്ളതു തീർച്ചതന്നെ. എന്നാൽ ഇവരണ്ടിൽ കാരണമേതു്, കാര്യമേതു്? പരസ്പരാശ്രയിഭാവംനിമിത്തം സാമുദായികജീവിതം ഉണ്ടായോ, അല്ലെങ്കിൽ സാമുദായികജീവിതംനിമിത്തം പരസ്പരം ആശ്രയിഭാവം ഉണ്ടായോ? പരസ്പരാശ്രയിഭാവം കാരണവും, സാമുദായികജീവിതം അതിന്റെ കാര്യവുമാണെന്നാണ് പ്രസംഗകന്റെ വാക്കുകളിൽനിന്നു കാണുന്നതു്. എന്നാൽ വാസ്തവം നേരെ മറിച്ചാണുതാനും.

മനുഷ്യൻ ഒരു സാമുദായികജീവിയായിട്ടാണ് ജനിക്കുന്നതുതന്നെ. സാമുദായികജീവിതത്തിനുള്ള വാസന സ്രഷ്ടാവായ ദൈവം അവനിൽ നിക്ഷേപിച്ചിരിക്കയാണ്. മനുഷ്യൻ ജന്മനാതന്നെ പല കുറവുകളോടുംകൂടിയവനാണ്. ആ കുറവുകൾനിമിത്തം ശരീരത്തിലും ആത്മാവിലും പൂർണ്ണമനുഷ്യനായി വികസിക്കുവാൻ അവനെക്കൊണ്ടു തനിച്ചു സാദ്ധ്യമല്ല. ഒരുവനുള്ള കുറവുകൾ മറ്റൊരുവനു ഇല്ലെന്നുവരാം. അപ്പോൾ ആദ്യത്തെ ആളുടെ കുറവുകൾ നികത്തുവാൻ രണ്ടാമത്തെ ആളുടെ കഴിവുകൾ വിനിയോഗിക്കപ്പെടാം. ഇങ്ങനെ പരസ്പരം സഹായിച്ചുകൊണ്ടു, പരസ്പരം ആശ്രയിച്ചുകൊണ്ടു മനുഷ്യർ ജീവിക്കേണ്ടിവരുന്നു. ആ ജീവിതമാണല്ലോ സാമുദായികജീവിതം.

സാമുദായികജീവിതത്തിന്റെ ശരിയായ ഉത്ഭവവും സ്വഭാവവും 13-ാം ലെയോ മാർപ്പാപ്പാ "ഇമ്മൊർത്താലെ ദേയി" (Immortale Dei) എന്ന വിശ്വലേഖനത്തിൽ സംക്ഷേപിച്ചിട്ടുള്ളതിങ്ങനെയാണ്: "മനുഷ്യന്റെ സ്വാഭാവികമായ വാസന സിവിൽ സമുദായത്തിൽ ജീവിക്കുവാൻ അവനെ പ്രേരിപ്പിക്കുന്നു. ഒറ്റതിരിഞ്ഞു ജീവിച്ചാൽ, ജീവിതത്തിനാവശ്യമുള്ളവ തനിക്കു കൈവരുത്തുവാനോ തന്റെ മാനസികവും ധാർമ്മികവുമായ ശക്തികളെ വികസിപ്പിക്കുവാനുള്ള മാർഗ്ഗങ്ങൾ നേടുവാനോ അവനു സാദ്ധ്യമല്ല. തന്മൂലം തന്റെ സമസൃഷ്ടങ്ങളുമായി സംസർഗ്ഗംചെയ്യണമെന്നും മനുഷ്യൻ തന്റെ ജീവിതം നയിക്കുവാനെന്നും ദൈവംതന്നെ നിശ്ചയിച്ചിരിക്കുകയാണ്. ഗാർഹികവും സാമുദായികവുമായ ജീവിതം നയിച്ചെങ്കിൽമാത്രമേ അവന്റെ വിവിധങ്ങളായ ആവശ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കപ്പെടുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ആരെങ്കിലും അധികാരത്തിലിരുന്നുകൊണ്ടു സകല മനുഷ്യരുടേയും പ്രവൃത്തികളെ പൊതുഗുണം പ്രാപിക്കത്തക്കവണ്ണം നയിച്ചാലല്ലാതെ യാതൊരു സമുദായത്തിനും ഐക്യത്തിൽ വർത്തിക്കുവാൻ കഴിയുന്നതല്ല. ആകയാൽ സകലസിവിൽസമുദായത്തിനും ഭരണംനടത്തുന്ന ഒരധികാരി ഉണ്ടായിരുന്നേകഴിയൂ. സമുദായത്തിനെന്നപോലെതന്നെ ഈ അധികാരത്തിനും ഉത്ഭവസ്ഥാനമായിരിക്കുന്നതു് മനുഷ്യപ്രകൃതിതന്നെയാണ്; പ്രകൃതിനാഥനായ ദൈവം തന്നെയാകുന്നു."

ഈ വാക്യങ്ങളിൽനിന്നു സാമുദായികജീവിതത്തിന്റെ ഉത്ഭവം മനുഷ്യനെ സാമുദായികജീവിയായി സൃഷ്ടിച്ച ദൈവത്തിൽനിന്നാണെന്നു കാണാം. സമുദായത്തിലെ സകല അംഗങ്ങളും അവരുടെ സകല പ്രവൃത്തികളും പൊതുഗുണത്തെ ലക്ഷ്യമാക്കി ചെയ്തെങ്കിൽമാത്രം സമുദായത്തിനു നിലനില്പുണ്ടാകുമെന്നതിനാൽ സകലരുടേയും പ്രവൃത്തികളെ പൊതുഗുണത്തെ ലക്ഷ്യമാക്കി നയിക്കുവാൻ അവകാശമുള്ള ഒരധികാരി ഉണ്ടായിരിക്കണമെന്നും കാണാം. സമുദായത്തിനെന്നപോലെതന്നെ അതിന്റെ നിലനില്പിനാവശ്യമായ ഈ അധികാരത്തിന്റെയും ഉത്ഭവസ്ഥാനം ദൈവംതന്നെയാണെന്നും കാണാം.

### റൂസ്സോയുടെ സിദ്ധാന്തം

എന്നാൽ യുക്തിക്കും അനുഭവത്തിനും യോജിച്ചതായ ഈ സിദ്ധാന്തത്തിനെതിരായി മറെറാരു സാമുദായികസി-



For favours received through the intercession of Sr. Alphonsa T. M. J., Kaloor

-ദ്ധാന്തം ജീൻ ജാക്ക് റൂസ്സോ (Jean Jacques Rousseau) എന്നൊരു ചിന്തകൻ നിർമ്മിക്കുകയും "സോഷ്യൽ കൺട്രാക്റ്റ്" (Social Contract) എന്ന പ്രസിദ്ധമായ ഒരു ഗ്രന്ഥം വഴിയായി പ്രചരിപ്പിക്കുകയും ചെയ്തു ഗ്രന്ഥത്തിന്റെ നാമത്തിൽനിന്നുതന്നെ വെളിവാകുന്നതുപോലെ, സാമുദായികജീവിതം മനുഷ്യർതമ്മിലുള്ള ഉടമ്പടിയുടെ ഫലമാണെന്നാണ് അദ്ദേഹം സിദ്ധാന്തിച്ചതു്. മനുഷ്യർ ഒറ്റതിരിഞ്ഞു ജീവിച്ചാൽ ജീവിതാവശ്യങ്ങളെല്ലാം നിർവ്വഹിക്കുവാൻ ഓരോരുത്തനും സാദ്ധ്യമല്ലെന്നു കണ്ടതിനാൽ, പരസ്പരം ആശ്രയിച്ചും സഹായിച്ചും ജീവിക്കാമെന്നു അവർതമ്മിൽ ഉടമ്പടിചെയ്തെന്നും, അങ്ങനെയാണു സാമുദായികജീവിതം ഉത്ഭവിച്ചതെന്നും അദ്ദേഹം പഠിപ്പിച്ചു. ശ്രീ ഐ. എൻ. മേനോന്റെ സാമുദായികസിദ്ധാന്തം റൂസ്സോയുടെ അബദ്ധസിദ്ധാന്തംതന്നെയല്ലേയോ എന്നു സംശയിക്കുവാൻ വഴികാണുന്നില്ലേയോ? മനുഷ്യർതമ്മിലുള്ള പരസ്പരാശ്രയിഭാവത്തിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിച്ചശേഷം "അതുകൊണ്ടാണ് മനുഷ്യൻ ഒരു സാമുദായികജീവിയായി പരിണമിച്ചതു്" എന്നു പറഞ്ഞിരിക്കുന്നതു് ഇതിനു തെളിവല്ലയോ?

റൂസ്സോയുടെ ഈ അബദ്ധസിദ്ധാന്തമാണ് സകലവിധ സ്വേച്ഛാപ്രഭുത്വത്തിന്റെയും ഉത്ഭവത്തിനും പ്രയോഗത്തിനും ആധുനികകാലത്തു വഴിതെളിച്ചതു്. സാമുദായികജീവിതം മനുഷ്യവ്യക്തികൾ പരസ്പരംചെയ്ത ഉടമ്പടിയിൽനിന്നുമാത്രം ഉത്ഭവിച്ചിട്ടുള്ളതാണെങ്കിൽ, സാമുദായികജീവിതത്തിന്റെ നിലനില്പിനാവശ്യകമായ സിവിൽ അധികാരവും മനുഷ്യരിൽനിന്നുമാത്രം ഉത്ഭവിച്ചതാണെന്നുള്ള അനുമാനം സ്വീകരിക്കാതെ കഴിയുകയില്ല. സിവിൽ അധികാരത്തിനു മനുഷ്യർമാത്രമാണ് ആധാരമെങ്കിൽ മനുഷ്യരോടുമാത്രമേ അതു കടപ്പെട്ടിരിക്കുന്നുള്ളു; മനുഷ്യരോടല്ലാതെ മനുഷ്യർക്കുമേലായ യാതൊന്നിനോടും, ദൈവത്തോടും യാതൊരുത്തരവാദിത്വവും സിവിൽ അധികാരത്തിനില്ലെന്നുവരും. ഇതാണല്ലോ ഫാസിസം.

### ഫാസിസം

ഫാസിസത്തെ മുസോലിനി നിർവചനംചെയ്തതു് "രാഷ്ട്രത്തിനുപുറമേയും, രാഷ്ട്രത്തിനുമേലായും യാതൊന്നുമില്ല" എന്നാണ്. ഈ സിദ്ധാന്തത്തിന്റെ വിവിധങ്ങളായ പ്രയോഗങ്ങളാണ് ഇറ്റലിയിലേയും ജർമ്മനിയിലേയും റഷ്യയിലേയും സ്വേച്ഛാധിപത്യത്തിൽ അനുഭവപ്പെട്ടതു്. ഇറ്റലിയിലെ ഫാസിസത്തിൽ സിവിൽ അധികാരത്തിന്റെ ഉത്ഭവം ദേശത്തിൽനിന്നാണ് (Nation) ജർമ്മനിയിലെ ഫാസിസത്തിൽ അഥവാ നാസിസത്തിൽ സിവിൽ അധികാരത്തിന്റെ ഉത്ഭവം ഒരു പ്രത്യേക ജാതിയിൽനിന്നാണ്, (Nordic Race). റഷ്യയുടെ ഫാസിസത്തിൽ അഥവാ കമ്മ്യൂണിസത്തിൽ സിവിൽ അധികാരത്തിന്റെ ഉത്ഭവം ഒരു പ്രത്യേകവർഗ്ഗത്തിൽനിന്നാണ് (Proletariet). മുസോലിനി ദേശത്തിന്റെ നാമത്തിൽ സ്വേച്ഛാധിപതിയായി. ഹിറ്റ്ലർ നോർഡിക് ജാതിയുടെ നാമത്തിൽ സ്വേച്ഛാധിപതിയായി. സ്റ്റാലിൻ തൊഴിലാളിവർഗ്ഗത്തിന്റെ നാമത്തിൽ സ്വേച്ഛാധിപതിയായി. അവരുടെ ഭരണം മുഴുവനും, അവർ ഏർപ്പെടുത്തുന്ന നിയമങ്ങൾ മുഴുവനും, ദേശീയവും അന്തർദ്ദേശീയവുമായ അവരുടെ ബന്ധങ്ങൾ മുഴുവനും അവരുടെ സ്വേച്ഛാധിപത്യത്തിനു മാത്രം കീഴ്പ്പെട്ടു. തന്മൂലം വ്യക്തികളുടേതെന്നപോലെ സമുദായങ്ങളുടേയുംമേൽ അധികാരമുള്ള ദൈവത്തിൽനിന്നും പുറപ്പെട്ടിട്ടുള്ള സന്മാർഗ്ഗനിയമത്തെ ഈ സ്വേച്ഛാധിപതികൾ തിരസ്കരിക്കുകയോ അവഗണിക്കുകയോ ചെയ്തു. അതിന്റെ ഫലമാണ് ഇറ്റലിയിലും ജർമ്മനിയിലും അനുഭവപ്പെട്ടതും, റഷ്യയിലും അതിന്റെ പിടിയിലമർന്നിരിക്കുന്ന രാജ്യങ്ങളിലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നതുമായ സകല മർദ്ദനങ്ങളും കുഴപ്പങ്ങളും.

ഫാസിസം അഥവാ സ്വേച്ഛാധിപത്യം ഡെമോക്രസിഭരണസമ്പ്രദായം സ്വീകരിക്കപ്പെട്ടിരിക്കുന്നതെന്നഭിമാനിക്കുന്ന രാജ്യങ്ങളിലും അനുഭവപ്പെടാറുണ്ട്. ഭൂരിപക്ഷത്തിന്റെ സ്വേച്ഛാധിപത്യമാണതു്. ഈ സ്വേച്ഛാധിപത്യവും റൂസ്സോയുടെ മേൽപ്പറഞ്ഞ സിദ്ധാന്തത്തോടാണ് കടപ്പെട്ടിരിക്കുന്നതു്. ഡെമോക്രസിസമ്പ്രദായത്തിൽ പ്രായോഗികമായി സ്വീകരിക്കുന്നതും സ്വീകരിക്കേണ്ടതുമായ പ്രമാണം ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനു പ്രാധാന്യം നൽകണമെന്നാണല്ലോ. തദനുസരണം ഭൂരിപക്ഷത്തിന്റെ തീരുമാനമായിരിക്കും സിവിലധികാരത്തിന്റെ തീരുമാനം. സിവിൽ അധികാരത്തിന്റെ ഉത്ഭവം ദൈവത്തിൽനിന്നല്ലെന്നും മനുഷ്യരിൽനിന്നും മാത്രമാണെന്നും സമ്മതിച്ചാൽ ഭൂരിപക്ഷത്തിനു് അവരുടെ തീരുമാനം ദൈവനിർദ്ദിഷ്ടമായ സാന്മാർഗ്ഗികതത്വങ്ങൾക്കു് അനുസരണമാണോ എന്നു നോക്കേണ്ട ആവശ്യമേ ഇല്ല. ന്യൂനപക്ഷത്തിന്റെ ന്യായമായ ഏതവകാശങ്ങളേയും ചവുട്ടിമെതിക്കുവാൻ ഭൂരിപക്ഷത്തിനു സാധിക്കും. ആകയാൽ ഫാസിസ്റ്റ് രാജ്യങ്ങളിലെ ഏകവ്യക്തിയുടെ സ്വേച്ഛാധിപത്യത്തിന്നെന്നപോലെതന്നെ, ഡെമോക്രസി രാജ്യങ്ങളിലെ ഭൂരിപക്ഷസ്വേച്ഛാധിപത്യത്തിനും വഴിതെളിച്ചിട്ടുള്ള റൂസ്സോയുടെ അബദ്ധസിദ്ധാന്തമാണ് ശ്രീ ഐ എൻ. മേനോൻ തന്റെ പ്രസംഗത്തിൽ പ്രകാശിപ്പിച്ചിട്ടുള്ളതെന്നു വിചാരിക്കേണ്ടയോ?

## സൗജന്യവിതരണ ഫണ്ട്

| | | |
|---|---|---|
| പൈകട ബ. ചാണ്ടിയച്ചൻ, ഭരണങ്ങാനം. | ക. | 6—0—0 |
| അജ്ഞാതൻ | ക | 3—0—0 |

## സ്വർഗ്ഗം പ്രതിഫലമായുള്ള ആ പ്രവർത്തനം

(2-ാം പേജ് തുടർച്ച)

ണു സഖ്യത്തിനു അഭികാമ്യമായിട്ടുള്ളതു്. ഇതിനെല്ലാം അമൂല്യമായ അനുഗ്രഹങ്ങൾ ലഭിക്കും..." (1852 നവംബർ. 1)

"തന്റെ കഴിവനുസരിച്ചു സഖ്യത്തിലേക്കു പണം കൊടുക്കേണ്ടതു ഓരോ മെമ്പറിന്റേയും ചുമതലയാണ്. എന്നാൽ ഇതു പോരാ, കുറേ സമയവും ചെലവാക്കണം. മിക്കകോൺഫറൻസുകളിലും സാക്ഷാൽ പ്രവർത്തനം നിർവ്വഹിക്കുന്നതു ചിലർ മാത്രമാണ്. ഇവരിലധികവും ജോലിത്തിരക്കും ബദ്ധപ്പാടുകളുമുള്ളവരായിരിക്കും. ഇവരുടെ സന്മനസ്സും തീക്ഷ്ണതയുംകൊണ്ടു മാത്രമാണ് ഇവർ സമയവും സൗകര്യവും കണ്ടെത്തുന്നതു്. എന്നാൽ അംഗങ്ങളിൽ ജോലികുറവുള്ളവരും വൃഥാസമയംപോക്കുന്നവരും ധാരാളമുണ്ട്. പക്ഷേ ഇവരിൽ പലരും കൃത്യനിഷ്ഠയുള്ളവരല്ല; പ്രവർത്തനങ്ങളിൽ നിഷ്കർഷയുള്ളവരല്ല; യോഗങ്ങളിൽ കണിശമായി ഹാജരാകയുമില്ല. ഇവർക്കു ഇവരുടെ നിസ്സാരമായ ലൗകികകാര്യങ്ങളിലും ഉല്ലാസങ്ങളിലും നിന്നൊഴിഞ്ഞു സഖ്യത്തിന്റെ പ്രവർത്തനങ്ങൾക്കു സമയം കാണുകയില്ല. പല കോൺഫറൻസു പ്രസിഡന്റുമാരിൽനിന്നുമുള്ള അറിവാണിതെല്ലാം.

"ആരെയും ഞാൻ പഴിക്കുന്നില്ല. ഓരോരുത്തരോടും യാചിക്കുകമാത്രം ചെയ്യുന്നു, മനസ്സാക്ഷിയെ പരിശോധിക്കുക സമയം എങ്ങനെ ചെലവാക്കുന്നു എന്നു്. കാര്യം വളരെ ഗുരുതരമാണ്. മനസ്സാക്ഷിയെ സമാധാനിപ്പിക്കുന്നതിനും ദൈവതിരുമുമ്പിൽ ഉത്തരിപ്പുകടം ലഘുപ്പെടുത്തുന്നതിനും ഓരോരുത്തരും അവഗാഢം ചിന്തിക്കണം...

"നമ്മുടെ സഹായങ്ങൾ പൂർണ്ണമാകുന്നതിനു അതിൽ നമ്മുടെ ഹൃദയംകൂടി ചേരണം. ഇതിനു നമ്മുടെ മദ്ധ്യസ്ഥനായ വിൻസെന്റു ഡി പോൾ പുണ്യവാനിലും ഉപരിയായ ഒരു മാതൃകയും മനുഷ്യഗണത്തിൽ എനിക്കു ചൂണ്ടിക്കാണിക്കുവാനില്ല. ഹൃദയാവർജ്ജകമായ അദ്ദേഹത്തിന്റെ ജീവിതചരിത്രം ഓരോരുത്തരും വായിച്ചു ഗ്രഹിക്കണം; അതെപ്പററി മനസ്സിരുത്തി ചിന്തിക്കണം. അപ്പോൾ അതിൽ അടങ്ങിയിരിക്കുന്ന വിലതീരാത്തനിധി, യഥാർത്ഥ ക്രിസ്തീയജീവിതത്തിന്റെയും ക്രിസ്തീയ ഉപവിയുടേയും മാഹാത്മ്യം, നിങ്ങൾ ആസ്വദിക്കും. സാധുക്കളുടെ കഷ്ടതയിലുള്ള വെറും വികാരാവേശംകൊണ്ടല്ല ഈ വിശുദ്ധൻ അവരെ ശുശ്രൂഷിച്ചതും സഹായിച്ചതും. ഹൃദയത്തിന്റെ ആഴത്തിൽനിന്നും ഈ ധന്യാത്മാവു് അവരെ സ്നേഹിച്ചു. സഹോദരരേ, നമുക്കു് ഈ പാവനജീവിതത്തെ പഠിക്കാം. അപ്പോൾ നാമും—നമ്മുടെ ഹൃദയവും ആത്മാവും—സാധുക്കളോടുള്ള സ്നേഹാഗ്നിയാൽ എരിഞ്ഞു പ്രശോഭിക്കും. അപ്പോൾ നമ്മുടെ പണം മാത്രമല്ല, സമയമല്ല, ഹൃദയംക്കൂടി അവർക്കായി—ക്രിസ്തുനാഥന്റെ സാധുക്കൾക്കായി—നാം നൽകും." (1st Nov 1859. M. Baudon, President, General Council)

(സമാപ്തം)

## ജൂബിലിവർഷാരംഭം

ജൂബിലിവത്സരത്തിന്റെ ഉൽഘാടനം പ്രമാണിച്ചു് ക്രിസ്തുമസ്സുദിവസത്തിന്റെ തലേനാൾ മദ്ധ്യാഹ്നത്തു ലോകമാസകലം ആഹ്ലാദസൂചകമായി കൂട്ടമണിയടിക്കുന്നതിനും എന്തെങ്കിലും ഭക്തകൃത്യങ്ങൾ നടത്തുന്നതിനും റോമയിലെ ജൂബിലിക്കമ്മിററി നിശ്ചയിച്ചിരിക്കുന്നു. സൗകര്യമുള്ള സ്ഥലങ്ങളിൽ വി. കുർബാന സമർപ്പിക്കുന്നതിനും നിർദ്ദേശമുണ്ട്. ജൂബിലിക്കമ്മിററിയുടെ ഈ നിർദ്ദേശം നിറവേററാൻ നമുക്കു ഉത്സാഹിക്കാം. അതിനായി ഡിസംബർ 24-ാംനു ശനിയാഴ്ച 12 മണിക്കു് എല്ലാ ദേവാലയങ്ങളിലും മണിയടിക്കുകയും സൗകര്യമുള്ള സ്ഥലങ്ങളിൽ വി. കുർബാനയുടെ വാഴ്വു നടത്തുകയും തൽസമയത്തു വിശുദ്ധവത്സരത്തിലെ പ്രാർത്ഥന ചൊല്ലുകയും വേണം.

(എം. മീസ്സം)

# Sathya Deepam

Vol. 23 Ernakulam December 14 1949 No 17


## തിരുപ്പിറപ്പ്

(1-ാം പേജ് തുടർച്ച)

ധാരണ പതിവുപോലെയുള്ള സൂതികർമ്മിണിയുടെ സഹായപരിചരണങ്ങൾ ഒന്നും ഇല്ലായിരുന്നുവെന്ന് ഭിഷഗ്വരസുവിശേഷകനായ ലൂക്കായുടെ വാക്യങ്ങളിൽനിന്ന് നമുക്ക് മനസ്സിലാക്കാം. "മറിയം ശിശുവിനെ പരിവേഷ്ടനാംശുകങ്ങൾകൊണ്ട് പൊതിഞ്ഞ്, പുൽക്കൂട്ടിൽ കിടത്തി." പ്രസൂതതന്നെ ഇതൊക്കെ ചെയ്യുന്നു പറഞ്ഞിരിക്കകയാൽ ഡോക്ടറും മിഡ്‌വൈഫും ഒന്നും ഇല്ലായിരുന്നുവെന്ന് സ്പഷ്ടം. പ്രസൂതിക തന്നെ സൂതികർമ്മിണിയും!

ഒരു സമതലമാണെങ്കിലും കൃഷിക്കും മററും അത്ര പററിയതല്ല ബെത്‌ലഹം. ആട്ടുമാട്ടുകളെ വളർത്താൻ പററിയ ഒരു മേച്ചിൽസ്ഥലമാണതു്. അന്നും ഇന്നും അങ്ങനെതന്നെ. രാത്രിയിൽ ചെറുപററങ്ങളെ അടുത്തുള്ള ഗുഹകളിലും തൊഴുത്തുകളിലും കയററിയടയ്ക്കും. വൻപററങ്ങൾ വെളിയിൽത്തന്നെ ആയിരിക്കും; ഇടയന്മാർ ഉറങ്ങാതിരുന്ന് അവയെ സൂക്ഷിക്കുന്നു. നഗരവാസികളിൽനിന്നും ഒഴിഞ്ഞുമാറി പററങ്ങളോടുമാത്രം അഹോരാത്രം പററിച്ചേർന്നുകഴിഞ്ഞിരുന്ന ഗോപാലന്മാരെപ്പററി വലിയ പുച്ഛമായിരുന്നു പ്രീശന്മാർക്കും നിയമജ്ഞന്മാർക്കും. അലഞ്ഞുതിരിഞ്ഞുള്ള ജീവിതരീതിയും ജലദുർഭിക്ഷതയും അജപാലന്മാരുടെ അശുചിത്വത്തിനു പോഷകമായിരുന്നു. ഇവരെ പ്രീശന്മാരാദിയായവർ വെറുത്തിരുന്നതിൽ അത്ഭുതമില്ലല്ലോ.

## ഏകാന്തധ്യാനം

ഫാത്തിമാമാതാവിന്റെ ആഗമനത്തിന് പ്രാരംഭമായി സ്ത്രീകളെ ഉദ്ദേശിച്ച് ഒരു ഏകാന്തധ്യാനം എറണാകുളം സെന്റ് മേരീസ് കോൺവെന്റിൽവച്ച് 1949 ഡിസംബർ 25-ാം തീയതി വൈകുന്നേരം ആരംഭിച്ച് 29-ാം തീയതി രാവിലെ അവസാനിക്കത്തക്കവിധം നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനത്തിന്റെ അവസാനദിവസം സ്ഥലത്തെത്തുന്ന ഫാത്തിമാതിരുസ്വരൂപം സന്ദർശിച്ച് വണങ്ങുവാൻ പ്രത്യേകം ഏർപ്പാടുചെയ്യുന്നതാണ്. "ധ്യാനഗുരു" റവ. ഫാ. മാത്യു മങ്കുഴിക്കരി. ഭക്ഷണച്ചെലവ് 5 ക. യിൽ കൂടുകയില്ല.

റവ. മദർ സുപ്പീരിയർ
സെന്റ് മേരീസ് കോൺവെന്റ്
എറണാകുളം

എന്നാൽ ദാവീദിന്റെപുത്രൻ അവതീർണ്ണനായപ്പോൾ, സ്വർഗ്ഗദൂതന്മാർ ഇതാ ഈ കന്നുകാലിച്ചെക്കന്മാരെ ആദ്യമായി ആമന്ത്രണം ചെയ്യുന്നു! എന്തൊരു വിസ്മയം!!

രാത്രിയിൽ ആട്ടുമാട്ടുകളെ കാത്തുകിടക്കുന്ന ഇടയന്മാർ ആ പ്രദേശത്തു് കുറവല്ല. പ്രഭാപൂരം ചൊരിഞ്ഞിരുന്ന ദൈവദൂതൻ അവരുടെ മുകളിൽ പ്രത്യക്ഷനാകുന്നു. അവരെല്ലാം വല്ലാത്ത ഭയം. ഇതാ, ആരോ മൗനം ഭഞ്ജിക്കുന്നു. അതേ ആകാശദൂതൻ വായ് തുറന്നു മൊഴിയുകയാണ്: "ഭയപ്പെടേണ്ട; ഒരു മഹാസന്തോഷവാർത്ത നിങ്ങളെ അറിയിക്കാൻ പോകുന്നു; ദാവീദിന്റെ നഗരത്തിൽ രക്ഷകനായ ക്രിസ്തു പിറന്നിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം: പഴന്തുണിക്കീറുകൾ പുതച്ച് കൈയും കാലും കുടഞ്ഞ് പുൽക്കൂട്ടിൽ കിടക്കുന്ന ഉണ്ണിയെ നിങ്ങൾ കാണും." ഉടനെ സ്വർഗ്ഗീയസൈന്യം ഇങ്ങനെ ആലപിച്ചു മധുരസന്ദേശസ്വരത്തിൽ: "ഉന്നതങ്ങളിൽ ദൈവത്തിന് മഹത്വവും ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനവും."

ക്രിസ്തു ജനിച്ച് അധികം കഴിയുന്നതിനു മുമ്പാണ് ഈ സന്ദേശം. ഏതാനും മണിക്കൂറുകളേ കഴിഞ്ഞിട്ടുള്ളൂ എന്നു കാണിക്കുകയാണ് ആഖ്യാനകാരന്റെ ഉദ്ദേശ്യം. യേശു പിറന്നതും ഇടയന്മാർക്ക് ദർശനം ഉണ്ടായതും രാത്രിയിൽ തന്നെ എന്നതു് നിസ്സംശയമാകുന്നു.

മിശിഹാ ജാതനായി എന്ന് ദൈവദൂതന്മാരിൽനിന്നും ഇടയന്മാർ അറിഞ്ഞു. നിരക്ഷരരും അപരിഷ്കൃതരും അനഭ്യസ്തരും ആയിരുന്നതിനാൽ പ്രീശന്മാരുടെ തത്വപ്രസംഗങ്ങളൊന്നും അവർക്ക് അറിഞ്ഞുകൂടായിരുന്നു. എങ്കിലും പാവപ്പെട്ട ഇസ്രായേൽക്കാരെന്ന നിലയ്ക്ക് പ്രതിശ്രുതനായ മിശിഹായെപ്പററി അവർ തലമുറ തലമുറയായി കേട്ടിരുന്നു. മാത്രമല്ല ഇതേക്കുറിച്ച് നിശാവേളകളിൽ അവർ പലതും പറഞ്ഞിരിക്കണം. മാലാഖായുടെ വ്യാഖ്യാപനം കേട്ടപ്പോൾ അവർക്ക് കോരിത്തരിച്ചു. യേശുരാജകിശോരവിരാജിതമായ പാഴ്ക്കുടിൽ—അല്ല രാജധാനി—ദൂതന്മാർ അവരെ ചൂണ്ടിക്കാണിച്ചിരിക്കണം, അടയാളം പറഞ്ഞതിനു പുറമേ. അവർക്ക് നിത്യപരിചയമുള്ള ഗുഹ; പോരെങ്കിൽ പേമാരിയിലും കൊടുംകാററിലും പലപ്പോഴും അഭയദമായിരുന്ന സങ്കേതം. അങ്ങോട്ടുള്ള പോക്കിൽ അവർ സന്തോഷംകൊണ്ട് എത്രകണ്ട് മതിമറന്നിട്ടില്ല!! ശരിതന്നെ. ലൂക്കാ പറയുന്നു അവർ ത്വരയോടെ പോയെന്ന് നിശാമധ്യത്തിലെ യേശുമുഖരാകാശശാങ്കനെ കണ്ടു കൺകുളിർപ്പിക്കാൻ. പരിചിതപൂർവ്വമായ സ്ഥലങ്ങളിലേക്കു പോകുവാൻ, വിശേഷിച്ചും അവിടെ അദ്ഭുതസംഭവങ്ങൾ ഉണ്ടാകുമ്പോൾ, സംജാതമാകുന്ന ഹർഷോന്മേഷം ആയിരിക്കണം ഇടയന്മാരുടെ കാലടികളെ ത്വരിപ്പിച്ചതു്. തങ്ങളുടെ എളിയ ചുററുപാടുകളിൽത്തന്നെ മിശിഹാ പിറന്നുവെന്ന് മാലാഖാ അരുളിച്ചെയ്തപ്പോൾ അവർ ആനന്ദതരളിതരായി പരമസന്തുഷ്ടരായി പരിണമിച്ചു. ഹേറോദേസിന്റെ രാജസൗധത്തിലായിരുന്നു മിശിഹാ ഭൂജാതനായിരുന്നതെങ്കിൽ ഇടയന്മാർക്ക് ഇത്ര ആനന്ദാനുഭൂതി ഉണ്ടാവില്ലായിരുന്നു എന്നു് നിർവ്വിവാദമാണ്.

ഇടയന്മാർ ചുറുചുറുക്കോടെ നടന്ന് ഗുഹാമുഖത്തിൽ എത്തി. മറിയത്തേയും യൗസേപ്പിനേയും പൊന്നുണ്ണിയേയും അവർ കണ്ടു് വണങ്ങി. ആ ദിവ്യപ്രഭയുടെ അലമാലകളിൽ മതിയും മിഴിയും മുങ്ങിയ അവർ യാതൊന്നും ചോദിച്ചില്ല; അന്വേഷിച്ചില്ല. ആ കാരുണ്യപാരാവാരത്തെ ആവോളം പുകഴ്ത്തണമെന്നും, മററുള്ളവരോടും പിറവിയെപ്പററി പറയണമെന്നും വിചാരിച്ചുകൊണ്ട് അവർ അവിടെനിന്നും തിരിച്ചുപോയി. "ഉണ്ണി തന്റെ വദനത്തിൽ വിളങ്ങും വെണ്ണിലാവിനിണയാം മൃദുഹാസം" അവരുടെ കണ്ണിനും കരളിനും സാക്ഷാൽ അമൃതധാരതന്നെ ആയിരുന്നു.

### ജൂബിലിവത്സരത്തിലെ
## ബന്ധവിമോചനങ്ങൾ

I താഴെപറയുന്നവയൊഴിച്ച് മററു യാതൊരു ബന്ധവിമോചനങ്ങളും അവരവർക്കായി നിത്യനഗരത്തിനുപുറമേ പ്രാപിക്കാവുന്നതല്ല. 1 മരണനേരത്തുള്ളതു്. 2 ത്രികാലജപങ്ങൾക്കുള്ളവ 3 നാല്പതുമണിയാരാധനയ്ക്കുള്ളവ. 4 തിരുപാഥേയത്തെ അനുഗമിക്കുന്നവർക്കുള്ളവ. 5 മാലാഖമാരുടെ വി. മറിയത്തിന്റെ ദൈവാലയത്തിലുള്ള പോർസിയുംകുള കപ്പേളയിലെ സന്ദർശനത്തിനുള്ള Toties Quoties· 6 വിശുദ്ധവസ്തുപ്രാർത്ഥനയ്ക്കുള്ളവ. 7 വൈദികമേലധ്യക്ഷന്മാർ നൽകുന്ന ആശീർവ്വാദങ്ങൾക്കുള്ളവ. ശേഷം പൂർണ്ണവും അപൂർണ്ണവുമായ ബന്ധവിമോചനങ്ങൾ മരിച്ചവർക്കുവേണ്ടി കാഴ്ചവയ്ക്കാവുന്നതാണ്; എന്നാൽ ജീവിച്ചിരിക്കുന്നവർക്ക് സ്വന്തമായി അവ സമ്പാദിക്കാവുന്നതല്ല. ജൂബിലിബന്ധവിമോചനങ്ങളും മേൽപ്രസ്താവിച്ച ബന്ധവിമോചനങ്ങളുമല്ലാതെ മററു യാതൊന്നും ആരും പ്രസിദ്ധം ചെയ്തുകൂടാ.

II ജൂബിലിവത്സരത്തിലെ ബന്ധവിമോചനങ്ങൾ പ്രാപിക്കുവാനായി നിത്യനഗരത്തിൽ പോകുവാൻ സാധിക്കാത്ത ചിലർക്ക് ചില നിബന്ധനകളോടുകൂടെ ജൂബിലിബന്ധവിമോചനങ്ങൾ അനുവദിച്ചിട്ടുണ്ട്. അങ്ങനെയുള്ളവരുടെ കൂട്ടത്തിൽ താഴെ പറയുന്നവർ ഉൾപ്പെടുന്നു. 1 സന്യാസിനികളും, നൊവീസിയാത്തുകാരും, അർത്ഥിനികളും, മഠത്തിലെ മററു നിവാസികളും ഭൃത്യരും. 2 നിത്യമായ ആവൃതത്തിനു വിധേയരായ സന്യാസികൾ. ഉദാ. കർത്തൂസിയൻ സന്യാസികൾ. 3 തടവുശിക്ഷ അനുഭവിക്കുന്നവർ. 4 നിത്യനഗരത്തിലേക്കു യാത്രാനുമതി രാഷ്ട്രം നിഷേധിച്ചിട്ടുള്ള സ്ഥലങ്ങളിലെ നിവാസികൾ. 5 എഴുപതുവയസ്സ് തികഞ്ഞവർ. 6 രോഗികളും അവരുടെ ശുശ്രൂഷകരും. 7 ദിവസവും കൂലിവേല ചെയ്തു ജീവിതമാർഗ്ഗം നേടുന്നവർ.

ജൂബിലിബന്ധവിമോചനം ലഭിക്കുവാൻ ഇവർ താഴെ പറയുന്ന കാര്യങ്ങൾ അനുഷ്ഠിക്കണം. 1 മനസ്താപത്തോടെ കുമ്പസാരിക്കണം. 2 വിശുദ്ധ കുർബാന കൈക്കൊള്ളണം. 3 പരിശുദ്ധ പിതാവിന്റെ നിയോഗത്തിനായി, അതായതു്, കത്തോലിക്കാ തിരുസഭയുടെ വളർച്ചയ്ക്കും, തെററുകളുടെ നിവാരണത്തിനും, രാഷ്ട്രങ്ങളും ജനങ്ങളും തമ്മിലുള്ള സമാധാനത്തിനുമായി പ്രാർത്ഥിക്കണം. 4 നിത്യനഗരത്തിലെ നാലു ബസിലിക്കകൾ സന്ദർശിക്കുന്നതിനുപകരം വൈദികാധ്യക്ഷൻ നിശ്ചയിക്കുന്ന കാര്യങ്ങൾ നിറവേററണം. എറണാകുളം അതിരൂപതയിൽ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് താഴെ പറയുംപ്രകാരം നിശ്ചയിച്ചിരിക്കുന്നു:

വി. കുർബാന സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും നാലു പള്ളികൾ ഓരോ പ്രാവശ്യം സന്ദർശിക്കുകയും ഓരോ സന്ദർശനത്തിലും റോമിൽ എത്തുന്ന തീർത്ഥകർക്കു പരിശുദ്ധ പിതാവു നിർദ്ദേശിച്ചിട്ടുള്ളപോലെ നാലു് ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും നാലു നന്മനിറഞ്ഞ മറിയവും നാലു് ത്രിത്വസ്തുതിയും ഒരു പ്രാവശ്യം വിശ്വാസപ്രമാണവും ചൊല്ലണം. ഈ ജപങ്ങളിൽ ഒരു ആകാശങ്ങളിലിരിക്കുന്ന നമസ്കാരവും ഒരു നന്മനിറഞ്ഞ മറിയവും ഒരു ത്രിത്വസ്തുതിയും പരി. പിതാവിന്റെ നിയോഗപ്രകാരം ചൊല്ലേണ്ടതാണ്. ഈ നാലു പള്ളികളും ഒരു ദിവസംതന്നെ സന്ദർശിക്കണമെന്നില്ല. നാലു പള്ളികൾ സന്ദർശിക്കാൻ സൗകര്യമില്ലാത്തവർ വി. കുർബാന സ്ഥാപിച്ചിട്ടുള്ള ഒരു പള്ളിയിൽത്തന്നെ മേല്പറഞ്ഞപോലെ ജപങ്ങൾ ചൊല്ലി പന്ത്രണ്ട് വിസിത്ത കഴിച്ചാൽ മതിയാകും. ഈ പന്ത്രണ്ട് വിസിത്തയും ഒരു ദിവസംതന്നെ കഴിക്കണമെന്നില്ല.

എല്ലാം നിബന്ധനങ്ങളും എത്രപ്രാവശ്യം നിറവേററുന്നുവോ അത്രയും പ്രാവശ്യം ജൂബിലിബന്ധവിമോചനം പ്രാപിക്കാവുന്നതാണ്.

N. B. കൂടുതൽ വിവരങ്ങൾക്കു Acta Apostolicae Sedis Vol XXXI, P 337-349)

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം എന്താകുന്നു?
### IV

ജ്ഞാനസ്നാനത്തിനുശേഷം ചെയ്യപ്പെടുന്ന പാപങ്ങൾക്കു പൊറുതി നല്കുവാൻ ഈശോമിശിഹാ സ്ഥാപിച്ച ഒരു കൂദാശയാണിതു്. ആദ്യകൂദാശയായ മാമ്മോദീസാമൂലം മനുഷ്യാത്മാവു് ജന്മപാപത്തിൽനിന്നും കർമ്മപാപത്തിൽനിന്നും പരിപൂർണ്ണമായും വിശുദ്ധീകരിക്കപ്പെടുന്നു. മാത്രമല്ല അതോടൊപ്പം വിശ്വാസം, ശരണം, ഉപവി എന്നീ ത്രിവിധ ദൈവികപുണ്യങ്ങളാൽ ആത്മാവു് സമലങ്കരിക്കപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥാവിശേഷം ശരിക്കുപയോഗപ്പെടുത്തിയാൽമതി നിത്യജീവിതത്തിലേക്കുള്ള നേർമാർഗ്ഗത്തിൽനിന്നു വ്യതിചലിച്ചുപോകാതെ നോക്കുവാൻ; അധ്യാത്മസ്നാനാവസരത്തിൽ ആത്മനാഥൻ ആത്മാവിനെ സ്നേഹപൂർവ്വം ധരിപ്പിച്ച പ്രസാദവരമാകുന്ന സ്വർഗ്ഗനിർമ്മലമായ അധ്യാത്മവസ്ത്രം കളങ്കമേശാതെ നിത്യവിധിയാളസമക്ഷം ഹാജരാകുന്നതുവരെ കാത്തുരക്ഷിക്കുവാൻ. പക്ഷെ മനുഷ്യന്റെ കൂടപ്പിറപ്പായ ബലക്ഷയത്താലും വികാരാധീനതയാലും അവൻ പാപത്തിലുൾപ്പെടുമെന്നും, പാപമോക്ഷത്തിനൊരുപാധിയേർപ്പെടുത്തിയില്ലെങ്കിൽ നിത്യരക്ഷയിലെത്തിച്ചേരുവാൻ അധികമാരും കാണുകയില്ലെന്നും ത്രികാലജ്ഞനും അനുഗ്രഹമൂർത്തിയുമായ ക്രിസ്തു നേരാംവണ്ണം ഗ്രഹിച്ചു.

ദിവ്യനാഥനു മർത്ത്യരോടുള്ള അനന്തമായ സ്നേഹത്തിന്റേയും ദൈവികമായ ഔദാര്യത്തിന്റേയും മകുടോദാഹരണം ദിവ്യകാരുണ്യസ്ഥാപനത്തിൽ ആർക്കും തെളിഞ്ഞുകാണാം. കുമ്പസാരമെന്ന കൂദാശയിലാകട്ടെ അവിടുത്തെ അളവററ അനുഗ്രഹവും പൈതൃകമായ അനുകമ്പയുമാണ് നാം പ്രത്യക്ഷമായി ദർശിക്കുന്നതു്. ചാവുദോഷംമൂലം ആത്മാവിനു നേരിടുന്ന മരണകരമായ മുറിവുകളും വ്യാധികളും നിഷ്പ്രയാസം സുഖമാക്കുവാനുതകുന്ന ഈദൃശമൊരു വിശിഷ്ടോപാധി അവിടുത്തെ ദൈവികമായ അനുഗ്രഹബുദ്ധി കണ്ടെത്തിയേർപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ, ജ്ഞാനസ്നാനസ്വീകരണാനന്തരം ഗുരുതരമായ പ്രമാണലംഘനത്താൽ ദൈവത്തെ ദ്രോഹിപ്പാനിടവരുമെന്ന ആത്മാക്കളുടെ സ്ഥിതി എന്താകുമായിരുന്നു! പാപസങ്കീർത്തനം കപ്പൽച്ചേതത്തിനുശേഷം രക്ഷപെടാനുള്ള രണ്ടാമത്തെ പലകയാണെന്നു സഭാപിതാക്കന്മാർ പ്രസ്താവിച്ചിട്ടുള്ളതു സാരഭൂയിഷ്ഠമാണ്. പൂർവ്വകാലത്തു കപ്പലപകടത്തിൽപെട്ടവർക്കു ഒരേ ഒരു രക്ഷാമാർഗ്ഗമേയുണ്ടായിരുന്നുള്ളൂ—വല്ല പലകമേലും പിടിച്ചുകിടക്കുക. സാർവ്വത്രികമായ പാപപ്രളയത്തിൽപ്പെട്ടു മുങ്ങിപ്പോകാതെ കരയ്ക്കുകയറുവാൻ നമ്മെ സഹായിക്കുന്ന ഒന്നാമത്തെ പലകയാണു മാമ്മോദീസാ. രണ്ടാമതും പാപക്കടലിൽ നിപതിച്ചുപോയാലോ? ആഗ്രഹമുള്ള ആർക്കും പിടിച്ചുകയറി രക്ഷപ്പെടുവാൻ പാപസങ്കീർത്തനമെന്ന പലക സദാസ്വാധീനത്തിലുണ്ട്. അത്തരമൊരു പലക അടുത്തുണ്ട്; യഥേഷ്ടം പിടിച്ചുകയറി കരപററുകയും ചെയ്യാം. എന്നുവെച്ചു കടലിൽ എടുത്തു ചാടണമെന്നല്ല അർത്ഥം. നിർഭാഗ്യവശാൽ കാററിലും കോളിലും പെട്ടു നിലതെററി അധഃപതിച്ചാലും നൈരാശ്യത്തിനടിപ്പെടേണ്ടതില്ല എന്നു മാത്രം. നോട്ടക്കുറവുകൊണ്ടോ പകപ്പുകൊണ്ടോ തളർച്ചകൊണ്ടോ പാപക്കയത്തിലാണ്ടുപോയാലും, കൃപാവരസമ്പാദനംമൂലം കരകയറാനുള്ള ഒരെളുപ്പവഴി കാരുണ്യമൂർത്തിയായി ക്രിസ്തു നമുക്കു തുറന്നുതന്നിട്ടുണ്ട്—കുമ്പസാരമെന്ന കൂദാശ. തദ്വാരാ നഷ്ടപ്പെട്ട ഈശ്വരമൈത്രി പുനഃപ്രാപിപ്പാനും, ജ്ഞാനസ്നാനവേളയിലെ നൈർമ്മല്യത്തോടുകൂടിയല്ലെങ്കിലും, ദിവ്യചെമ്മരിയാട്ടിൻകുട്ടിയുടെ രക്ഷാകരരക്തംകൊണ്ടു കഴുകി ശുദ്ധിയാക്കിയെടുത്ത ആത്മാവോടുകൂടി നിത്യവിധിയാളസമക്ഷം ഹാജരാകുവാനും നമുക്കു സാധിക്കും. ആകയാൽ യൂദാസിനെപ്പോലുള്ള കൊടുംപാപികൾ പോലും അശരണരാകേണ്ടതില്ല.

പി. കെ.


## നിങ്ങളുടെ ആരോഗ്യം

സുരക്ഷിതമായിരിക്കുവാൻ, രോഗബാധകൂടാതെ ജീവിക്കുവാൻ സുഖാനന്ദകല്പം ബുക്ക് വായിക്കുക. എല്ലാവർക്കും ഇനാമായിട്ടയക്കും.

ദിവ്യൗഷധശാല, മണലൂർ, C. T. U.



*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam